(ശ്രീ. ബേബിജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടിറങ്ങിപ്പോയി).

ശ്രീ. കെ. ജെ. ജോർജ്: ചർച്ച ആവശ്യപ്പെട്ടാൽ അനുവദിക്കാതിരിക്കുന്നത് ശരിയല്ല.....ബഹളം.....

മി. സ്പീക്കർ: അങ്ങേക്ക് വാക്കൗട്ട് നടത്താനുള്ള അവകാശം ഉണ്ട്, വാക്കൗട്ട് നടത്തുകയാണെന്നുമാത്രം പറഞ്ഞാൽമതി.

ശ്രീ. കെ. ജെ. ജോർജ്: ഇത് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ജെ. ജോർജും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടിറങ്ങിപ്പോയി).

VII. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1985-ലെ കേരള ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭങ്ങൾ (സംരംഭങ്ങൾ വിലക്കെടുക്കലും കൈമാറ്റംചെയ്യലും) ബിൽ (തുടർച്ച)

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, കഴിഞ്ഞ തവണ ഈ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ മാനേജ്മെന്റ് ഏറ്റെടുക്കുന്നതിനു മുൻപുള്ള കാലഘട്ടത്തിലേക്ക് .....(ബഹളം).....

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഒരു പോയന്റ് ഓഫ് ഓർഡർ ബഹുമാനപ്പെട്ട തച്ചടി പ്രഭാകരനും എം. എം. ഹസ്സനും മുഖ്യമന്ത്രിയെ പിൻതുണയ്ക്കാൻ എന്നു പറഞ്ഞുകൊണ്ട് ഈ അമിതമായ ആവേശം കാണിക്കുന്നത് നടുത്ത ഇലക്ഷൻ കണ്ടുകൊണ്ടാണോ? ഇതു ഓർഡറിലാണോ? .....(ബഹളം).....

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ച കഴിഞ്ഞ ദിവസം നടക്കുമ്പോൾ, മാനേജുമെന്റ് ഏറ്റെടുത്തതിനു ശേഷം, പീഡിതവ്യവസായത്തിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട പ്രൊവിഡന്റുഫണ്ടും ശമ്പളവും അതിനെ സംബന്ധിച്ച് മുൻപുള്ള മാനേജ്മെന്റിനു കൊടുക്കുന്ന കോമ്പൻസേഷനിൽ ഫസ്റ്റ് ചാർജ് ആയിരിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായവകുപ്പു മന്ത്രിയും പറഞ്ഞത്. അതുശരിയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മെമ്പർ പീഡനത്തെക്കുറിച്ചാണോ സംസാരിക്കുന്നത്. സർ, ഒരു ലൈൻമാൻ സേവ്യറെ ശ്രീ. ഉമ്മർപാണ്ടിയും കൂട്ടുകാരും കൂടി പിടിച്ച് കോട്ടയം ഗസ്റ്റ്ഹൗസിൽ കൊണ്ടുപോയി പീഡിപ്പിച്ച വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ വി. ജെ. തങ്കപ്പൻ: അങ്ങനെ പീഡിപ്പിച്ചതായി പത്രത്തിൽ കണ്ടു. അതിനെക്കുറിച്ച് സി. ബി. ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: കേന്ദ്ര കാബിനറ്റ് തീരുമാനിച്ചപ്പോൾ ശ്രീ. കൃഷ്ണകുമാറിനെ മന്ത്രിയാക്കിയതിൽ പീഡിതരായിട്ടുള്ള (എ) കോൺഗ്രസുകാർ ഇന്നീ സഭയിൽവന്ന് പ്രതിപക്ഷത്തോട് ഇങ്ങനെ കാണിക്കുന്നതിൽ വല്ല അർത്ഥവും ഉണ്ടോ ?

ശ്രീ. വി. ജെ തങ്കപ്പൻ: അരുൺസിങ്ങും, അരുൺനെഹ്റുവും ഭരിക്കുന്ന രാജ്യത്ത് ഒരു ബ്യൂറോക്രാറ്റിനെയല്ലാതെ ആരെ മന്ത്രിയാക്കാൻ കേന്ദ്രഗവൺമെൻറിനു സാധിക്കും ?

തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ചും, പി. എഫ്. നെക്കുറിച്ചും ഒക്കെ ഫസ്റ്റ് ചാർജായി രണ്ടാംഷെഡ്യൂളിൽ ഒന്നാമതായി കൊടുത്തിട്ടുണ്ടെന്നു പറയുന്നത് ശരിയാണ്. വകുപ്പ് 13 (3)—ൽ നമ്മുടെ സംസ്ഥാനത്തെ കോടതികളെ നിയമം വ്യാഖ്യാനിക്കുന്നതിൽനിന്നും, അതുപോലെത്തന്നെ തൊഴിലാളികൾക്കനുകൂലമായി ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രയോഗത്തിൽ വരുത്തുന്നതിൽനിന്നും നിരോധിച്ചിരിക്കുന്നു. കോടതികളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിൻറെ സമീപനമിതാണ്. അദ്ധ്വാനിക്കുന്നവനു അനുകൂലമായി നിയമം വ്യാഖ്യാനിക്കുന്നതിനെ കോടതികൾ നിരോധിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ; നിയമസഭയെ റബ്ബർസ്റ്റാമ്പാക്കി മാറ്റുന്നതുപോലെ ഈ രാജ്യത്തെ നീതിന്യായപീഠത്തെ അവഹേളനപാത്രമാക്കിമാറ്റുന്ന നടപടിക്രമത്തിലേക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അദ്ദേഹം നേതൃത്വം വഹിക്കുന്ന ഗവൺമെൻറും ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നു ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. വി. ജെ. തങ്കപ്പൻ: അതിലേക്കാണ് ഞാൻ വരുന്നത്. നമ്മുടെ സംസ്ഥാനത്ത് കോടതി എന്നു പറഞ്ഞാൽ കോടതി അലക്ഷ്യം എന്നു വ്യാഖ്യാനിക്കും. ഇവിടെ കോടതിയെക്കുറിച്ച് ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞത്, ഇലക്ട്രിസിറ്റിയുടെ വികസനത്തിന് കോടതിയുടെ വിധികൾ തടസ്സമാണെന്നാണ്. അപ്പോൾ കോടതി അലക്ഷ്യമായി അതിനെ ആരും വ്യാഖ്യാനിച്ചിട്ടില്ല. അതുപോലെതന്നെ ഡെപ്യൂട്ടി മുഖ്യമന്ത്രി ശ്രീ. നഹ കോടതിയെക്കുറിച്ച് പറഞ്ഞപ്പോൾ അതു കോടതി അലക്ഷ്യമാണെന്നോ, കോടതിയുടെ പരിപാവനതയെ ചോദ്യം ചെയ്യുന്നതാണെന്നോ ആരും പറഞ്ഞില്ല. പല കോടതിവിധികളെക്കുറിച്ചും ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി അസഹിഷ്ണതയോടുകൂടി പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഫിലിപ്പൈൻസ് രാജ്യത്തെ ഇമൽഡയും അവരുടെ ഭർത്താവ് മാർക്കോസുംകൂടി ഫിലിപ്പൈൻസ് ഹൈക്കോടതിയെ അവരുടെ വരുതിക്കുനിറുത്തി അവർ കൊടുക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് ഹൈക്കോടതിയെക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

സർ, നമ്മുടെ സംസ്ഥാനത്ത് കോടതികളെ കോൺഗ്രസ് (ഐ)യുടെ ജില്ല കമ്മിറ്റി ഓഫീസുകളാക്കി മാറ്റാനുള്ള ശ്രമം നിഗൂഢമായി നടത്തിക്കൊണ്ടിരിക്കുകയാണ്. കോടതികളെ സ്വന്തമായി വരുതിയിൽ നിറുത്താൻവേണ്ടി ശ്രമിക്കുമ്പോൾ അതിനെതിരായി ശബ്ദിക്കുന്നത് കോടതിയലക്ഷ്യമായി വ്യാഖ്യാനിക്കുന്നത് ശരിയല്ല. കോടതിയെ സ്വന്തം വരുതിക്കു നിറുത്താൻ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: രാവിലെ 6.55-ന് ഐ.എൻ.ടി.യു.സി. സെക്രട്ടറി ശ്രീ. പി. എസ്. ജോണും സേവ്യർ എന്നു പറയുന്ന ലൈൻമാനുംകൂടി കോട്ടയം റെയിൽവേസ്റ്റേഷനിൽ നിന്നും ട്രെയിൻ കയറി 9.55-ന് തിരുവനന്തപുരം റെയിൽവേസ്റ്റേഷനിൽ ഇറങ്ങിയപ്പോൾ ഒരു നമ്പർപ്ലേറ്റ് ഇല്ലാത്ത കാറിൽ കയറ്റി ഏതോ അജ്ഞാതമായ സ്ഥലത്തേക്ക് അവരെ കൊണ്ടുപോയി എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. പി. ജെ. തങ്കപ്പൻ: അത് നടന്ന സംഭവമായിട്ടാണ് അറിയുന്നത്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്:) ബില്ലിന്റെ പ്രൊപ്പോസിഷനിൽ ഇതൊന്നും വരുന്നില്ല. അതുമായി ബന്ധപ്പെട്ട കാര്യങ്ങളല്ലേ പറയേണ്ടത്.

(ബഹളം)

കോട്ടയത്തും ചെങ്ങന്നൂരും രണ്ടുമില്ലുകളാണുള്ളത്. അവിടെനിന്നും ആളുകൾ എന്തിനാണ് പുറപ്പെടുന്നതെന്നറിയില്ല.

ശ്രീ ടി. എച്ച്. മുസ്തഫ: ബില്ലിന്റെ ചർച്ചനടക്കുമ്പോൾ അതിന്റെ പരിധിയിൽ നിന്നുകൊണ്ടുചർച്ചചെയ്യണം എന്നുള്ളതാണ് വ്യവസ്ഥ. അതിനുവിരുദ്ധമായി ലൈൻമാൻ ട്രെയിനിൽ കയറിയതും ലൈൻമാൻ റെയിൽവേസ്റ്റേഷനിൽ ഇറങ്ങിയതും ലൈൻമാൻ കാറിൽ കയറിയതും ഒക്കെ ഈ ബില്ലിന്റെ ചർച്ചയിൽ ഉൾപ്പെടുത്തുന്നത് ഓർഡറിലാണോ സർ.

ശ്രീ. വി. ജെ. തങ്കപ്പൻ: ഞാൻ ബില്ലിന്റെ പരിധിക്ക് അകത്തു നിന്നുകൊണ്ടുതന്നെയാണ് സംസാരിക്കുന്നത്. ഈ ബില്ലിൽ 13-ാം വകുപ്പിന്റെ മൂന്നാം ഉപവകുപ്പിൽ അദ്ധ്യാനിക്കുന്നവന്റെ അവകാശങ്ങൾ ഒരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലെന്നുപറഞ്ഞിട്ടുണ്ട്. കോടതിയെ പൂർണ്ണമായി ഈ രംഗത്തുനിന്ന് ഒഴിവാക്കിക്കൊണ്ടുള്ള ഒരു ബില്ലാണിത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: കോടതി എന്നുള്ളത് ഈ ബില്ലിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള കാര്യം മുസ്തഫ വായിച്ചിട്ടില്ല. ചോദ്യം ഇതാണ്. ഇൻഡ്യയിലുള്ള ഒരു പൗരനെ, പ്രത്യേകിച്ച് ഒരു ജീവനക്കാരനെ ഇങ്ങിനെ അന്യായമായി തടങ്കലിൽവെക്കുന്നത് കിഡ്നാപ്പിംഗ് ആണ്. അത് നടത്തിയ ആളുകളുടെ പേരിൽ എന്തു നടപടി ഈ ഗവൺമെന്റ് എടുക്കുന്നു എന്നുള്ളതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: ഇൻഡ്യൽ എക്സ്പ്രസ്സിൽ വന്ന വിവരം പരിശോധിച്ചാൽ കിഡ്നാപ്പിംഗ് നടന്നിരിക്കുന്നു. ഞാൻ ഈ ബില്ലിന്റെ പരിധിക്കകത്താണ് നിൽക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മെമ്പർ ടെലഫോൺ ചെയ്തതിനെക്കുറിച്ച് പറഞ്ഞല്ലോ. മുഖ്യമന്ത്രിയുടെ വീട്ടിൽനിന്ന് രാധാകൃഷ്ണമേനോനെ ടെലിഫോൺ ചെയ്തു എന്നുള്ള വിവരം ആ സമയത്ത് മുഖ്യമന്ത്രിയുടെ വീട്ടിൽ ഉണ്ടായിരുന്ന രണ്ടു എം. എൽ. എ. മാരാണ് ചോർത്തിക്കൊടുത്തത് എന്ന് പത്രത്തിൽ വന്ന വാർത്ത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: ആ വാർത്തയും ശരിയായിരിക്കാം. ഈ ആക്ററ് പ്രകാരമോ അഥവാ തൽസമയം പ്രാബല്യത്തിലുള്ള മറെറ തെങ്കിലും നിയമപ്രകാരമോ ഉള്ള ഏതെങ്കിലും നഷ്ടപരിഹാരത്തിന് ഇങ്ങനെയുള്ള ഉദ്യോഗസ്ഥനേയോ മറ്റു ജീവനക്കാരനെയാ അർഹനല്ലാതാക്കുന്നതും ഇപ്രകാരമുള്ള യാതൊരു അവകാശവാദവും ഏതെങ്കിലും കോടതിയോ (ബഹുമാനപ്പെട്ട ഹൈക്കോടതി ഇതിനകത്തുവരും) ട്രൈബൂണലോ മറെറാരധികാര സ്ഥാനങ്ങളോ സ്വീകരിക്കാൻ പാടില്ലാത്തതും ആകുന്നു. അതാണ് കോടതിയെക്കുറിച്ചുള്ള എന്റെ പരാമർശം. കുറേ അവകാശങ്ങളും നമുക്കുണ്ട്. അദ്ധ്വാനിക്കുന്നവന് അവകാശമുണ്ട്. ഒരു പൗരന് അവകാശമുണ്ട്. എം. ജി. ഒ. ക്ക് അവകാശമുണ്ട്. അദ്ധ്യാപകന് അവകാശമുണ്ട്. ഇങ്ങനെ സകല വിഭാഗം ആളുകൾക്കും അവകാശമുണ്ട്. ടെലിഫോൺജീവനക്കാരനും അവകാശമുണ്ട്. കിഡ്നാപ്പ്ചെയ്തു കോട്ടയത്ത് കൊണ്ടു പായിരിക്കുന്നവനും അവകാശം ഉണ്ട്. ഈ അവകാശങ്ങളും എല്ലാം ഉള്ളപ്പോൾ .....

ശ്രീ. എ. വി. താമരാക്ഷൻ: റിട്ടയേർഡ് ജസ്റ്റിസ് സുബ്രഹ്മണ്യൻ പോറ്റിയും റിട്ടയർഡ് ജസ്റ്റിസ് ചന്ദ്രശേഖരമേനോനും മുഖ്യമന്ത്രി ഹൈക്കോടതി ജഡ്ജിയെ സ്വാധീനിക്കാൻ ശ്രമിച്ചതുവഴി ഹൈക്കോടതിയുടെ പരിപാവനതയും ആകെ തകർത്തിരിക്കുന്നു എന്ന് കൊച്ചിയിൽ വച്ചു പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. വി. ജെ. തങ്കപ്പൻ: ഈ വകുപ്പിനെക്കുറിച്ച് സംസാരിക്കുമ്പോൾ അതുമാത്രമാണ് പ്രധാനമായിട്ട ഞാൻ ഉന്നയിക്കുന്ന കാര്യം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഈ സഭയിൽ അംഗങ്ങൾക്ക് സംരക്ഷണം ഉണ്ട്. ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്നത് കോടതിയുടെ പ്രവർത്തനത്തേയോ അന്തസ്സത്തയെയോ ഈ സഭയിൽ പരാമർശിക്കാൻ പാടുള്ളതല്ല എന്നാണ്. കോടതിയുടെ അന്തസ്സും പരിപാവനതയും കാത്തുസൂക്ഷിക്കേണ്ടത് ഈ സഭയുടെകൂടി ചുമതല ആയതുകൊണ്ട് സഭ നേതാവ് എന്നുള്ള നിലയിൽ തന്നെ ഞാൻ പറയുകയാണ്, ഇത്തരം പരാമർശനങ്ങളും അനുവദിക്കുന്നത് നിർഭാഗ്യകരമാണ്. കോടതിയെ പ്രൊട്ടക്ട് ചെയ്യേണ്ട ചുമതല സഭയ്ക്കാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആ ഒബ്സർവേഷനോട് 100 ശതമാനം യോജിക്കുന്നവനാണ് ഞാൻ. ഹൈക്കോടതിയുടെയും താഴെ അറേത്തുള്ള മജിസ്ട്രേറ്റുകോടതി വരെയുള്ള കോടതികളുടെയും അന്തസ്സും അഭിമാനവും പരിപാവനതയും കാത്തു സൂക്ഷിക്കണം നമ്മൾ ഉൾപ്പെടെയുള്ള ആളുകൾ എന്നു വാദിക്കുന്നവനാണ് ഞാൻ. പക്ഷേ കോടതിയെ ഞാൻ സ്വാധീനിച്ചാൽ ഞാൻ കോടതിയെ സ്വാധീനിക്കുന്നു എന്ന് എന്റെ സുഹൃത്ത് കോടിയേരിക്കു പറഞ്ഞുകൂടേ ?

ശ്രീ. കെ. കരുണാകരൻ: സഭയ്ക്കു പുറത്തുവെച്ചു പറഞ്ഞാൽ അത് കോടതി അലക്ഷ്യമാണ്.

ശ്രീ. ബേബിജോൺ: കോടതിയെ സ്വാധീനിക്കാൻ എക്സിക്യൂട്ടീവിന്റെ ഭരണാധികാരി ശ്രമിക്കുന്നു എന്നുപറഞ്ഞാൽ അത് എങ്ങിനെയാണ് കോർട്ടലക്ഷ്യം ആകുന്നത് എന്നെനിക്ക് മനസിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഒരു ജഡ്ജിയുടെയോ ഒരു കോടതിയുടെയോ പ്രത്യേകമായ കോൺഡക്ടിനെക്കുറിച്ചല്ല പറയുന്നത്. അങ്ങിനെ വരുമ്പോഴാണ് അത് കോർട്ടലക്ഷ്യമോ പറയാൻ പാടില്ലാത്തതോ ആകുന്നത്. ഈ സഭയിൽ എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിമർശിക്കുന്ന അവസരത്തിൽ അതിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്ന അവസരത്തിൽ കോടതിയെപ്പോലും സ്വാധീനിക്കാൻ ഭരണാധികാരികൾ ശ്രമിക്കുന്നുഎന്നുപറയുന്നത് എവിടെയാണ് കോർട്ടലക്ഷ്യമാകുന്നത്? അത് ഈ സഭയ്ക്ക് അവകാശപ്പെട്ടതാണ്.

ശ്രീ കെ. കരുണാകരൻ: കോടതിയെ സ്വാധീനിക്കുന്നു എന്നുള്ളത് സഭയ്ക്ക് ചൂണ്ടിക്കാണിച്ചുതന്നാൽ അത് തെളിയിക്കേണ്ട ബാദ്ധ്യത ഉണ്ടാകും. കോർട്ടലക്ഷ്യത്തിന് കേസ്കൊടുക്കും. പക്ഷേ ഈ സഭയിൽ പറഞ്ഞാൽ കോർട്ടലക്ഷ്യത്തിന് കേസുകൊടുക്കാൻ പറ്റുകയില്ല.

ശ്രീ. ബേബി ജോൺ: ഈ സഭയ്ക്കു മുന്നിൽ കൊണ്ടുവന്നിരിക്കുന്നത് സംസ്ഥാനത്തിന്റെ ഭരണത്തലവൻ, മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മുഖ്യമന്ത്രി പദം എന്നുള്ള ആ സ്വാധീനം ഉപയോഗിച്ചുകൊണ്ട് ഏറ്റവും ഉന്നതമായ ജ്യൂഡീഷ്യറിയെ സ്വാധീനിക്കാൻ ശ്രമിച്ചു എന്നുള്ള ആക്ഷേപമാണ്. ഞങ്ങൾ ഇത് എവിടെയാണ് പറയേണ്ടത്. ഇന്ന് സേവ്യറിനെ കണ്ടില്ലെന്നു പറയുന്നു സർ. അദ്ദേഹം എവിടെപ്പോയി എന്നുചോദിക്കേണ്ടത് ഞങ്ങളുടെ അവകാശമാണ്. അതിൽ കോർട്ടലക്ഷ്യമില്ല. എക്സിക്യൂട്ടീവ് കോടതിയെ സ്വാധീനിക്കാൻ ശ്രമിക്കുന്നു എന്നുള്ളതാണ് ഞങ്ങളുടെ പരാതി.

ശ്രീ. വി. ജെ. തങ്കപ്പൻ: ഇവിടെ പ്രധാനപ്പെട്ട ചർച്ചാവിഷയം ബില്ലിലെ 13-ാം വകുപ്പിലെ മൂന്നാമത്തെ ഉപവകുപ്പാണ്

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞത് പ്രസ്കൃതിയ ഒരു പോയിന്റാണ്. അദ്ദേഹം പറഞ്ഞത്, കോർട്ടലക്ഷ്യം എന്നുവച്ചാൽ കോടതിയെ സംബന്ധിച്ച് എന്തെങ്കിലും കോടതിയിൽ കൊടുക്കണം എന്നാണ്, കോടതി അലക്ഷ്യം എന്ന നിയമത്തിൽ വ്യക്തിക്കെതിരെയിട്ട് മാത്രമല്ല കോടതിയെ സംബന്ധിച്ച് എന്തെങ്കിലും ഉണ്ടെങ്കിലും കോടതിയിൽ കൊടുക്കാം. ആ നിലക്ക് വല്ലതും നിങ്ങൾക്ക് കോടതിയിൽ പോകണം എന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഒരു പോയിന്റ് ഓഫ് ഓർഡർ. ശ്രീമാൻ അഹമ്മദ് പറഞ്ഞ കാര്യമല്ല ഞാനിവിടെ പറയാൻ ഉദ്ദേശിച്ചത്. കോർട്ടലക്ഷ്യം എന്നു പറഞ്ഞാൽ അത് തീരുമാനിക്കേണ്ടത് കോടതിയാണ്. ഇന്നു കേരളത്തിൽ നടക്കുന്നതെന്താണ്? അഡ്വക്കേറ്റ് ജനറലിന് നോട്ടീസ് അയച്ചിരിക്കുന്നു, രേഖ ഹാജരാക്കിയിരിക്കുന്നു. അതിനു അധികാരമില്ല. ഈ ഗവൺമെന്റ് സ്വാധീനിച്ച് അഡ്വക്കേറ്റ് ജനറലിനെക്കൊണ്ട് പേപ്പറുകൾ ഉദ്യോഗസ്ഥന്മാരോട് രേഖ ഹാജരാക്കാൻ പറഞ്ഞിരിക്കുന്നത് ഏതു നിയമപ്രകാരമാണ്?

ശ്രീ. വി. ജെ. തങ്കപ്പൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹൈക്കോടതിയെ സ്വാധീനിച്ചോ ഇല്ലയോ എന്നുള്ളതല്ല ഇവിടത്തെ കാസ്റ്റിങ്, നമ്മുടെ സംസ്ഥാനത്തായാലും പൊതുവേ ഇന്ത്യയിലായാലും എക്സിക്യൂട്ടീവ് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ജുഡീഷ്യറിയെ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്നു. അങ്ങനെ ശ്രമിക്കുമ്പോൾ സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ആളുകളും മിണ്ടാതെ കൈയുംകെട്ടി നോക്കിനിൽക്കണമെന്നാണോ? അങ്ങനെ ശ്രമിക്കുമ്പോൾ അതിനെതിരായി ശബ്ദിക്കാനും അതിനെതിരായി പെതുജനാഭിപ്രായം പൊന്തിച്ചുകൊണ്ടുവരാനുമുള്ള ചുമതല ഈ സംസ്ഥാനത്തെ ജനാധിപത്യവിശ്വാസികൾക്കുള്ളതല്ലേ? അതുകൊണ്ടാണ് പറഞ്ഞത്. സംസ്ഥാനത്തെ കോൺഗ്രസ് ('ഐ') പാർട്ടിയുടെ ജില്ലാകമ്മിറ്റി ഓഫീസായും സംസ്ഥാനകമ്മിറ്റി ഓഫീസായും ജുഡീഷ്യറിയെ, കോടതിയെ തരംതാഴ്ത്താൻ ശ്രമിക്കുന്ന ശ്രമത്തെ അതിശക്തിയായി ഞങ്ങളും എതിർക്കും അതിന്റെ മാഗമായിട്ടാണ് ഈ ബില്ലും വരുന്നത്. അതല്ലാതെ ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. കോടതികളെയെല്ലാം എക്സിക്യൂട്ടീവിന്റെ അധികാരപരിധിയിൽനിന്നും മാറ്റിനിറുത്തി എക്സിക്യൂട്ടീവ് എന്ത് മര്യാദകേട് കാണിച്ചാലും.....

ശ്രീ. എ. വി. താമരാക്ഷൻ: നമ്മുടെ റിട്ടയേർഡ് സുപ്രീംകോടതി ജഡ്ജി ശ്രീ. സുബ്രഹ്മണ്യം പോറ്റിയും റിട്ടയർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ചന്ദ്രശേഖരമേനോനും ഇന്നലെ എറണാകുളത്ത് അഭിഭാഷകർ വിളിച്ചുകൂട്ടിയ ഒരു സമ്മേളനത്തിൽ ഈ ജുഡീഷ്യറിയെ എക്സിക്യൂട്ടീവ് സ്വാധീനിക്കുന്നത് ആപത്കരമാണെന്നും അത് ജുഡീഷ്യറിയുടെ പരിപാവനതയെ തകർക്കുന്നതാണെന്നും കേരളത്തിൽ അടുത്തകാലത്തുണ്ടായ സംഭവത്തെപ്പറ്റി അന്വേഷിക്കേണ്ടതാണെന്നും പറഞ്ഞത് കോർട്ടലക്ഷ്യമാണോ?

ശ്രീ. പി. ജെ. തങ്കപ്പൻ: ഒരു കാരണവശാലും അത് കോർട്ടലക്ഷ്യമാവുകയില്ല.

(ബഹളം)

ബില്ലിലെ 13 (3) —ലാണ് ഞാൻ നിൽക്കുന്നത്. 13 (3) ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി കൊണ്ടുവന്ന ഒരു ഒറ്റപ്പെട്ട സംഭവമല്ല. ഇത് ഈ ഗവൺമെന്റിനെ സംബന്ധിച്ച് പ്രത്യേകിച്ച് ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഘടകകക്ഷിയായ കോൺഗ്രസ് ('ഐ') പാർട്ടിയെസംബന്ധിച്ച്, ഇന്ത്യ ഭരിക്കുന്ന പാർട്ടിയെസംബന്ധിച്ച് ഇന്ത്യാഗവൺമെന്റിന്റെ സ്വാധീനവും സംസ്ഥാന ഗവൺമെന്റിന്റെ സ്വാധീനവുമെല്ലാം ഉപയോഗിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ജുഡീഷ്യറിയെ ഒരു വേസ്റ്റുബാസ്കറ്റ് അതോറിറ്റിയുടെ ഓഫീസായി മാറ്റാൻ, ശ്രമിക്കുന്നു. അതാണ് ഞങ്ങളുടെ ആക്ഷേപം. മലിനജല അതോറിറ്റിയുടെ ഒരു സബ് ഓഫീസായി മാറ്റാൻ ശ്രമിക്കുകയാണ്. ഈ കോടതികളെയെല്ലാം. ഞങ്ങൾക്ക് ചോദ്യം ചെയ്യണ്ടേ? ഞങ്ങൾക്ക് അതിനെതിരായി ശബ്ദിച്ചുകൂടേ? ഇവിടെയല്ല, പരസ്യമായി പുറത്തുവച്ചും ഇത് വിമർശിക്കാനുള്ള അധികാരം ഞങ്ങൾക്കുണ്ട്; ജനങ്ങൾക്കുണ്ട്. ഭരണഘടനയിലെ മൂന്നു ഘടകങ്ങളാണല്ലോ ജുഡീഷ്യറി, ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ് എന്നിവ, അതിനെ സ്വാധീനിക്കാൻ ശ്രമിക്കുന്നു. അതിനാൽ ഭാഗമായി ഈ ബില്ലിൽ കോടതികളെ പൂർണ്ണമായി ഒഴിവാക്കുന്നു. കഴിഞ്ഞ ഓണക്കാലത്ത് ഗവൺമെന്റ് ഇക്കിയ ഒരു ഉത്തരവുണ്ട്. എട്ടും മൂന്നിലൊന്നു ശതമാനം ബോണസ് കൊടുക്കുക. ബാക്കി എന്തെങ്കിലും കഴിഞ്ഞ തവണ കൊടുത്തിട്ടുണ്ടെങ്കിൽ അത് എക്സ്ഗ്രേഷ്യയായി കൊടുക്കുക. ബോണസിനെ സംബന്ധിച്ച് എട്ടും മൂന്നിലൊന്ന് എന്നുള്ള വ്യവസ്ഥയിൽ നമ്മുടെ സംസ്ഥാനത്തെ കൊണ്ടെത്തിക്കുന്നതിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഓർഡറാണ്. പടി പടിയായി നെഗോഷിയേഷൻവഴിയും അല്ലാതേയും സമരങ്ങൾവഴിയും ബോണസ് നേടിയെടുക്കുന്നതിനുവേണ്ടിയുള്ള അദ്ധ്വാനിക്കുന്നവന്റെ അവകാശത്തെ തടയുന്ന ഓർഡറുകളാണ് കുറേശ്ശകുറേശ്ശയായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

സർ, ഇലക്ട്രിസിറ്റിബോർഡ് എടുക്കാം. ഇലക്ട്രിസിറ്റി ബോർഡിൽ 3500 തസ്തികകളാണ് ഈ ഗവൺമെന്റ് നിറുത്തലാക്കിയത്. വർഷങ്ങളായി ഇലക്ട്രിസിറ്റിബോർഡിലെ തൊഴിലാളികൾ സമരംചെയ്ത് നേടിയെടുത്ത സേവന-വേതന വ്യവസ്ഥകളെല്ലാം ഒരു ദിവസംകൊണ്ട് കാറ്റിൽപറത്തിക്കൊണ്ടാണ് 3500 തസ്തികകൾ കുറവു ചെയ്തത് ഏകപക്ഷീയമായി. പ്രൊമോഷൻ സാധ്യതയില്ല. സ്റ്റാഗ്നേഷനാണ് ഡിപ്പാർട്ടുമെന്റിൽ. അന്നത്തെ വകുപ്പുമന്ത്രി പറഞ്ഞു, ഇവർ കുറെപേർ ഇല്ലെങ്കിലും ഇലക്ട്രിസിറ്റിബോർഡിലെ പ്രവർത്തനം നടക്കും, ബന്ധുക്കൾ കത്തുമെന്ന്. ഞാൻ ചോദിക്കട്ടെ, ആ മന്ത്രി ഇല്ലെങ്കിലും ഇപ്പോൾ ഇലക്ട്രിസിറ്റിബോർഡിലെ കാര്യങ്ങൾ നടക്കുന്നു, ബന്ധുക്കൾ കത്തുന്നു. അധികാരം കയ്യിലുള്ളപ്പോൾ തൊഴിലാളികൾക്കെതിരായി സംസാരിക്കുകയും തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുകയും ചെയ്യുന്ന ആ പ്രവണത ശരിയല്ല. അതുപോലെ ട്രാൻസ്പോർട്ട് കോർപ്പറേഷനിലും ഏകപക്ഷീയമായി തസ്തികകൾ നിറുത്തലാക്കുന്നു. സ്റ്റേഷൻമാസ്റ്റർമാരുടെ ഓഫീസുകൾ അടച്ചുപൂട്ടുന്നു. അനുവദിച്ചിട്ടുള്ള ലീവുകൾതന്നെ കുറവു ചെയ്ത്കൊണ്ടിരിക്കുന്നു. ഇലക്ട്രിസിറ്റിബോർഡായാലും കെ. എസ് ആർ. ടി. സി. യായാലും ജുഡീഷ്യറിയെസംബന്ധിച്ചുള്ള സമീപനത്തിലായാലും ഈ ഗവൺമെന്റ് അദ്ധ്വാനിക്കുന്നവന്റെ അവകാശങ്ങൾ നിഷേധിക്കുന്ന ഒരു ഗവൺമെന്റാണ്. ഇതിനെതിര പ്രധാന പങ്കാളി കോൺഗ്രസ് 'ഐ' ആണ്. കോൺഗ്രസ് ('ഐ')ക്ക് (ഐ) എൻ. ടി. യു. സി. എന്ന ഒരു സംഘടനയുണ്ട്. അവർക്ക് ഇതിനെക്കുറിച്ച് അഭിപ്രായമൊന്നുമില്ലേ? സർ, ടെക്സ്റ്റൈൽ വ്യവസായത്തിലെ തൊഴിലാളികളെ ടെക്സ്റ്റൈൽ കോർപ്പറേഷൻ ഏറെടുക്കുമ്പോൾ ഏറെടുക്കുന്നതുവരെയുള്ള സേവന-വേതനവ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുതന്നെയാണ് എടുക്കുന്നത്. അതിനുശേഷം ടെക്സ്റ്റൈൽകോർപ്പറേഷൻ ഇഷ്ടംപോലെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റംവരുത്താനും അങ്ങനെ മാറ്റംവരുത്തുമ്പോൾ അവരുടെ അവകാശങ്ങളെ സംബന്ധിച്ച് ഒരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലെന്നും ഏതെങ്കിലും ഒരു കോടതിയിൽപോയി അവരുടെ അവകാശങ്ങൾ നേടിയെടുക്കാനുള്ള അവകാശം നിഷേധിച്ചു കൊണ്ടുള്ളതുമാണ് ഈ ബിൽ. നമ്മുടെ ജുഡീഷ്യൽ സിസ്റ്റംതന്നെ മാറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കിയാൽ മെച്ചപ്പെട്ടതാണ്, വലുതായിട്ടുള്ള ഇൻർഫീയറൻസ് ഒന്നും അധികമാരും നടത്താറില്ല. പക്ഷേ കഴിഞ്ഞ മൂന്നു വർഷമായി .....

ശ്രീ. കോടിയേരിബാലകൃഷ്ണൻ: ജുഡീഷ്യറിയിൽഇൻർഫീയറൻസ് നടത്താറില്ലയെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ആഗസ്റ്റ്മാസം അഞ്ചാം തീയതി നമ്മുടെ വാട്ടർ ആൻഡ് വേസ്റ്റുവാട്ടർ അതോറിറ്റി മന്ത്രി ശ്രീ. എം. പി. ഗംഗാധരൻ രാധാകൃഷ്ണമേനോൻ എന്നു പറയുന്ന ജഡ്ജിയുടെ വീട്ടിൽപോയി സ്വാധീനം ചെലുത്തിയകാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: ഞാൻ ഇതുപോലുള്ള ഒരുപാട് കാര്യങ്ങൾ മനസിൽവച്ചുകൊണ്ടാണ് സംസാരിക്കുന്നത്. എക്സിക്യൂട്ടീവിലെ പ്രധാനപ്പെട്ട മന്ത്രിമാർ ഭരണകക്ഷിയിലെ പ്രധാനപ്പെട്ട പാർട്ടി നേതാക്കൻമാർ അതിൽ പ്രത്യേകിച്ചും കോൺഗ്രസ് ('ഐ')യിലെ പ്രധാനപ്പെട്ട നേതാക്കൻമാർ ജഡ്ജിമാരെ സ്വാധീനിക്കുന്നുവെന്നു മാത്രമല്ല, ജുഡീഷ്യൽ സിസ്റ്റത്തെയാകെ തകർക്കുന്നു. ഹൈക്കോടതി ജഡ്ജിയെ ഹൈക്കോടതി രജിസ്ട്രാറെ, താഴോട്ടുള്ള ജഡ്ജിമാരെ ഒക്കെ സ്വാധീനിക്കുന്നു. ജുഡീഷ്യൻ സിസ്റ്റത്തെ കോൺഗ്രസ് ('ഐ') പാർട്ടി, ഗ്രൂപ്പ്ഗവൺമെന്റ് ഭരിക്കുന്ന പാർട്ടി തകർക്കുന്നതിന് ഒരുദാഹരണം പറയാം. ഇവിടെ ജില്ലാ ജഡ്ജിമാരെ നിയമിക്കുന്നതിന് ഒരു ലിസ്റ്റുണ്ടാക്കി. ഹൈക്കോടതി അത് അംഗീകരിച്ചു. അപ്പോഴാ അതിനകത്തുള്ള ഒരാളെ നിയമിക്കുന്നതിന് ഈ ഗവൺമെന്റിന് എതിർപ്പുണ്ട്. കോൺഗ്രസ് ('ഐ') പാർട്ടിക്ക് എതിർപ്പുണ്ട്. അതുകൊണ്ട് ആ ഒരാളെ ഒഴിവാക്കിക്കൊണ്ട് നിയമിക്കാൻ ശ്രമിച്ചു. ആ ആൾ ഹൈക്കോടതിയിൽപോയി. ഹൈക്കോടതിപറഞ്ഞു നിയമിക്കാൻ. എന്നിട്ട് ഈ ഗവൺമെന്റ് ചെയ്തതെന്താണെന്നോ? ഈ ഗവൺമെന്റ് ആ ലിസ്റ്റ് തന്നെ വേണ്ടെന്നുവെച്ചു. ഇതാണ് ജുഡീഷ്യൽ സിസ്റ്റത്തോടുള്ള സമീപനം. അവസാനം വീണ്ടും ലിസ്റ്റിൽ ഉൾപ്പെട്ട ആളുകൾ ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി പറഞ്ഞു ലിസ്റ്റ് കാൻസൽ ചെയ്തത് ശരിയല്ല എന്ന്. ശരിയല്ലെന്നു പറഞ്ഞതിന്റെ പുറത്ത്, ആ ഓർഡറിന്റെപുറത്ത് സുപ്രീംകോടതിയിൽ പോയിരിക്കുന്നു. എന്തിന്? ജില്ലാജഡ്ജിമാരെ നിയമിക്കാൻ ലിസ്റ്റ് തയ്യാറാക്കിക്കഴിഞ്ഞ കോൺഗ്രസ് ('ഐ') പാർട്ടിക്കിഷ്ടമില്ലാത്ത ഒരാളിന്റെ പേര് ആ ലിസ്റ്റിലുണ്ട് എന്നതാണ് ഒറ്റ കാരണംകൊണ്ട് ആ ലിസ്റ്റ് തന്നെ കാൻസൽചെയ്യുന്ന ഒരു അവസ്ഥയിലേയ്ക്ക് ഈ കോൺഗ്രസ് ('ഐ') പാർട്ടി എത്തിയിരിക്കുന്നു എന്നുള്ളതല്ലേ സത്യം. ഇത് ഞങ്ങൾക്ക് പറഞ്ഞുകൂടേ? ജുഡീഷ്യൽസിസ്റ്റത്തെ തകർക്കാൻ ശ്രമിക്കുന്നു എന്നുള്ളവിവരം ഞങ്ങൾക്ക് പറഞ്ഞുകൂടേ? ഇവിടെയല്ലാതെ എവിടെ പറയാൻ? ഇത് പരസ്യമായി എവിടേയും പറയാവുന്നതാണ്.

അതുപോലെതന്നെ നമ്മുടെ രാജ്യത്ത് ദൈവവിശ്വാസ ഓർഡിനൻസ് വന്നു. പ്രതിപക്ഷത്തിരിക്കുന്ന ഒരാൾ ദേവസ്വം ബോർഡിലെ മെമ്പറാകുമെന്നുള്ള ഒറ്റകാരണംകൊണ്ട്. ദൈവവിശ്വാസ ഓർഡിനൻസ് കൊണ്ടുവന്നവരല്ലേ സർ അപ്പുറത്തിരിക്കുന്ന കോൺഗ്രസ് പാർട്ടി. അവരുടെ നിയമത്തോടും ജുഡീഷ്യറിയോടുമുള്ള സമീപനം മനസ്സിലാകുന്നില്ലേ? ഒന്നുകൂടി പറയട്ടെ. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ 30-ാംതീയതി പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ കമ്മീഷനെയും പിരിച്ചുവിട്ടു.

ശ്രീ. ഇ. പത്മനാഭൻ: ഈ ഗവൺമെന്റ് കോടതിയോടുള്ള സമീപനത്തിൽ രോഷംകൊള്ളുന്നു. പക്ഷേ അതിലെ മുതലാളിമാരോടെയാതൊരു വിരോധവുമില്ല. അവർക്ക് നേരത്തേ കോടതിയെ സമീപിക്കാം. പക്ഷേ തൊഴിലാളികൾക്ക് അവരുടെ നിയമപരമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനോട് മാത്രമേ വിരോധമുള്ളൂ. അവിടെയല്ലേ വിലക്കിയിട്ടുള്ളത് എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. വി. ജെ. തങ്കപ്പൻ: അതും വസ്തുതയല്ലേ? കോടതിയെ സംബന്ധിച്ച് മാർക്സും മാർക്സിനെ ഉദ്ധരിച്ചുകൊണ്ട് സഖാവ്

LIBRARY ARCHIVES Kerala Legislative Assembly

ഇ. എം. എസും. പറഞ്ഞ അതേ കാര്യങ്ങൾതന്നെയാണ് എന്റെ സുഹൃത്ത് ഇ. പത്മനാഭൻ പറഞ്ഞത്. അതിൽ വ്യത്യാസമായിട്ടുള്ളതുണ്ടോ? ഇവിടത്തെ മുതലാളിമാർക്ക്, കുശ് ഉള്ളവർക്ക്, ജന്മിമാർക്ക് നിയമം ലംഘിച്ചാൽ അവർക്ക് പരിരക്ഷ കൊടുക്കുവാനുള്ള നടപടികളാണ് കോടതികൾക്കുണ്ട്. അതാണ് മാർക്സ് പറഞ്ഞത്. അതു തന്നെയാണ് ഇ. എം. സ്. 1968—ൽ പറഞ്ഞത്. അദ്ദേഹത്തെ ശിക്ഷിച്ചെങ്കിലും അത് ഒരു സത്യമായി അവശേഷിക്കുന്നു. പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷനുകളിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് കോടതി പറഞ്ഞു. കോടതിയുടെ നിർദ്ദേശം പരിപാവനമെന്ന് വിശേഷിപ്പിക്കുന്ന കോൺഗ്രസ്(ഐ) പാർട്ടിയുടെ നേതാക്കൻമാരും പ്പെടെയുള്ള ഈ ഗവൺമെന്റ് എന്ത് ചെയ്തുവെന്നറിയാമോ? ആ നിയമംതന്നെ മാറ്റി. കോടതിയോട് എന്തെങ്കിലും ബഹുമാനം കോൺഗ്രസ്(ഐ) എന്നു പറയുന്ന പാർട്ടിക്കും ഘടകകക്ഷികൾക്കുമുണ്ടെങ്കിൽ നിയമംമാറ്റികോടതിയുടെ നിർദ്ദേശത്തെ തുരങ്കംവയ്ക്കുന്ന രീതിയിൽ, തകർക്കുന്ന രീതിയിൽ നിയമമാക്കിമാറ്റുമായിരുന്നുവോ? കോടതിയോടുള്ള ബഹുമാനത്തെക്കുറിച്ചും കോടതിയുടെ പരിപാവനതയെക്കുറിച്ചും അപ്പുറത്തിരിക്കുന്ന ഒരൊറ്റയാൾക്കുപോലും പറയാനവകാശമില്ല. മുനിസിപ്പൽ കോർപ്പറേഷനിലും പഞ്ചായത്തിലും പഞ്ചായത്തു നിയമം അനുശാസിക്കുന്ന രീതിയിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന്.....

ശ്രീ. പി. പി. തങ്കച്ചൻ: ഏതാനും ദിവസംമുമ്പ് കോടതിയെക്കുറിച്ച് ബൂർഷ്വാ കോടതിയാണെന്ന് പറഞ്ഞു. കോടതിയെക്കുറിച്ച് ഇപ്പോൾ നിങ്ങളുടെ പാർട്ടിയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. ഐ. തങ്കപ്പൻ: എന്റെ സുഹൃത്ത് തങ്കച്ചന് കാര്യം മനസ്സിലാകാത്തതുകൊണ്ടാണ് അങ്ങനെ പറയുന്നത്. 1968-ലാണ് സഖാവ് ഇ. എം. എസ്. അതുപറഞ്ഞത്. സഖാവ് ഇ. എം. എസ്. പറഞ്ഞത് അദ്ദേഹത്തിന്റെ സ്വന്തം വാചകമല്ല. കാൾമാർക്സ് പറഞ്ഞ വാചകമാണ് അത്. പാർലിമെന്ററി ജനാധിപത്യമെന്നുപറഞ്ഞാൽ ബൂർഷ്വാ ഡിക്ടേറ്റർഷിപ്പിൽ കോടതിയുടെപക്ഷം എന്തെന്നുള്ളതിനെക്കുറിച്ച് മാർക്സ് പറഞ്ഞിട്ടുണ്ട്. അത് സഖാവ് ഇ. എം. എസ്. 1968-ൽ ഉദ്ധരിച്ചു. അങ്ങനെ ഉദ്ധരിച്ചതിനാണ് അദ്ദേഹത്തെ 50 രൂപ ശിക്ഷിച്ചു. ഞാനും ശ്രീ. ഇ. എം. എസ്. പറഞ്ഞതിൽ ഉറച്ചുനിൽക്കുന്നു. ബൂർഷ്വാ ഡിക്ടേറ്റർഷിപ്പിൽ പാർലിമെന്ററി ജനാധിപത്യവ്യവസ്ഥയിൽ കോടതികളുടെ പങ്കിനെപ്പറ്റി മാർക്സ് പറഞ്ഞത് സഖാവ് ഇ. എം. എസ്. പറഞ്ഞത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. വല്ല തർക്കവുമുണ്ടോ അതിനു? ഒരു തർക്കവുമില്ല. ഇവിടെ അതല്ല. പരിപാവനമെന്ന് നിങ്ങൾ തന്നെ കൊട്ടിഘോഷിക്കുന്ന കോടതിയെക്കുറിച്ച് നിയമസഭക്കകത്തായാലും പുറത്തായാലും കോടതി എന്നുള്ളതിലെ 'കോ' എന്നുച്ചരിച്ചാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചാടിയെഴുന്നേറ്റ് കോടതിയെക്കുറിച്ച് പറയരുതെന്ന് പറയും. പക്ഷേ നിങ്ങളുടെ ഭാഗത്ത് ശ്രീമാൻ ബാലകൃഷ്ണപിള്ളക്ക് പറയാം. എങ്ങനെ പറയാം. ഇലക്ട്രിസിറ്റിബോർഡിന്റെ വികസനപ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നത് കോടതിയാണെന്ന് പറയാം. അപ്പോൾ അലക്ഷ്യമില്ല. അതുപോലെതന്നെ നമ്മുടെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിക്ക് കോടതിവിധിയെക്കുറിച്ച് അസഹിഷ്ണുത പ്രകടിപ്പിച്ചുകൊണ്ട് പ്രസ്താവനകളിറക്കാം. അത്

LIBRARY ARCHIVES Kerala Legislative Assembly

കോടതിയലക്ഷ്യം അല്ല. കോടതിയെ അവഹേളിക്കുകയും കോടതിയുടെ നിർദ്ദേശങ്ങളെ ധിക്കരിക്കുകയും കോടതിയുടെ വിധിന്യായങ്ങളെ മറികടന്നുകൊണ്ട് നിയമമുണ്ടാക്കുകയുമെല്ലാംചെയ്യുന്ന ഭരണകക്ഷിക്കും കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ്പാർട്ടിയുടെ അംഗങ്ങൾക്കും കൂടി ചേർന്നുകൊണ്ട് ഈ സംസ്ഥാനത്ത് എന്തും ചെയ്യാം. എന്തു ചെയ്യുന്നതിനും പൂർണ്ണമായി കൂട്ടുനിൽക്കുന്നത് ഇൻഡ്യൻയൂണിയൻ മുസ്ലീംലീഗും കേരള കോൺഗ്രസ്സുമാണ്. അങ്ങനെ കോടതിയെ അവഹേളിക്കുന്നത് ഈ ഗവൺമെൻറിന്റെ ഒരു പ്രധാനലീലയായി മാറിയിരിക്കുന്നു.

ശ്രീ. സി. കെ. തങ്കപ്പൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ചുനാൾ മുമ്പ് പരിപാവനമായ കോടതിയെക്കുറിച്ച് സത്യവിരുദ്ധമായി പ്രസ്താവനകൾ ചെയ്തതിൽ കോടതിയുടെ താക്കീത് വാങ്ങിച്ചിട്ടുള്ളതാണ് എന്നുള്ള വിവരമറിയുമോ ?

ശ്രീ. വി. ജെ. തങ്കപ്പൻ: അറിയാം. അങ്ങനെയുള്ള താക്കീതൊന്നും ഞങ്ങൾക്ക് കിട്ടുകയില്ല. കോടതിയെ അലക്ഷ്യമായിട്ടൊന്നും ഞങ്ങൾ പറയാറില്ല. പക്ഷേ ഉള്ളത് പറയാതിരിക്കുവാൻ പറ്റുമോ ? അലക്ഷ്യമായാൽപോലും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കോടതി അലക്ഷ്യത്തിന് 50 ഉറുപ്പിക സഖാവ് ഇ. എം. എസ്സിന് കോടതി പിഴയിട്ടകാര്യം മറന്നുപോയോ ?

ശ്രീ. വി. ജെ. തങ്കപ്പൻ: അതറിഞ്ഞുകൊണ്ടുതന്നെയാണല്ലോ പറയുന്നത്, കോടതി അലക്ഷ്യത്തിന് ആരുടേയും കാലുപിടിക്കാൻ സഖാവ് ഇ. എം. എസ്. പോയില്ല. ഞാൻ പറഞ്ഞത് തെറ്റായിപ്പോയി ക്ഷമിക്കണമെന്ന് ഇ. എം. എസ്. ഒരു കോടതിയിലും പോയി പറഞ്ഞില്ല. അതാണ് രണ്ടിന്റെയും വ്യത്യാസം. എന്തെങ്കിലും മര്യാദകേട് വിളിച്ചുപറഞ്ഞിട്ട് കോടതി അലക്ഷ്യത്തിനുവേണ്ടി എ. ജി. നോട്ടീസ് അയക്കുമ്പോൾ തെറ്റിപ്പോയി, രക്ഷിക്കണമെന്ന് പറഞ്ഞ് ഒരു എ. ജി. യുടെയും കാലുപിടിക്കാൻ സഖാവ് ഇ. എം. എസ്. പോയില്ല. അതാണ് വ്യത്യാസം.

ശ്രീ. പി. കെ. കെ. ബാവ: ബഹുമാനപ്പെട്ട മെമ്പർക്ക് കോടതിയെപ്പറ്റി നേരത്തെയുള്ള അഭിപ്രായംതന്നെയാണോ ഇപ്പോഴുമുള്ളത് ? അതൊന്ന് വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. വി. ജെ. തങ്കപ്പൻ: എന്റെ സുഹൃത്ത് തങ്കച്ചന്റെ ചോദ്യത്തിനുത്തരമായി ഞാൻ അത് പറഞ്ഞല്ലോ ? കോടതിയെ സംബന്ധിച്ച് 1968-ൽ ഉണ്ടായിരുന്ന അഭിപ്രായം തന്നെയാണ് 1975-ലും. ഭാവിയിലും അതുതന്നെ തുടരാനാണ് സാദ്ധ്യത. കോടതിയെ സംബന്ധിച്ചിടത്തോളം പാർലിമെന്ററി ജനാധിപത്യ വ്യവസ്ഥയെന്നു പറയുമ്പോൾ ബ്യൂർഷ്വാഡിക്ടേറ്റർഷിപ്പിലുള്ള കോടതികളെ സംബന്ധിച്ചുള്ള കാഴ്ചപ്പാടാണിത്. മാറിയ ഒരു സാമൂഹ്യപരിതഃസ്ഥിതിയിൽ കോടതിയെക്കുറിച്ചുള്ള കാഴ്ചപ്പാട് മാറും. ഇവിടെ പ്രധാനമായി ഞാൻ ഉന്നയിക്കുന്നത് ഈ ബില്ലിലെ 13-ാം വകുപ്പിലെ ഒന്നും രണ്ടും വകുപ്പുകളിൽ അവസാനമായി ചേർത്തിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ടെക്സ്റ്റയിൽ കോർപ്പറേഷൻ ഈ പീഡിതവ്യവസായങ്ങളെ ഏറ്റെടുത്ത ശേഷം ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഇഷ്ടംപോലെ തൊഴിലാളികളുടെ, ജീവനക്കാരുടെ സേവന-വേതന-വ്യവസ്ഥകളിൽ മാറ്റംവരുത്താമെന്നാണ്. അങ്ങനെ 13 (3)-ൽ പറയുന്നു. അങ്ങനെ മാറ്റം വരുത്തുമ്പോൾ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലേയോ മറ്റ് ഏതെങ്കിലും നിയമങ്ങളിലേയോ വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ട് തൊഴിലാളി കോടതിയെ സമീപിക്കാൻ പാടില്ലയെന്നും പറഞ്ഞിട്ടുണ്ട്. ഇത് ഒരു ഗവൺമെന്റിനും ഭൂഷണമല്ലായെന്നാണെന്റെ അഭിപ്രായം. ടാൻസാനിയയിലേയോ സൗത്ത് ആഫ്രിക്കയിലേയോ ഗവൺമെന്റുകൾക്ക് ഭൂഷണമാകാം. പത്ത് അൻപത് അൻപത്തഞ്ച് അറുപത് വർഷങ്ങളായി, പ്രത്യേകിച്ച് ബ്രിട്ടീഷ് ഗവൺമെന്റ് അധികാരത്തിലിരുന്ന കാലത്തിനുമുമ്പ് അദ്ധ്വാനിക്കുന്ന വിഭാഗത്തിന് നേതൃത്വം കൊടുത്ത്, സമരംചെയ്ത് ത്യാഗം സഹിച്ച് നേടിയെടുത്തതാണ് ഈ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്. ആ ആക്ടിലെ തൊഴിലാളികളുടെ അവകാശങ്ങളെ നിഷേധിക്കുന്ന, കോടതിയിലുന്നയിച്ചുകൂടാഎന്ന് എഴുതിയുണ്ടാക്കുന്ന ഒരു നിയമമാണിത്. നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷൻ ഈ ടെക്സ്റ്റയിൽ മില്ലുകൾ ഏറ്റെടുക്കുമ്പോൾ ഈ വകുപ്പുകളുണ്ടായിരുന്നുവോ, അത് പാർലിമെന്റിൽ ചർച്ചചെയ്തപ്പോൾ ഏകകണ്ഠമായിരുന്നുവോ എന്നുള്ളതൊന്നും അല്ല ഇവിടത്തെ വിഷയം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അദ്ധ്വാനിക്കുന്നവർക്കെതിരായി അവരുടെ അവകാശങ്ങൾക്കെതിരായി ഒരു അർദ്ധ ഫാസിസ്റ്റു നിയമം എന്ന രീതിയിൽ കൊണ്ടുവരുമ്പോൾ അതിനെ എതിർക്കാതിരിക്കാൻ കഴിയില്ല. അതിനെ ശക്തിയുക്തം എതിർക്കാൻ ഈയവസരം വിനിയോഗിക്കാതിരിക്കുവാൻ കഴിയില്ല. ഈ 13-ാം വകുപ്പിലെ ഒന്നും രണ്ടും വകുപ്പിലെ അവസാനത്തെ ഭാഗവും 13-ാം വകുപ്പിന്റെ മൂന്നാം ഉപവകുപ്പും പൂർണ്ണമായി എടുത്തുമാറ്റി ഈ സംസ്ഥാനത്തെ അദ്ധ്വാനിക്കുന്നവന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു സംവിധാനം ഈ ഗവൺമെന്റ് കൊണ്ടുവരണമെന്നു ശക്തമായി പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

Shri P. K. Kunhalikutty: Sir, I move that the Kerala Sick Textile undertakings (Acquisition and transfer of undertakings) Bill, 1985 as reported by the Subject Committee be circulated for obtaining public opinion.

ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഈ ബില്ലിനെ അനുകൂലിക്കുന്നു. പ്രതിപക്ഷത്തിന് ഈ ബില്ലിൽ വലിയ താൽപ്പര്യമൊന്നുമില്ലായെന്നാണ് എനിക്ക് തോന്നുന്നത്. ഈ സഭ ഇന്ന് പിരിയുന്ന ദിവസമാണ്. രണ്ടു മൂന്നു ബില്ലെങ്കിലും നിയമമാക്കി മാറ്റേണ്ട ഈ സമയത്ത് അതിലൊന്നും താൽപ്പര്യമില്ലാത്ത രീതിയിലാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ടെക്സ്റ്റയിൽ മില്ലുകൾ ഏറ്റെടുക്കണമെന്ന ഈ നിയമത്തെക്കുറിച്ച് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി രാഷ്ട്രീയ പ്രചരണത്തിനുമാത്രമാണിവിടെ താല്പര്യം കാണിക്കുന്നത്.

ശ്രീ. എം. എം. ഹസ്സൻ: ഭരിക്കുന്നകാലത്ത് തൊഴിലാളികൾക്ക് ഗുണകരമായ ഒരു നിയമനിർമ്മാണവും നടത്താതിരിക്കുകയും പ്രതിപക്ഷത്താകുന്ന സമയത്ത് ഓർഡിനൻസിൽകൂടി ഭരിക്കുന്നുവെന്ന് പറയുകയും നിയമം കൊണ്ടുവന്നാൽ അത് ഫലപ്രദമായി നിയമമാക്കുന്നതിന് തടസം സൃഷ്ടിക്കുകയും ചെയ്യുന്ന പ്രതിപക്ഷ നയം

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളുടെമുമ്പിൽ അവരുടെ യഥാർത്ഥ സ്വഭാവം തുറന്നുകാണിക്കുകയല്ല ചെയ്യുന്നത് എന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർ കേറിയുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ആ രീതിയിലാണ് ഇന്ന് കാര്യങ്ങളെല്ലാം നടക്കുന്നതെന്നുള്ളത് സുപ്രഷ്ടമാണ്. സഭ പിരിയുന്ന ദിവസമാണിന്ന്. മർമ്മപ്രധാനമായ രണ്ട് ബില്ലെങ്കിലും നിയമമാക്കുന്നതിന് നമുക്കൊന്ന് സഹകരിച്ചുകൂടേ ? ഇതുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണിവിടെ പറയുന്നത്. അത് വളരെ വ്യക്തമാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ശ്രീമാൻ ഹസ്സൻ പറഞ്ഞതുപോലെ നിയമം പാസാക്കുന്നതിന് തടസ്സമാണെന്ന്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത് കേരളമാണെന്നും ഈ നിയമസഭയെ റബ്ബർ സ്റ്റാമ്പാക്കുന്നത് കേരളത്തിലെ ഇന്നത്തെ ഭരണകൂടമാണെന്നും ഉള്ള അഭിപ്രായത്തെക്കുറിച്ച് അങ്ങ് എന്തു പറയുന്നു. ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ നിയമസഭാസമ്മേളനം കൂടുന്നതുതന്നെ ഓർഡിനൻസുകളുടെ എണ്ണം കുറയ്ക്കാനും നിയമമാക്കാനുമൊക്കെയാണ്. അതാണിപ്പോഴും ഇവിടെ നടക്കുന്നത്. അതിനു നമ്മളും ഈ നിയമസഭയിലെ അംഗങ്ങളും എന്നനിലയിൽ സഹകരിച്ചുകൊടുക്കേണ്ടേ ? അത് നമ്മുടെ ഉത്തരവാദിത്വമല്ലേ ?

ശ്രീ. എം. വി. രാഘവൻ: നിയമനിർമ്മാണത്തെ തടസ്സപ്പെടുത്തുകയും ഭരിക്കുമ്പോഴും നിയമമുണ്ടാക്കുകയും ചെയ്യുകയില്ല എന്ന് ഇവിടെ ശ്രീ. ഹസ്സൻ പറഞ്ഞു. ഭരിക്കുന്ന ആളുകൾക്ക് തങ്ങിക്കൊടുക്കൽ മാത്രമല്ലേ ശ്രീ. ഹസ്സന്റെ ഒരു പരിപാടി. ഞങ്ങൾ ഭരിക്കുമ്പോഴും ഞങ്ങളെതാങ്ങി, ഇപ്പോഴും ശ്രീ. കരുണാകരൻ ഭരിക്കുമ്പോഴും അവിടെ തങ്ങി, അതാണ് ശ്രീ ഹസ്സന്റെ പരിപാടി എന്നു ബഹുമാനപ്പെട്ട മെമ്പർക്കു് അറിയില്ലേ ? ഞങ്ങളും ഈ നിയമം മാറാൻ സഹകരിക്കാം. മിനിഞ്ഞാന്ന് പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്തു. പ്രസംഗിക്കാൻ വിളിച്ചിട്ടുപോലും നിയമം പാസായിക്കോട്ടേ എന്നു വിചാരിച്ച് ഞാൻ പ്രസംഗിക്കാതിരിക്കുകയായിരുന്നു എന്ന്. അതുകൊണ്ട് ഞങ്ങളല്ല തടസ്സം നിങ്ങളാണ്. അസംബ്ലി ഇനിയും നീട്ടിയാലും ഞങ്ങളും ഇരിക്കാം. പാസ്സായിട്ട് പിരിഞ്ഞാൽ മതി. നിങ്ങളാണ് അസംബ്ലി നടത്താൻ യോഗ്യർ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അങ്ങ് നിയമം പാസാക്കിയെടുക്കാൻ വളരെ പരിമിതമായി സംസാരിച്ചു എന്നാണോ പറയുന്നത് ? അങ്ങ് ഈ ദുനിയാവിൽ ഇനി വല്ല കാര്യവും പറയാൻ ബാക്കിയുണ്ടോ, കഴിഞ്ഞ ദിവസം ഒരു ബില്ലിന്റെ ചർച്ചാവേളയിൽ പകുതി ദിവസവും കളഞ്ഞത് ബഹുമാനപ്പെട്ട അങ്ങാണ്.

ശ്രീ. എം. വി. രാഘവൻ: പലപ്പോഴും പാസ്സാക്കാൻ വേണ്ടി പ്രസംഗിക്കാതിരുന്നിട്ടുണ്ട് എന്നാണ് പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അങ്ങേക്ക് എന്ത് കൈയിൽ കിട്ടിയാലും മുഴുവനും പറഞ്ഞിട്ടല്ലാതെ പോകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. രാഘവൻ എന്നെക്കുറിച്ച് ഇവിടെ പറഞ്ഞു, അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി പറയുകയാണ്. നിൽക്കുന്ന പാർട്ടിയിൽ ഉറച്ച് നിൽക്കുകയും ആ പാർട്ടിയുടെ നയത്തിനനുസരിച്ച് അസംബ്ലിയിൽ സംസാരിക്കുകയും ചെയ്യുന്ന ആളാണ് ഞാൻ. ശ്രീ. എം. വി. രാഘവനെപ്പോലെ ഭരണപക്ഷത്തിരുന്നിട്ട് മന്ത്രിമാരോട് അസുഖം തോന്നുമ്പോൾ അത് പരസ്യമായി പറയുന്ന സ്വഭാവം എനിക്കില്ല. ഞാൻ അച്ചടക്കമുള്ള ഒരു പാർട്ടി പ്രവർത്തകനാണ്. ഭരണപക്ഷത്തിരിക്കുമ്പോൾ ഭരണപക്ഷത്തിരുന്നു കൊണ്ടുതന്നെ പ്രവർത്തിക്കും. അദ്ദേഹം ശ്രീ. നായനാരെ തള്ളിയിട്ടില്ല? ശ്രീ. നായനാരെ മനസ്സോടുകൂടിയാണോ തള്ളിയത്? അല്ലല്ലോ. അങ്ങ് ഭരണപക്ഷത്തിരുന്നപ്പോൾ തള്ളിയിട്ടില്ലേ? ശ്രീ. നായനാരുടെ എല്ലാ നടപടികളോടും, ശ്രീ. രാമകൃഷ്ണന്റെ എല്ലാ നടപടികളോടും അങ്ങേക്ക് യോജിപ്പില്ലായിരുന്നല്ലോ, പക്ഷേ നിയമസഭക്കകത്ത് വന്ന് താങ്ങിയല്ലേ സംസാരിച്ചത്. ഇങ്ങനെയുള്ള പരാമർശങ്ങളൊക്കെ ശരിയാണോ?

ശ്രീ പി. കെ. കുഞ്ഞാലിക്കുട്ടി: അങ്ങനെയുള്ള പരാമർശം ശരിയല്ല, കാരണം.....

ശ്രീ. എം. വി. രാഘവൻ: ശ്രീ. ഹസ്സൻ എപ്പോഴും പാർട്ടി മാറും. ഓരോ ഘട്ടത്തിലും മാറും. തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത ആളുകളെയും വഞ്ചിക്കും. അതാണ് ഈ നിയമസഭയിലേയും അനുഭവം. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താങ്ങാൻ വിധിക്കപ്പെട്ടവർ താങ്ങുകയും എതിർക്കാൻ വിധിക്കപ്പെട്ടവർ എതിർക്കുകയും ചെയ്യണ്ടേ? ശ്രീ. നായനാർ ഭരിച്ചിരുന്ന കാലഘട്ടത്തിൽ അങ്ങേക്ക് യോജിപ്പില്ലാതിരുന്ന പല കാര്യങ്ങളും ഉണ്ടായിരുന്നില്ലേ? ഞങ്ങളൊക്കെ പത്രത്തിൽ വായിച്ചിരുന്നു, ഞാൻ ഈ സഭയിലെ അംഗമല്ലായിരുന്നു. കെൽട്രോണിനെ സംബന്ധിച്ചും മറ്റും അങ്ങേക്ക് വ്യക്തിപരമായ പല അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിരുന്നു. എന്നിട്ടും താങ്ങേണ്ടി വന്നിരുന്നില്ലേ? അപ്പോൾ താങ്ങാൻ വിധിക്കപ്പെട്ടവർ താങ്ങണം, എതിർക്കാൻ വിധിക്കപ്പെട്ടവർ എതിർക്കണം. ഞാൻ പറയുന്നത് അതല്ല.

ശ്രീ. എം. വി. രാഘവൻ: വ്യക്തിപരമായ അഭിപ്രായ വ്യത്യാസം എന്താണെന്ന് മനസ്സിലായി. സങ്കൽപ്പത്തിൽ ഇങ്ങനെ അടിച്ചാൽ പോരാ, ശ്രീ. കുഞ്ഞാലിക്കുട്ടിക്ക് ഇപ്പോഴും അഭിപ്രായവ്യത്യാസമുണ്ട്, അതുകൊണ്ട് എം. വി. രാഘവനും പണ്ട് ഉണ്ടായിട്ടുണ്ടാകും അതു കൊണ്ട് ഒന്ന് തട്ടിക്കളയാമെന്നുള്ളത് വേണ്ടാ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതേ, ശ്രീ. കെ. പി. പി. നമ്പ്യാരുടെ കാര്യമാണ് ഞാൻ പറഞ്ഞത്. അതുപോലെ പല കാര്യങ്ങളും പത്രത്തിൽ വായിച്ചു. ഇപ്പോൾ ഓർമ്മയുള്ള ഒരു കാര്യം പറഞ്ഞതാണ്. ഏതായാലും ഒരു ജനാധിപത്യ സംവിധാനത്തിൽ....

ശ്രീ. പി. കെ. കെ. ബാവ: ഒരു ബഹുമാനപ്പെട്ട മെമ്പർ വളരെ പ്രധാനപ്പെട്ട ഒരു ബില്ലിനെക്കുറിച്ച് ചർച്ച നടത്തുന്ന സമയത്ത് ഇങ്ങനെ മാർക്സിസ്റ്റ് പാർട്ടി മെമ്പർമാരുടെ ചോദ്യത്തിന് വഴങ്ങി ഈ ചർച്ചയിൽനിന്ന് വ്യതിചലിച്ചുപോകുന്നത് ശരിയല്ല എന്ന

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായമാണ് എനിക്കുള്ളത്. ഇന്നലെ വളരെ പ്രധാനപ്പെട്ട യൂണിവേഴ്സിറ്റി (ഭേദഗതി) ബില്ലിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട എം. വി. രാഘവൻ പറഞ്ഞത് നാട്ടിൽ നടക്കുന്ന മുഴുവൻ സംഭവവികാസങ്ങളേയും കുറിച്ച് അദ്ദേഹത്തിന് അറിയാം എന്നാണ്. അക്കൂട്ടത്തിൽ അദ്ദേഹത്തിന്റെ നയപാപ്പരത്തം വ്യക്തമാക്കുന്ന ഒരു വലിയ സംഭവംകൂടി അദ്ദേഹം ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. അതിൽ ഒന്നാണ് ഇവിടെ തിരെ അവശരായിട്ടുള്ള, വീടില്ലായെന്നുറപ്പുള്ള ആളുകൾക്ക് വീട് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ലോൺ അനുവദിക്കുന്നതിന് സർക്കാർ മുന്നോട്ടുവന്നതിനെക്കുറിച്ച് പറഞ്ഞത്. അതുസംബന്ധിച്ച ശുപാർശ സബ്ജക്ട് കമ്മിറ്റി നമ്പർ 7. അതുപോലെ ഹൗസ് കമ്മിറ്റി തുടങ്ങിയ കമ്മിറ്റികളിലൊക്കെ ഏകകണ്ഠമായിട്ടാണ് നടന്നിട്ടുള്ളത്, ഈ സന്ദർഭങ്ങളിലൊന്നും മാർക്സിസ്റ്റ് പാർട്ടിയുടെ പ്രതിനിധിപോലും എതിർക്കാതെ ഇവിടെ വന്ന് ഞങ്ങളെ ആ നടപടി സ്വീകരിച്ചില്ല എന്നുപറഞ്ഞാൽ ആ കമ്മിറ്റികളിൽ പങ്കെടുത്ത മാർക്സിസ്റ്റ് മെമ്പർമാരുടെ പേരിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്ത് നടപടി സ്വീകരിച്ചു എന്നുള്ള കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ആ കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത് ഇതുതന്നെയാണ്. പറയാതിരിക്കാൻ നിർവ്വാഹമില്ല. ഒരു ശുപാർശ അങ്ങയുടെ പാർട്ടി മെമ്പർമാർ അടക്കമുള്ള, ശ്രീ. പത്മനാഭൻ അടക്കമുള്ള മെമ്പർമാരെല്ലാംകൂടി എം. എൽ. എ. മാരുടെ വീടിന്റെ കാര്യം ഒരു ശുപാർശയായി ഉണ്ടാക്കിക്കൊണ്ടുവന്നിട്ട് അത് ഞങ്ങളാരും അറിഞ്ഞില്ല, ഇങ്ങനെ എം. എൽ. എ. മാർക്ക് വീടിന്റെ ഒരു ശുപാർശ വരുന്നുണ്ട് എന്നുള്ള കാര്യം, നിയമസഭയിൽ പറഞ്ഞപ്പോഴാണ് ഞങ്ങളും അറിഞ്ഞത്, ശ്രീ. പ്രഭാകരന്റെ എതിർപ്പ് വന്നപ്പോഴാണ് ഞങ്ങളൊക്കെ അറിയുന്നത്, ഞങ്ങളിൽ പലരും ആ ആനുകൂല്യം ഉപയോഗപ്പെടുത്താൻ കഴിയാത്തവരാണ് എന്നു പറഞ്ഞത് ശരിയായില്ല. നിങ്ങളുടെ പാർട്ടിയിലെ ശ്രീ. പത്മനാഭനെപോലുള്ള ഉന്നതന്മാരുണ്ടാക്കുന്ന ആളുകളൊക്കെകൂടി ഒരു ശുപാർശ ഉണ്ടാക്കിക്കൊണ്ടുവന്നിട്ട് അപ്പോഴാണ് നിയമസഭയിൽ വന്ന് ഞങ്ങൾ വാങ്ങുകയില്ല എന്നുപറഞ്ഞത് ശരിയായില്ല. അത് കിണറിലിറക്കി ഏണി എടുക്കുന്ന സമ്പ്രദായമാണെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. എസ്. ജോൺ: ശ്രീ. എം. വി. രാഘവൻ പാലത്തിൽ കയറിയിട്ട് പാലം വലിക്കുന്ന ഏർപ്പാടാണ് കാണിച്ചത് എന്നാണോ പറയുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതേ പാലത്തിൽ കയറി പാലം വലിക്കുന്ന ഏർപ്പാടാണ്.

ശ്രീ. കെ. ശങ്കരനാരായണപിള്ള: കേരള ഗവൺമെന്റ് ഒരു പീഡിത വ്യവസായമാണ്. ഒരു പീഡിതവ്യവസായം വേറൊരു പീഡിത വ്യവസായം നടത്തിയാൽ ഡബിൾ പീഡിതമാകുമോ, രക്ഷപ്പെടുമോ എന്ന് മെമ്പർ പറഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പത്മനാഭൻ: ഹൗസിംഗിനെ സംബന്ധിച്ച പുതിയ ഒരു നിർദ്ദേശം ഞാൻ ഉംപ്പെടെയുള്ള ഒരു കമ്മിറ്റി ഉണ്ടാക്കി എന്നു പറഞ്ഞു. അങ്ങേക്കറിയില്ലാത്ത കാര്യം സാധാരണ പറയാറില്ല എന്നാണ് ഞാൻ ധരിച്ചിരുന്നത്. ഞാൻ ഉംപ്പെടെയുള്ള ഹൗസ് കമ്മിറ്റിയിൽ ഏതോ ഒരു ഹൗസ് കമ്മിറ്റി ഒരു നിർദ്ദേശം വച്ചതാണ്. അതിന്റെ റൂംസിന്റെ ഡ്രാഫ്റ്റ് ആണ് ഇവിടെ കൊണ്ടുവന്നത്. അത് അവസാനമായി പരിശോധിച്ചിരുന്നില്ല. പരിശോധിച്ച് അവസാനരൂപം പിന്നെ പറയാമെന്നാണ് പറഞ്ഞിരുന്നത്. ഞാൻ നിർദ്ദേശിച്ചു. ശ്രീ. രാഘവൻ ഏണി വലിച്ചു എന്നു പറയേണ്ട. അതിനുമുമ്പ് ആരോ ചെയ്തതാണ്. വിവരം അറിയാതെ എന്തെങ്കിലും പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അല്ല, അങ്ങ് ആദ്യം ഇത് ഡിസ്ക്കസ് ചെയ്തു. പിന്നെ ശ്രീ. സി. ടി. കൃഷ്ണൻ, ശ്രീ. കെ. ടി. കുഞ്ഞിരാമൻ തുടങ്ങിയുള്ള ആളുകളും അത് ഏകകണ്ഠമായി സപ്പോർട്ട് ചെയ്തു. അതാണ് സത്യം. ഞാൻ ആകെ ഇത്രയേ പറഞ്ഞുള്ളൂ. എം. എൽ. എ. മാർക്ക് വേണ്ടായെന്നുണ്ടെങ്കിൽ, ആ വിവരം ആദ്യം ഞങ്ങളോടൊക്കെക്കൂടി പറഞ്ഞിരുന്നുവെങ്കിൽ നമുക്ക് കൂട്ടായി തീരുമാനിക്കാമായിരുന്നു. ഇവിടെ വന്ന് പാലം വലിക്കേണ്ടിയിരുന്നില്ല എന്നേ പറഞ്ഞുള്ളൂ. അത് ശരിയായ നടപടിയായില്ല എന്നേ പറഞ്ഞുള്ളൂ. ഞങ്ങളാരും അത് വാങ്ങാൻ പറ്റുന്നവരല്ല. 30 കൊല്ലമായി വീടുള്ളവർക്ക് വാങ്ങാൻ കഴിയുകയില്ല. എനിക്ക് വാങ്ങാൻ കഴിയില്ല, അതുപോലെതന്നെ എന്റെ പാർട്ടിയിൽ നോക്കുമ്പോൾ 99 ശതമാനം ആളുകൾക്കും വാങ്ങാൻ കഴിയുകയില്ല, ഞങ്ങൾക്കും ഇവിടെ പറയാം, പക്ഷേ കൂടെയുള്ളവരെ പാലം വലിപ്പിക്കാൻ ഞങ്ങളില്ല. എന്തായാലും രാഷ്ട്രീയ പ്രചാരണം മാത്രമാണ് പ്രതിപക്ഷത്തിന് ഇപ്പോഴത്തെ താൽപ്പര്യം എന്നുള്ളത് മനസ്സിലായി.

ഈ ബില്ലിന്റെ കാര്യത്തിൽ ഇപ്പോഴത്തെ കോടതിയുടെ നയങ്ങളൊക്കെയാണ് പറയുന്നത്. ഇതൊന്നും അത്ര ശരിയായ ഒരു നടപടിയല്ല എന്നാണ് എന്റെ അഭിപ്രായം, കാരണം ഒന്നുമില്ലെങ്കിൽ മുഴുവൻ സത്യമാണെന്ന് നമുക്കറിയാത്ത കാര്യങ്ങളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. അതിന് വളരെയധികം പ്രചാരം കൊടുക്കുന്നത് തെറ്റാണ്.

പി. എസ്. സി. യെക്കുറിച്ച് ഇവിടെ ചർച്ചയുണ്ടായി. പി. എസ്. സി. യെ എന്താണ് ചെയ്യേണ്ടത് അറിഞ്ഞിട്ടുവിട്ടു. പി. എസ്. സി. യെ തൊടിച്ചുവിടുക, കോടതിയെ താറടിച്ചുവിടുക, അതിന് എന്തെങ്കിലുമൊരു സിങ്കിടം ഇൻസ്റ്റന്റസ് കൊണ്ടുവരിക, ഇതൊന്നും പ്രതിപക്ഷത്തിന് നന്നല്ല. ഇന്നല്ലെങ്കിൽ നാളെ നിങ്ങടം ഭരിക്കും. ഞാൻ എന്തായാലും അധികം പ്രസംഗിക്കുന്നില്ല. ഈ ബില്ലിനെക്കുറിച്ച് ഒന്നുരണ്ടുകാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ടെക്സ്റ്റൈയിൽ മില്ലുകളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ നമ്മുടെ ഈ സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായമാണിത്. വളരെ പുരാതന വ്യവസായമാണ്. അതുപോലെ കഴിഞ്ഞ കാലങ്ങളിലൊക്കെ തഴച്ചുവളർന്നു ഇന്നും നിൽക്കുന്ന ഭാവിയുള്ള ഒരു വ്യവസായമാണ്. ആ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഇന്ന് പല പ്രതിസന്ധികളും ഉണ്ട്. പഴയതിനേക്കാൾ വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസപ്പെട്ട രീതിയിലാണ് ഇന്ന് പല ടെക്സ്റ്റയിൽ മില്ലുകളും പൊയ്ക്കൊണ്ടിരിക്കുന്നത്. ഇപ്പോഴും പീഡിതമായ കുറേ വ്യവസായങ്ങളും ഏറ്റെടുക്കുവാനാണ് ഈ ബിൽ. എനിക്ക് പറയാനുള്ളത് ഇന്നത്തെ നിലയിൽ പോയാൽ ഇനിയും പല മില്ലുകളും ഗവൺമെന്റ് ഏറ്റെടുക്കേണ്ടിവരും. ആ രീതിയിൽ പല മില്ലുകളും നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.....

ശ്രീ. കെ. കൃഷ്ണൻകുട്ടി: കേന്ദ്രഗവൺമെന്റിന്റെ ഈ പുതിയ ടെക്സ്റ്റയിൽ നയം നമ്മുടെ ടെക്സ്റ്റയിൽ വ്യവസായത്തെ സഹായിക്കുമോ, എന്താണ് മുസ്ലീംലീഗിന്റെ അഭിപ്രായമെന്നറിഞ്ഞാൽ തരക്കേടില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അത് ഒരു തർക്കവിഷയമാണ്. സഹായകരമല്ല എന്ന ഒരഭിപ്രായമുണ്ട്. അതുപോലെതന്നെ ടെക്സ്റ്റയിൽ വ്യവസായത്തെക്കുറിച്ച് പറയുമ്പോൾ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു വ്യവസായമാണ്. ഞാൻ നേരത്തെ പറഞ്ഞു ഏറ്റവും കൂടുതൽ താൽപ്പര്യമെടുത്ത് ചർച്ച നടത്തേണ്ട ഒരു ബിൽ ആണ് ഇതെന്ന്. ഏറ്റവും കുറഞ്ഞ മുതൽ മുടക്കുകൊണ്ട് ഏറ്റവും കൂടുതൽ തൊഴിലാളികൾക്ക് ജോലി കൊടുക്കാൻ കഴിയും. അതുകൊണ്ട് ഇനിയും അനേകം മില്ലുകൾ നല്ല നിലയിൽ നടക്കുകയാണ് എന്നുണ്ടെങ്കിൽ ഇനിയും പല മില്ലുകളും നമുക്ക് ഈ സംസ്ഥാനത്ത് ഉണ്ടാക്കാൻ കഴിയും. ഏറ്റവും കുറച്ച് മുതൽ മുടക്കുകൊണ്ട് ഏറ്റവും കൂടുതൽ ആളുകൾക്ക് ജോലി കൊടുക്കാവുന്ന ഒരേയൊരു വ്യവസായം ടെക്സ്റ്റയിൽ വ്യവസായമാണ്. അതുകൊണ്ട് നമ്മുടെ കേരളത്തിലെന്നല്ല ഇന്ത്യയിലൊട്ടാകെതന്നെ കഴിഞ്ഞ കാലങ്ങളിലും അതുപോലെതന്നെ ഇപ്പോഴും ഇനി ഭാവിയിലും ഇത് തഴച്ചുവളരാനുള്ള എല്ലാ സാദ്ധ്യതകളും ഉണ്ട്. അതുകൊണ്ട് ഈ വ്യവസായത്തെ സംബന്ധിച്ച് ഇന്നുള്ള പ്രശ്നങ്ങൾ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ടെക്സ്റ്റയിൽ മില്ലുകളെ സംബന്ധിച്ചിടത്തോളം പൊതുവിൽ വികസനത്തിന് വേണ്ടിയാണ് കെ. എസ്. ടി. സി. ഉണ്ടാക്കിയത് എന്നാണ് എനിക്ക് തോന്നുന്നത്.

ഏതായാലും കെ. എസ്. ടി. സി. പോലുള്ള ഒരു
12 Noon] കോർപ്പറേഷൻ ഇന്ന് ഈ ടെക്സ്റ്റയിൽ വ്യവസായത്തിന് ഗുണമാണോ ദോഷമാണോ എന്നുള്ളത് ഈ ഗവൺമെന്റ് പരിശോധിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭിപ്രായപ്പെടുകയാണ്.

പുതിയൊരു വ്യവസായം ഉണ്ടാകുമ്പോൾ, പ്രത്യേകിച്ച് പുതിയൊരു ടെക്സ്റ്റയിൽ മിൽ ഉണ്ടാകുമ്പോൾ അതിന്റെ നിർമ്മാണഘട്ടത്തിൽ നിരവധി പ്രശ്നങ്ങളുണ്ട്. അങ്ങനെ നിർമ്മാണത്തിലിരിക്കുന്ന ഒരു മില്ലിന് കെ. എസ്. ടി. സി. പോലുള്ള തിരുവനന്തപുരത്തെ ആഫീസിൽ ഇരുന്ന് കൈകാര്യം ചെയ്യേണ്ട രീതിയിലുള്ള ഒരു സംവിധാനം ഇവിടെയുണ്ട് എങ്കിൽ അത് എത്രത്തോളം ഫലപ്രദമാകുമെന്നുള്ളത് ചിന്തിക്കേണ്ടതാണ്. അതുകൊണ്ട് ഓരോ യൂണിറ്റിനും പ്രത്യേകം പ്രത്യേകം മാനേജ്മെന്റ് ഉണ്ടായിരിക്കണം. അത്ര വ്യാപ്തിയുള്ള പ്രശ്നങ്ങളാണ് ഒരു ടെക്സ്റ്റയിൽ മില്ലിനെ സംബന്ധിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളമുള്ളത് എന്ന് എനിക്ക് തോന്നുകയാണ്. കെ. എസ്. ടി. സി. എന്നുള്ള സംവിധാനം തന്നെ ഇന്ന് വേണ്ടത്ര ഫലപ്രദമല്ല എന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും ഈ കെ. എസ്. ടി. സി. യുടെ പ്രവർത്തനം ഫലപ്രദമാക്കുവാൻ വേണ്ടി ഗവൺമെന്റ് നടപടി എടുക്കണമെന്നും അതല്ലായെന്നുണ്ടെങ്കിൽ ഓരോ യൂണിറ്റിനും പ്രത്യേകം പ്രത്യേകം മാനേജ്മെന്റ് ഉണ്ടാക്കണമെന്നും ഞാൻ ഈ അവസരത്തിൽ അഭിപ്രായപ്പെട്ടുകൊണ്ട് ഈ ബില്ലിനെ പിൻതാങ്ങുകയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഈ ബില്ല് പൊതുജനാഭിപ്രായം ആരായുന്നതിന് വിടണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. കേരള സർക്കാർ ഇന്ന് ദുർബ്ബലാവസ്ഥയിലാണെന്ന് പറയാതെതന്നെ എല്ലാ പേർക്കും അറിയാം. അങ്ങനെ ദുർബ്ബലാവസ്ഥയിലുള്ള ഒരു സർക്കാർ ദുർബ്ബലാവസ്ഥയിലുള്ള ഏതാനും ടെക്സ്റ്റയിലുകളെ വിലക്കെടുക്കുന്നതിനുള്ള ഒരു ദുർബ്ബല നിയമമാണ് ഇത്. അങ്ങനെയുള്ള ഒരു ദുർബ്ബല നിയമത്തെക്കുറിച്ച് നമ്മൾ സംസാരിക്കുമ്പോൾ ഇന്ന് ഈ സർക്കാരിന്റെ നേതൃത്വത്തിലിരിക്കുന്ന ടെക്സ്റ്റയിൽമില്ലുകളായിരുന്നാലും ശരി സ്പിന്നിംഗ് മില്ലുകളായിരുന്നാലും ശരി അത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നും അതിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് നമ്മൾ സംസാരിക്കുമ്പോൾ അങ്ങനെ ഏറെടുത്തു കഴിഞ്ഞാൽ ഇന്നലെവരെ തൊഴിൽ ചെയ്തുകൊണ്ടിരുന്ന ആളുകൾക്ക് കാര്യക്ഷമമായ പ്രവർത്തനം നടത്തുവാൻ സന്ദർഭം ലഭിക്കുമോ എന്നും നമ്മൾ ആലോചിക്കേണ്ടതാണ്. ഈ നിയമത്തെക്കുറിച്ച് മൊത്തത്തിൽ പറയുകയാണെങ്കിൽ ഈ ദുർബ്ബലാവസ്ഥയിലുള്ള ഏതാനും ടെക്സ്റ്റയിൽ മില്ലുകൾക്ക് ആനുകൂല്യം ഉണ്ടാക്കിക്കൊടുക്കുന്നതിനും അതിൽ ഇന്നലെവരെ പണി ചെയ്തുകൊണ്ടിരുന്ന പാവപ്പെട്ട തൊഴിലാളികളെ എല്ലാ തരത്തിലും ദ്രോഹിക്കുന്നതിനും ഉള്ള ഒരു നടപടിയാണ് ഇത് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

ഇവിടെ കോടതിയെക്കുറിച്ചൊക്കെ വളരെ ദീർഘമായി പരാമർശിക്കപ്പെട്ടു. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഒരു അഭിഭാഷകനാണ്. എന്തുകൊണ്ട് ഇതിൽ അഭിഭാഷകൻമാരുടെ സംരംഭങ്ങളേയും അതുപോലെതന്നെ കോടതിയിൽ ഒരാളിന് തന്റെ അവകാശത്തെ ചോദ്യം ചെയ്യുന്നതിനുള്ള പരമോന്നത അധികാരത്തേയും തടസ്സപ്പെടുത്തിയിരിക്കുന്നു എന്ന് അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിലെങ്കിലും പറയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അഭിഭാഷകവൃത്തിയുമായി ബന്ധമില്ലാത്ത ഒരാൾ ഒരാളിന്റെ അവകാശത്തെ ചോദ്യം ചെയ്യുന്നതിനുള്ള അവകാശത്തെ തടസ്സപ്പെടുത്തിയാൽ നമുക്ക് മനസ്സിലാകുന്നതാണ്. ഇവിടെ എല്ലാപേരും ഭരണപക്ഷത്തുള്ളവരായിരുന്നാലും പ്രതിപക്ഷത്തുള്ളവരായിരുന്നാലും ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന ആളുകളായിരുന്നാലും കോടതികളുടെ പരമോന്നത അധികാരത്തെയൊക്കെക്കുറിച്ച് വായ്തോരാതെ പ്രസംഗിക്കുന്നവരാണ്. വായ്തോരാതെ പ്രസംഗിക്കുന്നവരുടേയൊക്കെ കഴിഞ്ഞ കാലാനുഭവങ്ങൾ നമ്മൾ നോക്കിയാൽ തനിക്ക് അനുകൂലമായി ഒരു വിധി വരികയാണെങ്കിൽ, ഒരു തീരുമാനമുണ്ടാകുകയാണെങ്കിൽ ആ കോടതി ഈ രാജ്യം കണ്ടതിൽ വെച്ച് ഏറ്റവും പരിശുദ്ധമായ ഒരു ആസ്ഥാനമാണെന്നും അത് തനിക്ക് അനുകൂലമല്ലായെങ്കിൽ ആ കോടതി ഈ രാജ്യം കണ്ടതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും വലിയബൂർഷ്വാ നിലവാരം സ്വീകരിക്കുന്ന ഒരു ആസ്ഥാനമാണ് എന്നും പീഡിയെഴുതുക പതിവാണ്. ഈ അടുത്തകാലത്ത് നമുക്കറിയാം ചില ആളുകളെയൊക്കെ ഒഴിവാക്കുന്നതിനുവേണ്ടി പല സംരംഭങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ ഈ നിയമത്തിൽ ബഹുമാനപ്പെട്ട വി. ജെ. തങ്കപ്പൻ ഇവിടെ സൂചിപ്പിച്ചതുപോലെ ടെക്സ്റ്റയിൽ മുതലാളികൾക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് കോടതിയെ സമീപിക്കാൻ സാധിക്കുകയും. അതേ സമയത്ത് തൊഴിലാളികളുടെ ഒരവകാശത്തിനും —അതുപോലെതന്നെ ഇതിനുമുമ്പ് ഉള്ള നിയമങ്ങളിലൊക്കെ ട്രൈബ്യൂണലിലെങ്കിലും അവർക്ക് പരാതിപ്പെടാൻ സാധിക്കുമായിരുന്നു—ട്രൈബ്യൂണലിൽപോലും പരാതിപ്പെടാൻ സാധിക്കാത്ത നിബന്ധനകളാണ് ഇതിൽ എഴുതിവച്ചിരിക്കുന്നത്.

ഈ നിയമം ഓർഡിനൻസായി ഇറക്കുമ്പോഴേതന്നെ ഇൻഡ്യൻ പ്രസിഡൻറിന്റെ അംഗീകാരം കിട്ടിയതാണ്. ഇതിനെ നിയമമാക്കിക്കഴിഞ്ഞാൽ വീണ്ടും ഇൻഡ്യൻ പ്രസിഡൻറിന്റെ അംഗീകാരം കിട്ടിക്കഴിഞ്ഞാൽ ഈ വകുപ്പിൽ എഴുതിവച്ചിരിക്കുന്നതുപോലെതന്നെ കേന്ദ്രനിയമത്തിൽ എന്തൊക്കെ എഴുതിവച്ചിരുന്നാലും, എന്തൊക്കെ നിയമസംരക്ഷണം നല്കുമെന്നുണ്ടെങ്കിലും ഇവിടത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിൽ എഴുതിവച്ചിരിക്കുന്ന നിബന്ധനകളാണ് ബാധകം. ഈ നിയമത്തിൽ തൊഴിലാളികൾക്ക് കോടതിയെ സമീപിക്കാൻ സാദ്ധ്യമല്ല എന്ന ഒരു വകുപ്പ് എഴുതിവച്ചിരുന്നാൽ കേന്ദ്രനിയമത്തിൽ എന്തൊക്കെ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇൻഡ്യൻ പ്രസിഡൻറ് ഇതിനെ അംഗീകരിച്ചുകഴിഞ്ഞാൽ ഈ സംസ്ഥാനത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ബാധകമാകുകതന്നെ ചെയ്യും. അങ്ങനെയാണെങ്കിൽ ഇന്നലെവരെ ഉണ്ടായിരുന്ന സേവനവേതന വ്യവസ്ഥകൾ പുനഃസ്ഥാപിച്ചുകിട്ടണമെങ്കിൽ ഈ ദുർബലാവസ്ഥയിൽ കഴിയുന്ന ഏറെടുക്കുന്ന ടെക്സ്റ്റയിലുകളിലെ തൊഴിലാളികൾക്ക് അവകാശപ്പെടാൻ സാധിക്കുമോ? കേരളത്തിലെ പതിനായിരക്കണക്കിന് പീഡിത വ്യവസായങ്ങളുടേയും അതുപോലെ മരിച്ചുകഴിഞ്ഞ വ്യവസായങ്ങളുടേയും കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ഒരുപിടി ആളുകളെ അല്ലെങ്കിൽ മുതലാളിമാരെ സഹായിക്കുന്നതിനു വേണ്ടിയാണ് ഇത്രയും ടെക്സ്റ്റയിൽമില്ലുകളും ഏറെടുക്കുന്നത്. ഏറെടുത്തുകഴിഞ്ഞാൽ ഒന്നുകിൽ ഒരുപിടി ഉദ്യോഗസ്ഥൻമാരെ സൃഷ്ടിക്കുവാൻ സാധിക്കും, അല്ലെങ്കിൽ ഇന്ന് നിലവിലിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് പ്രമോഷൻ സന്ദർഭങ്ങളും ഉണ്ടാക്കി ഉന്നതമായ സ്ഥാനങ്ങളിൽ കയറിയിരുത്താൻ സാധിക്കും. ആ ഒറ്റ ആഗ്രഹം മുൻനിർത്തിക്കൊണ്ടാണ് പീഡിത വ്യവസായങ്ങളും എന്നുള്ള നിലയിൽ ഈ ഒരുപിടി ടെക്സ്റ്റയിൽമില്ലുകളും ഏറെടുക്കുന്നതിനുള്ള സംരംഭവുമായി ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ട് വന്നിട്ടുള്ളത്. അല്ലെങ്കിൽ ഇന്ന് സംസ്ഥാനത്ത് മരിച്ചുകഴിഞ്ഞതായിട്ടുള്ള യൂണിറ്റുകളും, അതിനുവേണ്ടി ആസ്തികളും നല്കി സാങ്കേതിക ഉപദേശങ്ങളും നല്കി അതിനെ പുനരുദ്ധരിപ്പിച്ച് എടുക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകുമായിരുന്നോ? പക്ഷേ അതിന് ഒരു നടപടിയും ഇന്ന് അധികാരത്തിലിരിക്കുന്ന സർക്കാർ എന്നുള്ള നിലയിൽ, അധികാരത്തിലിരിക്കുന്ന വകുപ്പിന്റെ അദ്ധ്യക്ഷൻ എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രിയിൽനിന്നും കാണുവാൻ സാധിക്കുന്നില്ല. അദ്ദേഹം ഒരു അഭിശപ്തകനെന്നുള്ള നിലയിൽ പലദിവസവും

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നിയമപ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതും വായ്തോരാതെ സംസാരിക്കുന്നതും കോടതിക്കാണ്. ഇതിൽ ആർക്കെങ്കിലും എന്തെങ്കിലും സഹായം ലഭിക്കണമെന്നുണ്ടെങ്കിൽ കോടതിയെ സമീപിക്കുന്നതിന് അദ്ദേഹം കൊടുത്തിട്ടുള്ള വകുപ്പ് ഇതിൽ വയ്ക്കുമായിരുന്നോ? അദ്ദേഹം ഒരു അഭിഭാഷകനെന്നുള്ള നിലയിൽ അഭിഭാഷകർക്കെങ്കിലും ഇതിനു സന്ദർഭമുണ്ടാക്കിക്കൊടുത്തു എന്ന് അഭിമാനിക്കാൻ സാധിക്കുമായിരുന്നു. വർഗ്ഗസ്നേഹമെന്നു നമ്മളും പറയാറുണ്ട്. ഒരു അഭിഭാഷകന് അഭിഭാഷകരോടെങ്കിലും സ്നേഹം തോന്നണ്ടേ? അതുപോലും ഇല്ല. എന്തിനുവേണ്ടി.....

ശ്രീ. ഇ. അഹമ്മദ്: ഒരു അഭിഭാഷകമെമ്പറായ ശ്രീ. എസ്. ആർ. തങ്കരാജ് ഒരു അഭിഭാഷകനെകൂടി സഹായിക്കുന്ന നിലയിലുള്ള നിയമം കൊണ്ടുവരണമെന്ന ഒരു സൂചന പറയുന്നത് ഈ നിയമസഭയിൽ പെക്യൂനിയറി ഇൻറെറസ്റ്റിനുവേണ്ടി വാദിക്കാൻ പാടില്ലായെന്നുണ്ട്, നാട്ടുക്ക് താല്പര്യമുള്ള കാര്യങ്ങളിൽ. അതുകൊണ്ട് ഇത് ശരിയാണോ എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ്: ഇത് പെക്യൂനിയറി ഇൻറെറസ്റ്റിന്റെ പ്രശ്നമല്ല. ഇന്ന് രാജ്യത്ത് അഭിഭാഷകർ യാതൊരുപ്രതിഫലവും കൂടാതെ സത്യസന്ധമായി ഈ രംഗത്ത് ഫീസ് കൊടുക്കാതെ കേസ്സ് നടത്താൻ സാധിക്കാത്ത ആയിരക്കണക്കിന് ആളുകളെ സഹായിക്കുന്നതിനുള്ള സംഘടനകളുണ്ടാക്കിയിട്ടുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. ഇ. അഹമ്മദ്: വർഗ്ഗതാല്പര്യത്തെ സംബന്ധിച്ച് പറഞ്ഞതിനെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. അഭിഭാഷകരുടെ സംഘടനകളും അങ്ങനെ ഉണ്ടെന്നറിയാമെങ്കിലും ഇതിന് സാമ്പത്തികസഹായം അഭിഭാഷകർ ഉണ്ടാക്കുന്നതല്ല. ഈ രാജ്യത്ത് നീതി കിട്ടാൻ അർഹതയുള്ളവർക്ക് സാമ്പത്തികമില്ല എന്നുള്ള ഒറ്റകാരണംകൊണ്ട് നീതി നിഷേധിക്കപ്പെടരുത് എന്നുള്ള ഒരു വസ്തുതകൂടി ഇതിന്റെ ഒരുവശത്തുണ്ട്. അതിനെല്ലാമുപരിയായി.....

ശ്രീ. ഇ. പത്മനാഭൻ: തൊഴിലാളികൾക്ക് കോടതിയിൽ പോകാനുള്ള ഒരവസരം ഉണ്ടാകണമെന്നു പറഞ്ഞപ്പോഴാണ് മന്ത്രിക്ക് ഈ ഫീസിന്റെ കാര്യം ഓർമ്മവന്നത്. അപ്പോൾ മുതലാളിമാർ എന്താണ് ചെയ്യാറ്, സാധാരണ ഫീസ് കൊടുക്കാതെയാണോ കേസുകൾ നടത്താറ്?

ശ്രീ. ഇ. അഹമ്മദ്: ഈ വകുപ്പുകളൊക്കെ ഉണ്ടായാലും കോടതിയിൽ പോകുന്നതിന് തടസ്സമൊന്നുമില്ല.

ശ്രീ. എസ്. ആർ. തങ്കരാജ്: 1947-ലെ കേന്ദ്രനിയമത്തെ പരാമർശിച്ചാണ് ഈ നിയമം തുടങ്ങുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കാണും. ആ നിയമത്തിൽ പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾ ഇന്ന് ഈ രാജ്യത്തെ തൊഴിലാളികൾക്ക് നിലവിലിരിക്കുകയാണ്. ഈ നിയമം നടപ്പിൽ വരുന്നതോടുകൂടി ആ നിയമത്തിന്റെ ആനുകൂല്യങ്ങൾക്ക് അർഹതയില്ലാതാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇൻഡ്യൻ പ്രസിഡൻറിന്റെ അംഗീകാരം വാങ്ങി ഇവിടെ ഒരു ഓർഡിനൻസ് വന്നതിനുശേഷം, അതു നിയമമായി കഴിയുമ്പോൾ ഇൻഡ്യൻപ്രഡിഡൻറ് വീണ്ടും അതിന് അംഗീകാരം കൊടുത്തു കഴിയുമ്പോൾ മാത്രമേ ഈ നിയമം കേരളസംസ്ഥാനത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ബാധകമാകുന്നുള്ളൂ എന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രി മറന്നുപോയോ എന്നു ഞാൻ സംശയിക്കുകയാണ്. ഇതു മറന്നാലും ഈ വ്യവസായം നിലവിലുള്ളിടത്തോളം കാലം കോടതികളിലോ ട്രൈബ്യൂണലുകളിലോ മറ്റ് അധികാരസ്ഥാനങ്ങളിലോ പരാതികൊടുക്കാൻ അവകാശം ഇല്ല എന്നൊരു നിബന്ധന എഴുതി ച്ചേർക്കാൻ ഉണ്ടായ ചേതോവികാരം ഒരുപക്ഷേ ഒരു അഭിഭാഷകൻ എന്നുള്ളനിലയിൽ സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടി, ഞാൻ വക്കീലൻമാർക്കുവേണ്ടി വാദിക്കുന്നു എന്നു പറഞ്ഞ ബഹുമാനപ്പെട്ട മന്ത്രിയും....

ശ്രീ. ഇ. അഹമ്മദ്: നോ..... നോ..... ഞാൻ അങ്ങനെ പറഞ്ഞില്ല. ഒരു വർഗ്ഗത്തിന്റെ താൽപര്യത്തിനുവേണ്ടി പറയുന്നത് ശരിയല്ല എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എസ്. ആർ. തങ്കരാജ്: ഈ നിയമത്തിൽ മുതലാളിമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി എവിടെപോകുന്നതിനും യാതൊരു തടസ്സവും ഉണ്ടായിരിക്കുന്നതല്ല. മുതലാളിമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സുപ്രീംകോടതിവരെയോ അതല്ലെങ്കിൽ അതിനപ്പുറത്തു മറ്റൊരു കോടതിയുണ്ടെങ്കിൽ അതുവരേയോ പോകുന്നതിന് യാതൊരു തടസ്സവും സൃഷ്ടിച്ചിട്ടില്ല എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രി ഓർക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ നിയമം നടപ്പിലാക്കുന്നതോടൊപ്പം തൊഴിലാളികൾക്ക് ഇന്നലെവരെയുണ്ടായിരുന്ന അവകാശങ്ങൾ നിലനിറുത്തികൊടുക്കുന്നതിന് ഒരു വകുപ്പു എഴുതിച്ചേർക്കാൻ, ഒന്നുമില്ലെങ്കിലും ഇത്രകാലം തൊഴിൽ ചെയ്ത ആളുകൾക്ക്, ഒരു പിരിയേഡ് ഓഫ് ലിമിറ്റേഷൻ എങ്കിലും വയ്ക്കാൻ അദ്ദേഹം തയ്യാറായില്ല. അത് ഈ സംരംഭങ്ങളിലെല്ലാം ഉള്ളതാണ്. ഇന്ന് സർക്കാർ സർവ്വീസിൽ എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ച് മുഖേനയെങ്കിലും 240 ദിവസം ജോലി ചെയ്ത ആളുകൾക്ക് ചില ആനുകൂല്യങ്ങൾ കൊടുക്കണമെന്നാണ് നിലവിലിരിക്കുന്ന നിയമസംഹിതകളിൽ ഉള്ളത്. ഇവിടെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിരുത്തരവാദപരമായ പ്രവർത്തനങ്ങളെക്കുറിച്ച് പല ദിവസങ്ങളിലും സംസാരിച്ചിട്ടുണ്ട്, ഈ രാജ്യത്തെ സമ്പത്തെന്ന് പറയുന്നത് ഈ രാജ്യത്തെ തൊഴിലാളികളാണ്. അവർക്കുവേണ്ടി ഒരു നിയമം എഴുതി ഉണ്ടാക്കുമ്പോൾ കഴിഞ്ഞകാലത്തെ നിയമങ്ങളുടെ നൂലാമാലകളിൽ പിടിച്ചുതൂങ്ങി നിൽക്കരുതായിരുന്നു. നമ്മൾ ഈ നിന്നു സംസാരിക്കുന്ന ഈ സഭയുടെ മനോഹാരിത സൃഷ്ടിച്ച തൊഴിലാളികൾ മനോഹരമായ വസ്ത്രങ്ങൾ നിർമ്മിക്കുവാൻ വേണ്ടത്ര കരവിരുതുള്ള തൊഴിലാളികൾ, ആ തൊഴിലാളിവർഗ്ഗത്തിന്റെ സേവന—വേതന വ്യവസ്ഥകളെക്കുറിച്ച് ആലോചിച്ച് നിയമനിർമ്മാണം നടത്തേണ്ടതായിരുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇത് പണ്ഡിതസർക്കാരിന്റെ ഭാഗമാണോയെന്നറിയില്ല. ഒരു പണ്ഡിത സർക്കാർ ആണെങ്കിൽപോലും ദുർബ്ബലാവസ്ഥയിൽനിന്നു ദുർബ്ബലാവസ്ഥയിലേക്ക് നീങ്ങികൊണ്ടിരിക്കുന്ന സർക്കാർ ആണെങ്കിൽപ്പോലും ഈ രാജ്യത്തെ 80 ശതമാനത്തോളം വരുന്ന തൊഴിലാളിവർഗ്ഗത്തിന്റെ അവകാശങ്ങൾ കാറിൽ പറത്തിക്കൊണ്ട് നിയമനിർമ്മാണം നടത്തിയത് യുക്തിക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിരക്കുന്നതല്ല; നിയമത്തിന് നിരക്കുന്നതല്ല, മനുഷ്യമനഃസാക്ഷിക്ക് നിരക്കുന്നതല്ല, അതുകൊണ്ട് ഇതിനെക്കുറിച്ച് പുനർചിന്തനം നടത്തുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ഈ നിയമം തീർച്ചയായിട്ടും പൊതുജനാഭിപ്രായം ആരായുന്നതിന് അയക്കണം.

പലതവണ നിവേദനം നടത്തിയിട്ടുള്ള ഒരു കാര്യമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്. ബാലരാമപുരത്ത് ഒരു സ്പിന്നിംഗ്മിൽ പ്രവർത്തിക്കുന്നുണ്ട്. ഈ മില്ലിനുവേണ്ടി നാലോ അഞ്ചോ ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്. ഇന്ന് ഏതാണ്ട് ആയിരത്തിൽ താഴെ തൊഴിലാളികൾക്കുമാത്രം തുച്ഛമായിതൊഴിൽ കൊടുക്കുന്ന ഒരു സംരംഭമാണിത്. 3500-ളം തൊഴിലാളികൾക്കു തൊഴിൽ കൊടുക്കുന്നതിനുവേണ്ടി ഡിസൈൻ ചെയ്തിട്ടുള്ള അത്രയേറെ സജ്ജീകരണങ്ങളുള്ള ഒരു മില്ല് ഈ സംസ്ഥാനത്തുള്ളപ്പോഴാണ്. അതിനെ ബലപ്പെടുത്തുന്നതിന്, അവിടത്തെ തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തു നടപടികളാണ് എടുത്തിട്ടുള്ളത്? തങ്ങളുടെ മനസ്സിലുള്ള ഏതാനും ആളുകളെ തിരുകികയറ്റാനുള്ള ഒരു സംരംഭമായി ഇതിനെ ഒരു കാലത്തും കാണാൻ പാടില്ല. ഇവിടെ പ്രാദേശികമായ കാര്യങ്ങൾ എന്തെങ്കിലും പറയുകയാണെങ്കിൽ പ്രാദേശികമായി ചിന്തിക്കുന്നു, സംസാരിക്കുന്നു എന്നുപറയും. മറ്റ് പല ഭാഗങ്ങളിലും ഇന്നു പ്രാദേശികമായി ചിന്തിച്ചു അവിടത്തെ വ്യവസായസ്ഥാപനങ്ങൾ പുഷ്ടിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതുകാണുമ്പോൾ, മന്ത്രിയെന്നുള്ള നിലയ്ക്ക് അദ്ദേഹം ഒരു ഭാഗത്തേയ്ക്കും ചായാൻ പാടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. മന്ത്രിയെന്ന നിലയിൽ സംസ്ഥാനത്തെ വ്യവസായങ്ങളുടെ സമഗ്രമുഖമായ വികസനത്തിന് നേതൃത്വം കൊടുക്കാൻ ബാദ്ധ്യസ്ഥനാണ അദ്ദേഹം. സർക്കാർ ഉടമയിലുള്ളതാണെങ്കിലും പീഡിതമായി മാറിക്കൊണ്ടിരിക്കുന്ന ഈ വ്യവസായത്തെ, വളരെയധികം പണം ചെലവഴിച്ചു വാങ്ങിയ ഭൂമിയൊക്കെ ഉപയോഗിക്കുന്നതിനും ഈ വ്യവസായത്തെ വിപുലമാക്കുന്നതിനും വേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കാനും പവർലൂംസും മറ്റും വരുത്തി ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും തയ്യാറാകണം. അതുകൊണ്ട് ഈ രാജ്യത്തെ തൊഴിലാളികൾക്ക് തൊഴിലവസരം കൊടുക്കാൻ സാധിച്ചില്ലെങ്കിൽ നമ്മുടെ ഖജനാവിലെ വളരെ വലിയ ഒരു തുകയാണ് പാഴായിപോകുന്നത്. ഇനിയും വ്യവസായങ്ങൾ തുടങ്ങാൻ വലിയ തുക മുതൽമുടക്കുന്നതിനുപകരം നിലവിലിരിക്കുന്ന ഇതുപോലുള്ള വ്യവസായസ്ഥാപനങ്ങളെ പുഷ്ടിപ്പെടുത്താനും ശക്തിപ്പെടുത്താനും ശ്രമിക്കുന്നത് പ്രയോജനകരമായിരിക്കും. ഈ നിയമത്തിലെ തൊഴിലാളി വിരുദ്ധവകുപ്പുകൾ എടുത്തുമാറ്റി ഇത് കൂടുതൽ ജനകീയമാക്കി മാറ്റാൻ പൊതുജനാഭിപ്രായം ഇതിൽ നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. കെ. രാജൻ: സർ, ഈ ബില്ലിലെ ഏറ്റെടുക്കൽ നടപടികളോടു ഞാൻ യോജിക്കുകയാണ്. എന്നാൽ ഇതിൽ എഴുതിവച്ചിരിക്കുന്ന തൊഴിലാളി ദ്രോഹനടപടികൾ ഇവിടെ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ പിൻവലിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ദുർബലാവസ്ഥയിലുള്ള മില്ലുകൾ ഏറ്റെടുക്കുന്നതുകൊണ്ടുമാത്രം തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കപ്പെടുകയില്ല. ഇപ്പോഴത്തന്നെ ഏറ്റെടുത്തശേഷം ഈ മില്ലുകളുടെ വികസനത്തിനുവേണ്ടി വളരെ തുച്ഛമായ ഒരു സംഖ്യമാത്രമാണ് ചെലവഴി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുള്ളത്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന വ്യവസായനയം ഇൻഡ്യയിലൊട്ടാകെയുള്ള വ്യവസായത്തെ കുത്തകമുതലാളി വർഗ്ഗത്തിനു അടിയറ വയ്ക്കുന്ന ഒരു നടപടിയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. ഇതിന്റെ ഫലമായി തൊഴിലാളികളെ പിരിച്ചുവിടാനും തൊഴിലാളികൾക്ക് ജോലി കുറയ്ക്കാനും ആവശ്യമായ സംവിധാനങ്ങൾ പുതുതായി കൊണ്ടുവരും. ഇങ്ങനെ വ്യവസായങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന നടപടികളാണ് പുത്തൻ ഭരണപരിഷ്കാരങ്ങളെന്ന പേരിൽ ശ്രീമതി രാജീവ്ഗാന്ധി കൊണ്ടുവന്നിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ടെക്സ്റ്റൈൽ വ്യവസായത്തോടൊപ്പം നിലനിൽക്കുന്നതാണ് കൈത്തറി വ്യവസായവും. ഇൻഡ്യയിലൊട്ടാകെ കൈത്തറിവ്യവസായത്തിൽ ഒരു കോടിആളുകൾ പണിയെടുക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് 2 ലക്ഷത്തോളം വരുന്ന ആളുകൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. അത്തരം ആളുകൾക്കാണ് ഈ പുതിയ ടെക്സ്റ്റൈൽവ്യവസായ നയം ഏറ്റവും ആപൽകരമായിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളെല്ലാം ഇപ്പോൾ തകർച്ചയിലാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇവയുടെ തകർച്ചയും തൊഴിലില്ലായ്മയും കൂടുതൽ കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. ഈ വരുന്ന ഒക്ടോബർ മാസം 7-ാം തീയതി നടത്തുന്ന ബന്ദിന്റെ അതിപ്രധാനമായ ഒരു മുദ്രാവാക്യം ഇതാണ്. പരമ്പരാഗത വ്യവസായങ്ങളെ നാശത്തിൽനിന്നു രക്ഷിക്കണമെങ്കിൽ അതിനാവശ്യമായ സാമ്പത്തികസഹായം നൽകണം, കാർഷികമേഖലയോടൊപ്പം തന്നെ വ്യാവസായിക മേഖലയിൽ പണിയെടുക്കുന്ന ആളുകളുടെ പ്രശ്നങ്ങളും പരിഹരിക്കണം. അതിനു ഞങ്ങൾ ബന്ദ് പ്രഖ്യാപിച്ചപ്പോൾ അത് രാഷ്ട്രീയപ്രേരിതമാണെന്ന് ഇവിടെ പറഞ്ഞു. കഴിഞ്ഞ ദിവസം കൂടിയ ഭരണകക്ഷി ഏകോപനസമിതിയോഗം ബന്ദിനുമുമ്പ് പ്രധാനമന്ത്രി രാജീവ്ഗാന്ധിയെക്കണ്ട് പ്രശ്നങ്ങൾ പരിഹരിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഞങ്ങൾ ഉന്നയിച്ചിരിക്കുന്നതിൽ നാളികേരത്തിന്റെ വിലയിടിവ് ഒരു മുഖ്യമായ പ്രശ്നമാണ്. പരമ്പരാഗതവ്യവസായങ്ങൾ, കോച്ച്ഫാക്ടറി, റെയിൽവേ തുടങ്ങിയ കാര്യങ്ങളിൽ ഊന്നിനിന്നുകൊണ്ട് ഞങ്ങൾ നടത്തുന്ന ബന്ദ് രാഷ്ട്രീയ പ്രേരിതമെന്നാണ് ഭരണകക്ഷി പറയുന്നത്. ഇപ്പോൾ അവർക്കുതന്നെ തോന്നിയിരിക്കണം അത് രാഷ്ട്രീയപ്രേരിതമല്ലയെന്ന്. നമ്മുടെ സംസ്ഥാനത്ത് നാളികേരത്തിന്റെ വില ഇടിയുന്നു. പരമ്പരാഗതവ്യവസായങ്ങൾ തകരുന്നു. അതിനു പരിഹാരം കാണണമെന്ന് ഭരണകക്ഷിക്കുതന്നെ ഇപ്പോൾ തോന്നിയിരിക്കുന്നു. ബന്ദ് പിൻവലിച്ചാൽ ഡൽഹിയിൽ പ്രതിപക്ഷത്തെകൂടി കൊണ്ടുപോകാമെന്ന ശ്രീ. ഉമ്മൻചാണ്ടിയുടെ ഒരു പ്രസ്താവന കണ്ടു. സംസ്ഥാനത്തിന്റെ ഉത്തമതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു ഒരഖിലകക്ഷി നിവേദനസംഘം ഡൽഹിയിലേക്ക് പോകണമെന്ന്. ഞങ്ങൾ എത്രയോ പ്രാവശ്യം മുഖ്യമന്ത്രിയോടു ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പരസ്യമായ ഒരു ചോദ്യം ഉന്നയിച്ചിരിക്കുകയാണ് ശ്രീ. ഉമ്മൻചാണ്ടി. ഉമ്മൻചാണ്ടിയെപ്പോലെയുള്ള ഒരാൾ അങ്ങനെ പറയാൻ പാടില്ല. ശ്രീ. കരുണാകരൻ കഴിഞ്ഞാൽ അടുത്ത മുഖ്യമന്ത്രി ഉമ്മൻചാണ്ടിയാണെന്നായിരിക്കും അദ്ദേഹം മനസ്സിൽ കരുതിയിരിക്കുന്നത്.

ശ്രീ. പന്തളം സുധാകരൻ: അതു നമ്മുടെ പാർലിമെന്ററി പാർട്ടി തീരുമാനിച്ചുകൊള്ളും. ബഹുമാനപ്പെട്ട രാജൻ ആവശ്യമില്ലാത്ത കാര്യങ്ങളിൽ കൈ കടത്തേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: നിങ്ങൾക്ക് തീരുമാനിക്കാൻ കഴിവില്ല എന്ന കാര്യം വ്യക്തമായില്ലേ? കേരളത്തിൽ ഇത്രയും ഭയനീയമായ സാമ്പത്തിക തകർച്ച ഉണ്ടായി. ഞങ്ങടെ ബന്ദ് പ്രഖ്യാപിച്ചതിനുശേഷമല്ലേ ഇപ്പോൾ ഡൽഹിക്ക് ഒന്നിച്ചു പോകാം എന്നു പറയാൻ തോന്നിയത്.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: മി. രാജൻ, അങ്ങയുടേയും അങ്ങയുടെ പാർട്ടിയുടേയും ശുപാർശ ഒന്നുമില്ലാതെ തന്നെ ഡൽഹിയിൽ കാര്യങ്ങൾ നടക്കും. അത് സർക്കാരിന് അറിയാവുന്ന കാര്യമാണ്. അതിന് അങ്ങയുടെ ഒരു ശുപാർശയും വേണ്ട.

ശ്രീ. കെ. ശങ്കരനാരായണപിള്ള: ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയാകുമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വക്കം പുരുഷോത്തമനും, ശ്രീ. എം. എം. ജേക്കബുമൊക്കെ മന്ത്രിമാരാകുമെന്നു വിശ്വസിച്ചതുപോലെയല്ലേ?

ശ്രീ. വി. കെ. രാജൻ: സർ, ഈ ബില്ലിലെ പരമ്പരാഗത വ്യവസായത്തിന്റെ കാര്യവുമായി ബന്ധപ്പെട്ട കാര്യമാണ് ഞാൻ പറഞ്ഞത്. ഇവിടെ പ്രതിപക്ഷ നേതാക്കളാരും ഡൽഹിക്കു പോകാൻ ആഗ്രഹിക്കുന്നവരല്ല. ഞങ്ങൾക്ക് ഡൽഹിക്കു പോകണമെങ്കിൽ ശ്രീ. കരുണാകരനോടൊ ഗവൺമെന്റിനോടൊ യാതൊരു ഒത്താശയും ആവശ്യമില്ല. അല്ലാതെതന്നെ കാര്യങ്ങൾ ഉയർത്തിപ്പിടിക്കാൻ കഴിയും. നിങ്ങൾ പോയാൽ എന്തെങ്കിലും കാര്യം നടക്കുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 1300 രൂപ നാളികേരത്തിനുവില കിട്ടുമെന്നാണ്. കേരളത്തിന്റെ സ്ഥിതി ഇത്ര ശോചനീയമാക്കിത്തീർത്തിട്ട് 1300 രൂപ കിട്ടുമെന്നു പറയാൻ ശ്രീ. കെ. കരുണാകരനല്ലാതെ വേറെ ആർക്കെങ്കിലും സാധിക്കുമോ? ഇവിടെ പാരമ്പരാഗത വ്യവസായം തകർച്ചയിലാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഉന്നിയാണ് ഞങ്ങൾ ബന്ദ് നടത്തുന്നത്.

ഇപ്പോൾ ശ്രീ. കൃഷ്ണകുമാറിനെ മന്ത്രിയാക്കിയിരിക്കുന്നു. ഞാൻ ചോദിക്കുന്നു നിങ്ങൾക്ക് മന്ത്രിയാക്കാൻ വേറെ ആരേയും കിട്ടിയില്ലേ? ശ്രീ. കൃഷ്ണകുമാറിനെ മന്ത്രിയാക്കിയതിൽ ഞാൻ പ്രതിഷേധിക്കുകയല്ല. പ്രതിഷേധിച്ചിട്ട് കാര്യമില്ലല്ലോ. നമ്മുടെ രാജ്യത്ത് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിട്ടുള്ള ആളുകളായ കോൺഗ്രസ് എം. പി. മാർ തന്നെയുണ്ട്. രാജ്യസേവനവും പൊതു പ്രവർത്തനവും ജീവിത ശൈലിയായി സ്വീകരിച്ചിട്ടുള്ള ആത്മക്കാരാണിവർ, അത്തരം ആളുകളെയെല്ലാം മാറിയിരുത്തിക്കൊണ്ട് 'സർ, സർ' എന്നു പറഞ്ഞ് ശ്രീ. വക്കം പുരുഷോത്തമന്റെയും ശ്രീ. കെ. ജി. അടിയോടിയുടെയും പിന്നാലെ നടന്നിട്ടുള്ള ഈ കൃഷ്ണകുമാറിനെ മന്ത്രിയാക്കാൻ നിങ്ങൾക്ക് മന്ത്രിയാക്കാൻ കഴിഞ്ഞുവല്ലോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ബഹുമാനപ്പെട്ട മെമ്പർക്ക് ആരെ മന്ത്രിയാക്കണമെന്ന് ഒരു ഉപദേശം തരാമോ? അങ്ങയുടെ ഉപദേശമനുസരിച്ച് ചോദിക്കാം.

ശ്രീ. വി. കെ. രാജൻ: ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർക്ക് നാളെ ഈ ഗതി വരുതെന്ന് അതിയായി ആഗ്രഹിക്കുന്നവനാണ് ഞാൻ. അതുകൊണ്ടാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനകത്ത് ഒരു ജീവിതകാലം മുഴുവൻ രാഷ്ട്രീയത്തിൽ പ്രവർത്തിച്ച നേതാക്കൻമാർക്കൊന്നും സ്ഥാനമില്ലെന്നും ഇവിടെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും ശ്രീ. രാജീവ് ഗാന്ധിക്കും ശിങ്കിടി പാടുന്ന ആളുകൾക്ക് മാത്രമേ സ്ഥാനമുള്ളുവെന്നും അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വി. കെ. രാജൻ: എനിക്കിത് പൂർണ്ണമായിട്ടും അറിയാം. രാജീവ് ഗാന്ധിക്കുതന്നെ ഒരു രാഷ്ട്രീയ പാരമ്പര്യവുമില്ല. അരുൺ നെഹ്രു, അരുൺ സിംഗ് എന്നൊക്കെ പറയുന്നത് നമ്മൾ കേൾക്കുന്നില്ലേ. ഇപ്പോഴത്തെ പൈലറ്റായ വേറൊരാളിനെക്കൂടി മന്ത്രിയാക്കിയിരിക്കുന്നു. ആ സംസ്കാരമാണ് കോൺഗ്രസ്സിനിപ്പോൾ.

ശ്രീ. ലോനപ്പൻ നമ്പാടൻ: പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയും മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും മുൻ സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമനെ രേഖയിൽനിന്നും മാറ്റിയെന്നും അദ്ദേഹമിപ്പോൾ ശൂന്യതയിലാണെന്നുമുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. വി. കെ. രാജൻ: സർ, നമ്മുടെയെല്ലാം പ്രസംഗങ്ങൾ രേഖയിൽനിന്നും മാറ്റിയ ആളാണ് ശ്രീ. വക്കം പുരുഷോത്തമൻ. അദ്ദേഹത്തിനിപ്പോൾ ആ സ്ഥിതി വന്നിരിക്കുന്നു. അനുശോചനം രേഖപ്പെടുത്തുകയല്ലാതെ മറെന്തു മാർഗ്ഗമാണുള്ളത്. ഞാൻ ബില്ലിനെപ്പറ്റി പറയാം. നമ്മുടെ രാജ്യത്തെ കൈത്തറി വ്യവസായത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന.....

ശ്രീ. പന്തളം സുധാകരൻ: ഈ സിക്ക് യൂണിറ്റും കൈത്തറി വ്യവസായവുമായിട്ട് ശ്രീ. കൃഷ്ണകുമാറിന് എന്താണ് ബന്ധം. അങ്ങ് ദയവായി ഇതിലിടപെടണം.

ശ്രീ. ലോനപ്പൻ നമ്പാടൻ: അദ്ദേഹം ഒരു വ്യവസായത്തിന്റെ ഡയറക്ടർ ആയിരുന്നു. നിരോധ് വ്യവസായത്തിന്റെ.

ശ്രീ. വി. കെ. രാജൻ: സർ, ഞാൻ കേരളത്തിലെ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കാര്യത്തിലേക്ക് കടക്കുകയാണ്. ഈ മില്ലുകൾ ഏറ്റെടുത്ത് ടെക്സ്റ്റൈൽ കോർപ്പറേഷനെ ഏൽപ്പിക്കുമെന്നാണ് പറയുന്നത്. ടെക്സ്റ്റൈലിൽ കോർപ്പറേഷന് ഇപ്പോഴത്തന്നെ ഒരു ഫുൾടൈം ചെയർമാനുണ്ടോ? അതിനൊരു മാനേജിംഗ് ഡയറക്ടറുണ്ടോ? അതിന് പ്രവർത്തനം തന്നെയില്ല. ഈ മില്ലുകൾ ഏറ്റെടുത്തിട്ട് ശ്രീ. അഹമ്മദ് സാഹിബ് ഇപ്പോൾ എന്താണ് ചെയ്യാൻ പോകുന്നത്? ഇതിന് കേന്ദ്ര സഹായം കിട്ടുമെന്നോ കേന്ദ്രസഹായത്തോടുകൂടി ഈ കാര്യങ്ങൾ അഭിവൃദ്ധിപ്പെടുത്താമെന്നോ അദ്ദേഹം പറയുന്നില്ല. നേരേമറിച്ച് തൊഴിലാളികളെ പിരിച്ചുവിട്ടാൽ കോടതിയിൽ പോകാൻപോലും കഴിയാത്ത വിധത്തിലുള്ള തടസ്സവാദങ്ങൾ ഇതിൽ കൊണ്ടുവന്നിരിക്കുന്നു. ഞാൻ പറയുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യം, സംരക്ഷിക്കുവാൻ ഈ ഗവൺമെന്റിന് സാദ്ധ്യമല്ല. സാദ്ധ്യമല്ലായെന്നു പറയുന്നത്, കേന്ദ്രത്തിൽ ഇപ്പോഴത്തന്നെ നമ്മൾ കണ്ടു. ഒരു ഐ. എ. എസ്. ഉദ്യോഗസ്ഥൻ, ഒരു ഐ. എഫ്. എസ്. ഉദ്യോഗസ്ഥൻ ഇവർ രണ്ടാളുമാണ് ഇപ്പോൾ കേന്ദ്ര മന്ത്രിമാരായി വന്നിരിക്കുന്നത് കേരളത്തിൽനിന്ന്. ഒരു ക്യാബിനറ്റ് മന്ത്രി നമ്മുടെ സംസ്ഥാനത്തിനില്ല. ദക്ഷിണേന്ത്യയിലെ നാല്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തും ഒരു കേന്ദ്രഭരണ പ്രദേശത്തുംകൂടി ഒരു ക്യാബിനറ്റ് മന്ത്രി യാണുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുവാൻ അവർക്ക് സാധിക്കുമോ, ഒരിക്കലും സാധ്യമല്ല. അങ്ങനെ പാപ്പരീകരിച്ച ഒരു ഗവൺമെന്റാണിത്. നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവ സായങ്ങളും തകരുന്നു, പ്രധാന വ്യവസായശാലകളും തകരുന്നു, കാർഷിക മേഖല തകരുന്നു. നമ്മുടെ സംസ്ഥാനം അവഗണിക്കപ്പെടുന്ന ഒരു സംസ്ഥാനമായി മാറിയിരിക്കുന്നു. അതിനെതിരായി ശബ്ദമുയർത്തി നമ്മുടെ താല്പര്യം സംരക്ഷിക്കുവാൻ കഴിയുന്നില്ല. മറ്റു ഘടക കക്ഷികളും ഇതിനോടു യോജിക്കുന്നുണ്ടോ? കേരളത്തിന്റെ താല്പര്യം സംരക്ഷിക്കുവാൻ ഇവർക്കു സാധിക്കുമോ? നമ്മുടെ സംസ്ഥാനത്തിന് കേന്ദ്രത്തിൽ ഒരു ക്യാബിനറ്റ് മന്ത്രിതന്നെ വേണം. പണ്ടാണെങ്കിൽ കോൺഗ്രസ്സിൽ എം. പി.മാർ ഇല്ലെന്നുപായാം. ഇപ്പോൾ സ്ഥിതിയ തല്ല. കോൺഗ്രസ് എം. പി. മാർ ഉണ്ട്. അതിൽതന്നെ നല്ലവരായ പ്രാപ്തന്മാരായ ആളുകളും ഉണ്ട്. അത്തരം ആളുകളെ എടുക്കാതെ 'സർ, സർ' എന്നു പറഞ്ഞ് നടന്നവരെ മാത്രം എടുക്കുന്നു. ഇപ്പുറത്തി രിക്കുന്ന ഞങ്ങൾക്കുപോലും നാണമാണ്. ഇവിടെ മന്ത്രിമാരായിരുന്ന പലരുടേയും പിന്നാലെ ഫയലുകൊണ്ടുനടന്ന ഈ ഐ. എ. എസ്.. ഐ. എഫ്. എസ്. ഉദ്യോഗസ്ഥൻമാരെയല്ലാതെ ആരെയും കിട്ടിയില്ലേ മന്ത്രിമാരാക്കാൻ.

ശ്രീ. ലോനപ്പൻ നമ്പാടൻ: സേവിയർ അറയ്ക്കലും എ. എ. റഹീമും ക്യാബിനറ്റ് മന്ത്രിമാർ ആകുമെന്നുള്ളതുകൊണ്ടല്ലേ അവർക്ക് രണ്ടു പേർക്കും ടിക്കറ്റ് നിഷേധിച്ചത് എന്നറിയാമോ?

ശ്രീ. വി. കെ. രാജൻ: അത് ശരിയാണ്. മതന്യൂനപക്ഷങ്ങളോട് വലിയ വിരോധമുള്ളയാളാണല്ലോ ശ്രീ. കെ. കരുണാകരൻ. അദ്ദേഹം ഒരു ആർ. എസ്. എസ്. ചായ്വുള്ള ആളാണ്. അതിന്റെ ഫലമായി സേവിയർ അറയ്ക്കലും എ. എ റഹീമുമൊക്കെ പോയി. അതെല്ലാം എല്ലാവർക്കുമറിയാവുന്ന കാര്യമാണ്.

ശ്രീ. പന്തളം സുധാകരൻ: സർ, ബഹുമാനപ്പെട്ട രാജനിപ്പോൾ പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആർ. എസ്. എസ്. ചായ്വുണ്ടെന്നാണ്. അത് പിൻവലിക്കണം. അത് രേഖയിൽനിന്നും നീക്കം ചെയ്യണം.

ശ്രീ. വി. കേശവൻ: ഭരണപക്ഷത്ത് എം. എൽ. എ. ആയ ശ്രീ. സുധാകരൻ മാത്രമാണ് ഇപ്പോൾ ബഹളമുണ്ടാക്കുന്നത്. അതിന് കാര്യമെന്താണെന്നറിയാമോ? അദ്ദേഹം ഈ സഭയിൽ ആദ്യമായി കാലെ ടുത്തുവച്ചപ്പോൾ നമ്മുടെ മുഖ്യമന്ത്രിയുടെ.....

(ബഹളം)

ശ്രീ. വി. കെ. രാജൻ: നാണംകെട്ട രീതിയിൽ വോട്ടർമാരെ അപമാ നിച്ചതല്ലേ. ബഹുമാനപ്പെട്ട സ്പീക്കർ വണ്ടൂർ മണ്ഡലത്തിലേക്ക് ബഹു മാന്യനായ മെമ്പറോട് കടക്കരുതെന്ന് പറഞ്ഞിരിക്കുകയാണ്. കാലു പിടിച്ച മെമ്പറെ..

ശ്രീ. കെ. ശങ്കരനാരായണപിള്ള: ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി ഒരു കശുവണ്ടി സഹകരണസംഘമുണ്ടാക്കി. ആ സംഘത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാനായിരുന്നു ശ്രീ. കൃഷ്ണകുമാർ. ആ സ്ഥാനത്തുനിന്നും അദ്ദേഹത്തെ മാറ്റി. അദ്ദേഹത്തെയാണ് ഇപ്പോൾ കേന്ദ്രത്തിൽ മന്ത്രിയാക്കിയിരിക്കുന്നത്. അങ്ങേയ്ക്ക് ഈ കാര്യമറിയാമോ?

ശ്രീ. വി. കെ. രാജൻ: അതെനിക്കറിയാം. എന്നു മാത്രമല്ല.....

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സുധാകരനെ നിയോജക മണ്ഡലത്തിലേക്ക് കടക്കാൻ പാടില്ലായെന്ന് ശ്രീ. സീതി ഹാജി വിലക്കിയിരിക്കുന്നുവെന്നത് ഞാൻ മനസ്സിലാക്കിയിടത്തോളം ശരിയല്ല. ഞാൻ അത് നിഷേധിക്കുകയാണ്". ശ്രീ. സീതിഹാജി ഇപ്പോൾ ഇവിടെ ഇല്ലാത്തതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ബില്ലിനെക്കുറിച്ച് സംസാരിക്കൂ.

ശ്രീ. വി. കെ. രാജൻ: ഞാൻ ബില്ലിലേക്ക് വരികയാണ്. കൈത്തറി വ്യവസായത്തെക്കുറിച്ച് പറഞ്ഞു. കൈത്തറി വ്യവസായം അഭിവൃദ്ധിപ്പെടുത്താനുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ചെയ്യണം. ഇവിടെ രാവിലെ സംസാരിച്ച കാര്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. 'ടെലിഫോണിന്റെ' കാര്യമാണ് ഞാൻ പറയുന്നത്. ടെലികമ്മ്യൂണിക്കേഷൻ സർക്കിൾ മാനേജർ പറഞ്ഞിരിക്കുന്നു, അങ്ങനെയൊരു രേഖ അവിടെ കാണുന്നില്ലായെന്ന്. ഈ നിയമസഭയ്ക്കകത്ത് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നു അത് വ്യാജ നിർമ്മിതമാണെന്ന്. ഈ നിയമസഭയോട് അദ്ദേഹത്തിന് കൂറോ പ്രതിപത്തിയോ ഉണ്ടെങ്കിൽ അദ്ദേഹം രാജിവയ്ക്കണം. അദ്ദേഹത്തിന് അതൊന്നുമില്ല, അത്തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

സർ, ഞാൻ അവസാനിപ്പിക്കുന്നു. ഈ ബില്ലിന്റെ നടപടികളോട് യോജിക്കുന്നു. എന്നാൽ തൊഴിലാളി ദ്രോഹപ്രവർത്തനങ്ങൾ നിർത്തണമെന്നു പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നത് പ്രതിപക്ഷം ഈ ടെക്സ്റ്റയിൽ മില്ലുകൾ ഏറ്റെടുക്കുന്നതിനെന്നും. എതിരല്ല എന്നാണ്. തൊഴിലാളികളുടെ അവകാശങ്ങളെ സംബന്ധിച്ച് കുറച്ചുകൂടെ പരിഗണന വേണം. അതിനുവേണ്ടിയിട്ടുള്ള ഭേദഗതി കൊണ്ടുവരണം. ഈ ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ മില്ലുകൾ ഏറ്റെടുക്കാനുള്ള ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഈ ദുർബലാവസ്ഥ പരിഹരിക്കാൻ വേറെ ബിൽ കൊണ്ടുവരേണ്ടിവരുമോ? അതല്ല ബില്ലില്ലാതെ തന്നെ നടപടിയെടുക്കേണ്ടി വരുമോയെന്നാണ് എന്റെ സംശയം. അതുപോലെ, ദുർബലമായിട്ടുള്ള ഒരവസ്ഥയിലാണ് ഈ കോർപ്പറേഷൻ നിൽക്കുന്നത്. അതിന് മാറ്റം വരണം. അതിന് സാമ്പത്തിക സ്ഥിതിയുണ്ടാകുന്നതിനും വ്യക്തമായിട്ടുള്ള മാനേജുമെന്റുണ്ടാകുന്നതിനും ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കേണ്ടതായിട്ടുണ്ട്. അതല്ലാതെ ഇതുപോലുള്ള കോർപ്പറേഷനുണ്ടാക്കി ദുർബലൻമാരെ ദുർബലൻമാരുടെയടുത്ത് കൊടുത്തതുകൊണ്ട് വലിയ കാര്യമില്ല. ആ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ആളുകളും പണിയെടുക്കില്ലായെന്നാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പറഞ്ഞത്. ഈ വ്യവസായവകുപ്പുമന്ത്രി ഇരിക്കുമ്പോൾ എല്ലാ വ്യവസായങ്ങളും പൂട്ടിയിടുന്ന ഒരു സാഹചര്യമാണുള്ളത്. ഞാൻ തന്നെ മുമ്പ് പറഞ്ഞിട്ടുണ്ട്, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾക്ക് പരമ്പരാഗതമായ നാശമാണെന്ന്. നമ്മുടെ രാജ്യത്തുതന്നെ ഇപ്പോൾ പെരുമ്പാവൂർ ഗ്വാളിയാർ റയോൺസ് പൂട്ടിയിട്ട് എത്രകാലമായി? അതിനെന്തെങ്കിലും നടപടിയെടുത്തോ? അതും ഏറെറടുക്കാനുള്ള നടപടിയാണോ? അതിനെക്കുറിച്ച് ഗവൺമെൻറ് എന്തെങ്കിലും പറയേണ്ടേ? ഇപ്പോൾ ബിർളായും കമ്പനികളും പൂട്ടിയിട്ടു. ബിർളയ്ക്കുവേണ്ടി ശ്രീ. വയലാർരവി അവിടെപോയി എല്ലാവരേയും തല്ലി. സി. ഐ. റി. യു. വിൻെറ ഓഫീസ് തല്ലി പൊളിച്ചത് മാത്രമല്ല, യൂണിയൻ ലീഗിൻെറ, എസ്. റി. യു. വിൻെറ ഓഫീസാണെന്ന് വിചാരിച്ച് പച്ചപെയിൻറടിച്ച ഒരു ബാർബർഷോപ്പ് തല്ലിപ്പൊളിച്ചു. ശ്രീ. സീതിഹാജി പറഞ്ഞു, വയലാർരവി അദ്ദേഹത്തോട് മാപ്പ് പറഞ്ഞുവെന്ന്. എന്നാൽ ശ്രീ. വയലാർരവി പറയുന്നു മാപ്പ് പറഞ്ഞിട്ടില്ലായെന്ന്. ഈ തർക്കം തുടരുകയാണ്. അതുകൊണ്ട് വ്യവസായവകുപ്പുമന്ത്രിയോട് പറയാനുള്ളത്, നിങ്ങളീവകുപ്പ് ഏറെറടുത്ത് മൂന്നുമൂന്നര വർഷത്തെ അനുഭവം നോക്കിയാൽ വ്യവസായങ്ങളെല്ലാം പൂട്ടിക്കിടക്കുകയാണ്. ടെക്സ്റ്റയിൽ മാത്രമല്ല, എല്ലാ വ്യവസായങ്ങളും തകരുകയാണ്. ഇപ്പോൾ ഇവിടെ ഒരു വ്യവസായങ്ങളുമില്ലാത്ത സ്ഥിതിയാണ്. വ്യവസായം അഴിമതിയായി തീർന്നിരിക്കുകയാണ്. അഴിമതിയില്ലാത്ത ഒരു വ്യവസായവുമില്ല. എല്ലാ മന്ത്രിമാരും യോജിച്ച് അഴിമതി നടത്തുകയും പരസ്പരം ഭീന്നിക്കുകയും, എന്നാൽ ഒരു കാര്യത്തിൽ മാത്രം യോജിക്കുകയും ചെയ്യുന്നത് അഴിമതി വ്യവസായത്തിലല്ലാതെ മറെറാന്നിലുമല്ല. ഇത്തരമൊരു സാഹചര്യത്തിൽ നിങ്ങൾ നിങ്ങളുടെ നിലനിൽപ്പിനുവേണ്ടി എന്തും ചെയ്യും. അതാണ് ഈ കരുണാകരനും ചെയ്യുന്നത്. ഇപ്പോഴിവിടെ സഭയിൽ ശ്രീ. കരുണാകരനെ കാണാനില്ല. മിനിഞ്ഞാന്ന് ശ്രീ. കരുണാകരൻ പത്രപ്രസ്താവനയിൽ പറഞ്ഞത്, 'എൻെറ പേരിലുള്ള ആരോപണങ്ങളെക്കുറിച്ചൊന്നും അന്വേഷണം നടത്തുന്നില്ല'യെന്നാണ്. എന്നാൽ അത് സഭയിൽ പറയേണ്ടേ? അതൊരു മര്യാദയല്ലേ? സഭയിൽ ആണെങ്കിൽ ആരോപണങ്ങളും അന്വേഷിക്കുമെന്നാണ് പറയുന്നത്. ഞങ്ങളുടെ അടിയന്തിരപ്രമേയത്തിന് മറുപടിയായി അത് പറയുകയും ചെയ്തതാണ്. എന്നിട്ട് പുറത്തു പോയി പറയുന്നു, അന്വേഷിക്കാൻ തയ്യാറല്ലായെന്ന്. ഈ സഭയിൽ നിന്ന് അങ്ങനെ പറഞ്ഞതിനുകാരണം റിക്കാർഡുകളെല്ലാം മാററി വയ്ക്കാമെന്ന് വിചാരിച്ചാണ്. അപ്പോൾ ഒറിജിനലില്ല. പി. ആൻറ് ടി. ക്കാരൻ വിചാരിച്ചാലും മാററാൻ കഴിയില്ല. ഒറിജിനൽ വേറെയാരുടെയെങ്കിലും കൈയിലായിപ്പോയി. ഇനി അതിനെക്കുറിച്ച് അന്വേഷിക്കാൻ സാധിക്കുമോ? ഇത്തരത്തിലുള്ള അവസ്ഥ നമ്മളെ എവിടെയാണ് കൊണ്ടുചെന്നെത്തിക്കുക? അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്.....

ശ്രീ. തച്ചടിപ്രഭാകരൻ: ശ്രീ. ബേബിജോൺ പറഞ്ഞു, 'ഞങ്ങൾ അര മണിക്കൂർ, ഒരു മണിക്കൂർ സമയത്തിനകം രേഖകളെല്ലാം കൊണ്ടുവരാം' എന്ന്. നിങ്ങളുടെ കൈവശമുണ്ടെങ്കിൽ അത് ഈ സഭയിൽ ഹാജരാക്കിക്കൂടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: മുഖ്യമന്ത്രി രാജി കൊടുക്കുന്ന ആ നിമിഷം രേഖകളെല്ലാം ഞങ്ങടെ ഗവർണ്ണറുടെ അടുത്ത് കൊടുക്കും.

ശ്രീ. തച്ചടി പ്രഭാകരൻ: നിങ്ങളുടെ കൈയിൽ ഒറിജിനലിരിപ്പുണ്ടെങ്കിൽ അതെന്തുകൊണ്ട് ഈ സഭയിൽ ഹാജരാക്കാൻ കഴിയുന്നില്ല?

ശ്രീ. എം. വി. രാഘവൻ: ശ്രീ. തച്ചടി പ്രഭാകരന് രേഖകൾ പെട്ടെന്ന് കിട്ടിയാൽ പെട്ടെന്ന് ശ്രീ. കരുണാകരൻ ഒഴിഞ്ഞുപോകുമെന്നുണ്ട്. എന്നാൽ ഞങ്ങടെ ആ വിശ്വാസമില്ല.

ശ്രീ. തോപ്പിൽ രവി: രാജിവയ്ക്കണമോ വേണ്ടയോ എന്നുള്ളതല്ല രേഖകൾ ഹാജരാക്കിയിട്ടല്ലേ ആലോചിക്കേണ്ടത്?

ശ്രീ. എം. വി. രാഘവൻ: അത് ശരിയാണ്. രേഖകളിവിടെയില്ലായെന്നുള്ളത് ഇപ്പോഴും പി. ആൻഡ് ടി. ജനറൽ മാനേജർതന്നെ പറഞ്ഞതല്ലാ. അവരുടെ കയ്ക്കലില്ലായെന്ന് മാത്രമല്ല, അത് അവർ നിഷേധിക്കുകയും ചെയ്തിട്ടില്ല. ഇന്നലത്തെ പത്രത്തിലെ വാർത്തയോടുകൂടി വസ്തുതകൾ ശരിയാണെന്ന് വന്നിരിക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: ഈ രേഖകളെല്ലാം എവിടെനിന്നാണ് കിട്ടിയതെന്ന് പറയാമോ?

ശ്രീ. എം. വി. രാഘവൻ: എവിടെനിന്ന് കിട്ടിയെന്നുള്ള വിവരം എന്റെ കയ്യിലുണ്ട്. ഈ രേഖകൾ പി. ആൻഡ് ടി. യിൽനിന്ന് എടുക്കാൻവേണ്ടി കരുണാകരൻ മന്ത്രിസഭയിലെ പ്രമുഖനായ ഒരു മന്ത്രിയുടെ കൂട്ടുണ്ടായിരുന്നു. പേര് ഞാനിപ്പോൾ പറയുന്നില്ല. ബാലകൃഷ്ണപിള്ളയുണ്ടെന്നോ ഇന്ത്യൻ എക്സ്പ്രസ്സിൽ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല.

ശ്രീ. ഇ. പത്മനാഭൻ: എറണാകുളത്തെ എം. പി.ക്ക് ടെലഫോൺ രേഖകൾ എല്ലാം കിട്ടുമെന്നും മറ്റാർക്കും കിട്ടില്ലായെന്നും പറഞ്ഞാൽ എം. പി. ക്ക് ടെലഫോണിൽ എന്താണ് ഔദ്യോഗികാധികാരമുള്ളത്?

ശ്രീ. എം. വി. രാഘവൻ: എം. പി. ക്ക് അധികാരമില്ല. ശ്രീ. കെ. വി. തോമസ് കരുണാകരന്റെ ഏജന്റായതുകൊണ്ട് ടെലഫോൺ ഡിപ്പാർട്ടുമെന്റുകാരെ ഭീഷണിപ്പെടുത്തി എന്തൊക്കെയോ കള്ളത്തരങ്ങൾ കാട്ടിയിട്ട് പത്രക്കാരെ വിളിച്ച് ബ്രീഫ് ചെയ്തു. മനോരമയെപ്പോലുള്ള പത്രങ്ങൾ 'ആരാന്റെ കുട്ടിയുടെ അച്ഛൻ ഞാനാണെന്ന്' പറയുന്നതുപോലെ കൊടുക്കുകയും ചെയ്തു. കൊടുത്തത് കെ. വി. തോമസാണ്. എന്നാൽ ഇന്ത്യൻ എക്സ്പ്രസ് മാന്യത കാണിച്ചു. എന്താണ് മാന്യത കാണിച്ചത്? നിങ്ങളുടെ പേര് പറഞ്ഞാലേ കൊടുക്കുകയുള്ളുവെന്ന് പറഞ്ഞു. അങ്ങനെ പേര് പറഞ്ഞു. അങ്ങനെയാണ് പത്രത്തിൽ വന്നത്. ഞാൻ ആ പരാമർശത്തിലേക്ക് കടക്കുന്നില്ല.

ശ്രീ. പി. പി. തങ്കച്ചൻ: ശ്രീ. കെ. വി. തോമസ് ടെലഫോൺ അഡ്വൈസറി കമ്മിറ്റി മെമ്പറാണെന്ന് അറിയാമോ? ടെലിഫോൺ അഡ്വൈസറി കമ്മിറ്റി മെമ്പർ അധികാരമുള്ള ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ടെലഫോൺ അഡ്വൈസറി കമ്മിറ്റി മെമ്പർക്ക് ഇല്ലസ്ട്രേറ്റഡ്, വീക്കിലി പുറത്തിറക്കിയ, ടെലഫോൺ ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവനുസരിച്ച് കസ്റ്റഡിയിലെടുത്ത രേഖകൾ കൊടുക്കാൻ അവകാശമില്ല.....ബഹളം.....ആരുടെ കയ്യിലാണെന്നു പറഞ്ഞാൽ നിങ്ങൾ അവരെ തല്ലിക്കൊല്ലും. അതുകൊണ്ടാണ് ഇപ്പോൾ പറയാത്തത്. എപ്പോൾ വേണമെങ്കിലും രേഖകൾ ഹാജരാക്കാം. ഇപ്പോൾതന്നെ സേവിയർ എന്ന് പറയുന്ന ആൾ തൈക്കാട് ഗസ്റ്റ് ഹൗസിലുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നലെ രാവിലെ സ്പീക്കർ അങ്ങു വടിക്കാതിരുന്നതാണ് വീണ്ടും ആവർത്തിക്കുന്നത്. ശരിയല്ല.

ശ്രീ. എം. വി. രാഘവൻ: ഞാൻ അതിനെക്കുറിച്ചല്ല പറഞ്ഞത്. ശ്രീ. ഉമ്മൻചാണ്ടി സേവിയറെ കസ്റ്റഡിയിൽ എടുത്ത് എക്സിക്യൂട്ടീവ് എക്സ്പ്രസ്സിൽ കൊണ്ടുവന്ന് തൈക്കാട് ഗസ്റ്റ് ഹൗസിൽ കൊണ്ടാക്കിയത് ശ്രീ. കരുണാകരനെ രക്ഷിക്കാൻവേണ്ടി യാണ്. ഈ ക്യാബിനറ്റിൽ ശ്രീ. ഉമ്മൻചാണ്ടിക്ക് താൽപര്യമുള്ള ഒരു മന്ത്രിക്ക് ഈ രഹസ്യം ചോർത്തിയതിൽ പങ്കുണ്ടെന്ന് സേവിയർ പറയാതിരിക്കാൻവേണ്ടിയാണ് ഉമ്മൻചാണ്ടി അയാളെ കസ്റ്റഡിയി ലെടുത്തത്.

ശ്രീ. തച്ചടി പ്രഭാകരൻ: ആ മന്ത്രിയുടെ പേര് വ്യക്തമാക്കാമോ?

ശ്രീ. എം. വി. രാഘവൻ: ആ മന്ത്രിയുടെ പേര് വേണമെങ്കിൽ തച്ചടിയോട് സ്വകാര്യമായി പറഞ്ഞുതരാം. ഞാനീസഭയിൽ പറയുന്നില്ല. ഞാനെന്തിന് അദ്ദേഹത്തിന്റെ ഉള്ള കഞ്ഞിയിൽ മണ്ണ് വാരിയിടുന്നു. ആ മന്ത്രിയെ എനിക്കറിയാം. അധികം ചോദിച്ചാൽ ഞാൻ പറയും. അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാക്കേണ്ട.

ശ്രീ. കെ. ശങ്കരനാരായണപിള്ള: ഈ സഭയിൽ ആ മന്ത്രിയുടെ പേര് പറഞ്ഞാൽ ആ മന്ത്രിയുടെ സ്ഥാനം പോവുകയും ശ്രീ. തച്ചടിക്ക് ഒരു ചാൻസ് കിട്ടുമെന്നുമുള്ള പ്രതീക്ഷയിലല്ല അത് പറയാൻ പ്രേരിപ്പിച്ചത്.

ശ്രീ. എം. വി. രാഘവൻ: തച്ചടിക്ക് കിട്ടാൻ ചാൻസുണ്ടെന്ന് ഞാനുന്നില്ല. ആ മന്ത്രിയുടെ പേര് പറയുന്നത് അദ്ദേഹത്തിന്റെ 'അന്നംമുട്ടിക്കലാ'ണ്. അതുകൊണ്ട് നിങ്ങളാരും വിചാരിക്കേണ്ട ശ്രീ. ഉമ്മൻചാണ്ടി ശ്രീ. കരുണാകരനെ രക്ഷിക്കാൻവേണ്ടി പോയതാണെന്ന് സേവിയറെ കസ്റ്റഡിയിലെടുത്തില്ലെങ്കിൽ അയാളെ 'കളളി' പുറത്താകും. അത് മന്ത്രികൂടി ഇടപെട്ടതാണ്. ശ്രീ. ബാലകൃഷ്ണപിള്ള മാത്രമല്ല, വേറെയും ആളുകളുണ്ട്. ബാലകൃഷ്ണപിള്ള കാശ് കുറേ മുതലാക്കിയിട്ടുണ്ട്. ഇതെല്ലാം ഞങ്ങളും വെറുതെ പറയുകയാണെന്ന് രേണുകക്കുട്ടിയിലിരിക്കുന്നവർ വിചാരിക്കേണ്ട. ഞങ്ങളുടെ കയ്യിൽ ഇതിന് തെളിവുണ്ട്. അതു കൊണ്ട് നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ ശ്രീ. കരുണാകരനെ ഉപദേശിക്കണം, ഇതിനെക്കുറിച്ച് ഒന്നന്വേഷണം നടത്താൻ. നിയമസഭയിൽ പ്രഗത്ഭ വാഗ്ദാനം പാലിക്കാൻ ഒരു നിയമസഭാകമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്താൻ ഞാൻ വെല്ലുവിളിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Shri Vayalar Ravi: Sir, Rule 80. The debate on a motion that the Bill as reported by the Select Committee or the Subject Committee as the case may be, be taken into consideration shall be confined to consideration of the report of the Committee and the matters referred to in that report or any alternative suggestions consistant with the principle of the Bill.

ഈ പ്രൊവിഷനിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളത്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ പ്രകാരമുള്ള ഒരു ബില്ലിനെ കുറിച്ചുള്ള ചർച്ചയിൽ പത്രങ്ങളിൽവന്ന വാർത്തകളെക്കുറിച്ചും ശ്രീ. ഉമ്മൻചാണ്ടി നിഷേധിച്ചത് അടക്കമുള്ള രാഷ്ട്രീയ കാര്യങ്ങളെ കുറിച്ചും ചർച്ച ചെയ്യുന്നത് ഓർഡറിലാണോ? അങ്ങനെയല്ലെങ്കിൽ അതിനെ അങ്ങ് നിയന്ത്രിക്കണം.

മി: ഡെപ്യൂട്ടി സ്പീക്കർ: ഞാനാദ്യം രാഘവനോട് പറഞ്ഞതാണ്.

ശ്രീ. എം. വി. രാഘവൻ: അങ്ങ് പറഞ്ഞത് ഞാൻ ശ്രദ്ധിച്ചു. അതുകൊണ്ടുതന്നെയാണ് അതിനെക്കുറിച്ച് അധികം പരാമർശിക്കാതെയിരുന്നത്. ചില മെമ്പർമാർ ചോദിച്ചതുകൊണ്ട് പറഞ്ഞതാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് കുറച്ച് ബുദ്ധിമുട്ടുണ്ടാകും. ആ ബുദ്ധിമുട്ട് എന്താണെന്ന് ഞങ്ങൾക്കറിയാം, അതിപ്പോൾ പറയുന്നില്ല.

ശ്രീ. വയലാർ രവി: മോസ്കോയിൽപോയി ശ്രീ. ഇ. കെ. നായനാർ ഉപദേശവും കൊണ്ടുവന്നാലും അതൊന്നും ഇവിടെ പോവുകയില്ല.

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട മന്ത്രിക്ക് ബുദ്ധിമുട്ടുണ്ടാകും. 'എന്നെ കണ്ടാൽ കിണ്ണം കട്ടവനാണെന്ന്' ചിലർക്ക് തോന്നും. അതിനെക്കുറിച്ച് ഞാൻ ഇത്രയേ പറയുന്നുള്ളു. ഞങ്ങൾക്ക് ശ്രീ. വയലാർ രവിയേടും, ശ്രീ. തച്ചടി പ്രഭാകരനോടും അതുപോലുള്ള ആളുകളോടും പറയാനുള്ളത്, ശ്രീ. കരുണാകരൻ പരിശുദ്ധനാണെന്ന് തെളിയിക്കാൻ നിങ്ങൾക്ക് നട്ടെല്ലുണ്ടെങ്കിൽ ഒരു നിയമസഭാകമ്മിറ്റിയെവച്ച് ഒരു അന്വേഷണത്തെ നേരിടാൻ തയ്യാറുണ്ടോയെന്നാണ്. ഞങ്ങളുടെ കയ്യിൽ രാഖേലുടെ ഒറിജിനലില്ലായെന്ന് നിങ്ങൾ പറയുന്നു. ഒരു നിയമസഭാകമ്മിറ്റിയെ വയ്ക്കൂ, ഞങ്ങൾ രേഖ ഹാജരാക്കാൻ തയാറാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: ഞങ്ങൾ പറഞ്ഞിട്ടുണ്ട്, ഞങ്ങളുടെ പാർട്ടി ഇതിനെക്കുറിച്ച് ആലോചിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന്. അടിസ്ഥാനരഹിതമായ വെറുതെ തെറ്റിദ്ധാരണയുണ്ടാക്കാൻ വേണ്ടിയുള്ളതാണെന്ന് ബോദ്ധ്യമുള്ളതുകൊണ്ട് അന്വേഷണം നടത്തേണ്ട. നിങ്ങൾ രേഖ ഹാജരാക്കാൻ തയ്യാറാണെങ്കിൽ അക്കാര്യത്തെക്കുറിച്ച് ആലോചിക്കാം.....ബഹളം.....

ശ്രീ. എം. വി. രാഘവൻ: നിങ്ങളെ ബോദ്ധ്യപ്പെടുത്താനാണ് ഞാൻ പറയുന്നത്, ഒരു നിയമസഭാകമ്മിറ്റിയെവച്ചാൽ ആ കമ്മിറ്റിയുടെ മുമ്പിൽ ഒറിജിനൽ ഹാജരാക്കാം. ഈ വെല്ലുവിളി സ്വീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ: എ. കെ. ശശീന്ദ്രൻ: ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ, ശ്രീ. വയലാർ രവി തുടങ്ങിയവർക്ക് ആത്മാർത്ഥത ഉണ്ടോഎന്നാണ് ശ്രീ. എം. വി. രാഘവൻ ചോദിച്ചത്. അവർക്കുറപ്പുപേർക്കും ശ്രീ. കരുണാകരന്റെ കൈകൾ പരിശുദ്ധമാണെന്നു തെളിയിക്കാൻ.യാതൊരാ ഗ്രഹവുമില്ല. മാത്രമല്ല കളങ്കമായ കൈകളാണ് കരുണാകരന് ഉള്ള തെന്ന് നമ്മൾ പറയണമെന്നാണ് അവരുടെ ആഗ്രഹമെന്നും അറിയാമോ?

ശ്രീ. എം. വി. രാഘവൻ: അത് ശരിയാണ്. അതിന് ശ്രീ. തച്ചടി പ്രഭാകരനെ കുറെപ്പെടുത്തിയിട്ട് കാര്യമില്ല. ഒരു പാർട്ടിയിൽ നിൽക്കു മ്പോൾ അതിന് വിധേയമായിട്ടേ സംസാരിക്കാൻ സാധിക്കുകയുള്ളൂ. അതൊരു സ്വഭാവമാണ്. ഞാൻ അങ്ങേപ്പുറത്തിരിക്കുന്ന മെമ്പർമാരോട് നിങ്ങളുടെ മുഖ്യമന്ത്രി .സദുദ്ദേശ്യത്തോടു കൂടിയാണ് നീങ്ങുന്ന തെങ്കിൽ ഒരു നിയമസഭാകമ്മിറ്റിയെവെച്ച് അന്വേഷണം നടത്തിക്കാൻ വേണ്ടി ശ്രമിക്കണം. ശ്രീ. ഉമ്മൻചാണ്ടിയെപ്പോലെ ഡെപ്യൂട്ടിലീഡറായ ഒരാൾ പി ആന്റ് ടി ഡിപ്പാർട്ടുമെന്റിലെ സേവ്യറിനെപ്പോലെയുള്ള ഒരാളെ പിടിച്ചുകൊണ്ടുപോയി ഒളിപ്പിച്ചുവെക്കുന്നത് ശരിയാണോ? ഇപ്പോൾ അങ്ങേക്ക് പോലീസിനെ അയക്കാൻ. അധികാരമുണ്ടെങ്കിൽ ഞാൻ ഈ പ്രസംഗി ക്കുന്ന സമയത്ത് പോലീസിനെ തെക്കേടത് ഗസ്റ്റ് ഹൗസിൽ അയച്ചാൽ സേവ്യറിനെ അവിടെ നിന്നും കിട്ടും. ശ്രീ. ഉമ്മൻചാണ്ടിഇപ്പോൾ പോയത് എന്തോ ഏർപ്പാട് ചെയ്യാൻ വേണ്ടിയാണ്. ശ്രീ.ബാലകൃഷ്ണ പിള്ള പുറത്തുപോയതിൽ ഞങ്ങൾക്കു സന്തോഷമാണ്. പക്ഷേ ശ്രീ. ബാലകൃഷ്ണപിള്ള സത്യപ്രതിജ്ഞ ലംഘിച്ചുയെന്നാണ് പറഞ്ഞത്. ഇപ്പോൾ മുഖ്യമന്ത്രി സത്യപ്രതിജ്ഞ ലംഘിച്ചില്ലേ ? ശ്രീ. ബാലകൃഷ്ണപിള്ളയെ മന്ത്രിസഭയിൽ എടുക്കുന്നില്ലായെന്നു പറയുന്ന കോൺഗ്രസ് (ഐ) ക്കാർ, മുഖ്യമന്ത്രി ജുഡീഷ്യറിയിൽ ഇടപെടുന്നത് സത്യപ്രതിജ്ഞാലംഘനമല്ലേ.? ശ്രീ. കരുണാകരൻ പുറത്തു നിൽക്കണ്ടേ ? അത് ചെയ്യാതിരിക്കുന്നത് ശരിയാണോ ?....(ബഹളം)

ശ്രീ. ജി. കാർത്തികേയൻ: സർ, ഒരു ബഹുമാനപ്പെട്ട അംഗത്തെ മന്ത്രിസഭയിൽ എടുക്കണമോ വേണ്ടയോ എന്ന് കോൺഗ്രസ് (ഐ) എന്നൊരുപാർട്ടി ഒരു നിലപാട് സ്വീകരിച്ചിട്ടില്ല; പറഞ്ഞിട്ടുമില്ല. ആ നിലയ്ക്കു ഇത്തരത്തിൽ ഒരു പാർട്ടിയെ അവഹേളിക്കുന്നത് ഓർഡറിലാണോ? അത് സഭാ നടപടികളിൽ ഉണ്ടാകുമോ ?

ശ്രീ. എം. വി. രാഘവൻ: ഈ കോൺഗ്രസ് ഗുണം പിടിക്കുന്നതല്ല. എന്തിനാണ് നടക്കിട്ടടിക്കുന്നത്, നിങ്ങൾക്കുമറിയാമല്ലോ അത് ഗുണം പിടിക്കുന്നതല്ലായെന്ന് ഇവിടെ കൃഷ്ണനെകുമാറെന്നു പറയുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ കേരളത്തിലിരുന്ന എല്ലാ വകുപ്പിലും വെട്ടിപ്പും തട്ടിപ്പും നടത്തി. അതിനെ സംബന്ധിച്ച പല രേഖകളും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുമ്പിൽ വന്നതാണ്.

ശ്രീ. ഒ. രേതൻ: കൊച്ചിൻ ഡവലപ്മെന്റ് അതോറിറ്റിയിൽ കോടിക്കണക്കിന് ഉറുപ്പിക മുക്കിയിട്ട് സി.ബി.ഐ. അന്വേഷണ നടക്കുമ്പോഴാണ് അയാൾ രാജിവെച്ച് കോൺഗ്രസ്സിൽ ചേർന്നത്

ശ്രീ. എം. വി. രാഘവൻ: അതെല്ലാം ഉൾകൊണ്ടുകൊണ്ടാണ് ഞാൻ പറഞ്ഞത്. നമ്മുടെ ശ്രീ. അഹമ്മദ് പിരിച്ചുവിട്ടതാണ് കാപ്പക്സിൽ നിന്ന്. ഇപ്പോൾ കേന്ദ്രത്തിലെ ക്യാർക്കു മന്ത്രിയാണ്. ശ്രീ. എം.എ.

LIBRARY ARCHIVES Kerala Legislative Assembly

ജേക്കബിനെപ്പോലെയും ശ്രീ. അടിയോടിയെപ്പോലെയും നമ്മുടെ വക്കം പുരുഷോത്തമനെപ്പോലെയും, പാരമ്പര്യമുള്ള കോൺഗ്രസുകാർ ഉണ്ടായിരുന്നിട്ടും ഇവിടെ ഐ.എ.എസ്. കേഡറിലിരുന്ന് കട്ടുമുടിച്ച ഒരു നാണംകെട്ടവനെ മന്ത്രിയാണെന്നുപറഞ്ഞ് കൊണ്ടുനടക്കാൻ നാണമില്ലേ? കാരണം ശ്രീ. അടിയോടിയെയും ശ്രീ. എം.എം. ജേക്കബിനെയും ശ്രീ. വക്കം പുരുഷോത്തമനെയും ശ്രീ. കരുണാകരന് അറിയാം. അവർ തന്നെ കാലുവാരുമെന്ന്. അതുകൊണ്ട് വൃത്തികെട്ട ഉദ്യോഗസ്ഥനെ മന്ത്രിയാക്കിയാൽ കരുണാകരന്റെ രീതിയൊക്കെ നടക്കും. അതാണ് കേന്ദ്ര മന്ത്രിയാക്കിയത്. അതാണ് കോൺഗ്രസ് (ഐ).

ശ്രീ. എ. കെ. ശശീന്ദ്രൻ: എന്റെ പാർട്ടിയിൽ ഇപ്പോഴും പുത്തൻ തലമുറക്കാർ വന്നതിനുശേഷം കുതികാൽവെട്ടും തമ്മിൽത്തല്ലും വർദ്ധിച്ചിട്ടുണ്ടെന്ന് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. പത്മരാജൻ പറഞ്ഞത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. എം. വി. രാഘവൻ: ഇവിടെ ഇരുന്നവർതന്നെ തമ്മിൽ കാലുവാരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ പ്രസംഗം കേൾക്കുമ്പോൾ. അതുകൊണ്ട് ഈ രാജ്യത്ത് കോൺഗ്രസ് സംഘടനയുടെ നേതൃത്വത്തിലുള്ള ജനാധിപത്യത്തിലും ജുഡീഷ്യറിയിലും നമ്മളെല്ലാവിധത്തിലുമുള്ള ജനാധിപത്യ സംവിധാനവും പാലിക്കേണ്ടതാണ്. ഇപ്പോൾ ജനാധിപത്യ മര്യാദകൾ കളഞ്ഞു കുളിച്ചിരിക്കുകയാണ്. അതിന്റെ തലവനാണ് കളവ് പറയൽ ഒരു തത്വമായി അംഗീകരിച്ചിരിക്കുന്നത്. ഇപ്പോൾ ജുഡീഷ്യറിയെ കീഴ്പ്പെടുത്താൻ ശ്രമിച്ചത്. അത് വ്യക്തമായി തെളിയിക്കുകയും ചെയ്തിട്ടുണ്ട്. അത്തരത്തിൽ ഒരു സാഹചര്യത്തിൽ ശ്രീ. കരുണാകരൻ ഈ സ്ഥാനം തുടരാൻ അർഹനല്ല. അദ്ദേഹം ഭരണഘടന ലംഘിച്ചിരിക്കുന്നു; സത്യപ്രതിജ്ഞ ലംഘിച്ചിരിക്കുന്നു എന്നാണ് എനിക്ക് അതിനെപ്പറ്റി പറയാനുള്ളത്. ബഹുമാനപ്പെട്ട അഹമ്മദിനോട് ഒന്നു പറയാനുള്ളത് ഈ ബില്ല് പാസാക്കുമ്പോൾ ഒരു കാര്യം ചെയ്യണം. ദുർബലാവസ്ഥയിലുള്ള തൊഴിലാളികളുടെ [ദുർബലത : അംഗീകരിക്കാൻവേണ്ടി ശ്രമിക്കണം. തൊഴിലാളികളുടെ] അവശത പരിഹരിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ]

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മൂന്നു തുണി മില്ലുകൾ ടെക്സ്റ്റയിൽ കോർപ്പറേഷൻ ഏറ്റെടുക്കുന്നതിനെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി. നമ്മുടെ നാട്ടിൽ തുണി മില്ലുകൾ ദേശവൽക്കരിക്കണമെന്ന മുദ്രാവാക്യം വളരെക്കാലമായി ഉയർന്നുകേൾക്കുന്ന ഒരു മുദ്രാവാക്യമാണ്. ടെക്സ്റ്റൈൽ മില്ലുകൾ പൊതുഉടമയിൽ കൊണ്ടുവന്ന് കൂടുതൽപേർക്ക് ജോലി കൊടുക്കാൻ കഴിയുന്ന ഒരു സമീപനം ഈ രംഗത്ത് സ്വീകരിക്കേണ്ടതാണ്. കേരളത്തിലെ മൂന്നു തുണിമില്ലുകൾ ഏറ്റെടുത്തുകൊണ്ട് ഗവൺമെന്റ് സ്വീകരിച്ച നടപടിയിൽ തൊഴിലാളികൾക്ക് അനുകൂലമായ വിധത്തിൽ ചില ഭേദഗതികൾ ഇവിടെ കൊണ്ടുവരണമെന്ന് നിർദ്ദേശിച്ചതിനെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ ചർച്ചയിൽ ഇവിടെ ഉയർന്നുവന്ന ഒരു പ്രശ്നം ഈ ടെക്സ്റ്റൈൽ രംഗത്ത് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള പുതിയ നയം ടെക്സ്റ്റൈൽ വ്യവസായത്തെ പൂർണ്ണമായി തകർക്കുന്ന വിധത്തിലാണ് നീങ്ങി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടിരിക്കുന്നത്. നമ്മുടെ സ്റ്റേറ്റ് ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ടെക്സ്റ്റൈൽ നയത്തെ എതിർക്കാനോ അനുകൂലിക്കാനോ തയ്യാറാകാത്ത ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കേന്ദ്രഗവൺമെന്റിന്റെ ടെക്സ്റ്റൈൽ നയം ആറുപ്പിൻതിരിപ്പനാണ്. ഇൻഡ്യയിലെ ടെക്സ്റ്റൈൽ തൊഴിലാളികൾക്ക് എതിരാണ്. ഈ നയമാണ് തുടരുന്നതെങ്കിൽ കൂടുതൽ വ്യവസായശാലകളും അടച്ചുപൂട്ടാൻ പോവുകയാണ്. കേന്ദ്രഗവൺമെന്റിന്റെ പുതിയ നയമനുസരിച്ച് എൻ.ടി.സി. യുടെ കീഴിൽ നഷ്ടത്തിലോടുന്ന 22 തുണിമില്ലുകളും അടച്ചുപൂട്ടാനാണ് പോകുന്നത്. കേരളാ (സ്റ്റേറ്റ്) ടെക്സ്റ്റൈൽ കോർപ്പറേഷൻ, മൂന്നു തുണി മില്ലുകളും ഏറെടുത്തുകൊണ്ടുമാത്രം തുണിമിൽ തൊഴിലാളികളെ രക്ഷിക്കാൻ പോകുന്നില്ലായെന്നതാണ് ടെക്സ്റ്റൈൽ രംഗത്തുള്ള സമീപനം പരിശോധിച്ചു നോക്കിയാൽ കാണാൻ കഴിയുന്നത്. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻപോലും അവർ നടത്തുന്ന സ്ഥാപനങ്ങളും പോലും നഷ്ടത്തിലാണെന്നാണ് ഇപ്പോൾ പറയുന്നത്. അതിനു വേണ്ടി കേന്ദ്ര ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുള്ള നയം യന്ത്രവൽക്കരണമാണ്. തുണിമിൽരംഗത്ത് യന്ത്രവൽക്കരണം അടിച്ചേൽപ്പിക്കാനുള്ള ഒരു പുതിയ നയമാണ് കേന്ദ്രഗവൺമെന്റ് ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ളത്. ശ്രീ. രാജീവ്ഗാന്ധിയുടെ ഗവൺമെന്റ് യന്ത്രവൽക്കരണത്തിനും കമ്പ്യൂട്ടറൈസേഷനും കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഗവൺമെന്റാണ്. എല്ലാം തീരുമാനിക്കുന്നത് ഇപ്പോൾ കമ്പ്യൂട്ടറിൽകൂടിയാണ്. മന്ത്രി ആരാണെന്ന് തീരുമാനിക്കുന്നതുപോലും കമ്പ്യൂട്ടറിന്റെ റിപ്പോർട്ടനുസരിച്ചാണ്. പക്ഷേ കേരളത്തിൽനിന്നും ഇന്നലെ എടുത്ത ശ്രീ. കൃഷ്ണകുമാറിന്റെ പേര് കമ്പ്യൂട്ടർപോലും അടിക്കാത്ത പേരാണ്. കമ്പ്യൂട്ടർ ഒന്നാമതായി അടിച്ചപേര് ശ്രീ. വക്കം പുരുഷോത്തമന്റെ പേരായിരുന്നു. ആ വക്കം പുരുഷോത്തമന്റെ പേര് വെട്ടി, കമ്പ്യൂട്ടർപോലും അടിക്കാത്ത ശ്രീ. കൃഷ്ണകുമാറിനെയാണ് ശ്രീ. രാജീവ്ഗാന്ധി ഇപ്പോൾ ക്യാബിനറ്റിൽ എടുത്തത്. എന്നാൽ നമ്മുടെ വക്കം പുരുഷോത്തമനെയും (എ) കോൺഗ്രസ്സുകാരെയും ഇങ്ങനെ പാര വെയ്ക്കേണ്ട ആവശ്യമുണ്ടായിരുന്നോ ? യന്ത്രവൽക്കരണത്തിൽ നിന്നും കമ്പ്യൂട്ടർ രീതിയിലേക്കുനീങ്ങുമ്പോൾ കമ്പ്യൂട്ടറിൽ അടിച്ചുവന്ന പേരിന്റെ അടിസ്ഥാനത്തിലെങ്കിലും ആളുകളെ എടുക്കേണ്ടേ ? ഇപ്പോൾ ശ്രീ. കൃഷ്ണകുമാറിനെ മന്ത്രിയാക്കിയതിനെക്കുറിച്ചാണ് കോൺഗ്രസ് (ഐ) ക്കാരും (എ) ക്കാരും തമ്മിൽ അടി. നാട്ടിലുടനീളം ഇപ്പോൾ അടിയാണ്. ഞാൻ പറയുന്നത് ഇങ്ങനെ നമ്മുടെ പഴയ (എ) കോൺഗ്രസുകാർ....

ശ്രീ. ജി. കാർത്തികേയൻ: സർ, ഇവിടെ ഒരു ബില്ലിനെക്കുറിച്ച് ചർച്ച നടക്കുമ്പോൾ, കേന്ദ്രമന്ത്രിയുടെ അധികാരങ്ങളെ ക്ലാർക്കിനു തുല്യമായി പറഞ്ഞത് ഈ സഭയിൽ അംഗമായതുകൊണ്ടും എന്തും പറയാനുള്ള അവകാശമുള്ളതുകൊണ്ടുമാണ്. ജനാധിപത്യത്തിന്റെ മൗലിക തത്വങ്ങളെ കാറിൽ പറത്തുന്ന തരത്തിലുള്ള ഇത്തരം ചർച്ചയെ അങ്ങ് നിയന്ത്രിക്കണം. ആവശ്യമില്ലാത്ത തരത്തിലുള്ള പരാമർശം രേഖയിൽ നിന്നും നീക്കം ചെയ്യണം. ഒരു മന്ത്രിയെ അത് ഏതു മന്ത്രിയായാലും ക്ലാർക്കിന്റെ ജോലിയാണെന്നു പറയുന്നത് ഈ സഭയ്ക്കുചേർന്നതല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ഞാൻ ഉദ്ദേശിക്കുന്നത്; പഴയ (എ) കോൺഗ്രസുകാരുടെ പേര് കമ്പ്യൂട്ടറിൽ അടിച്ചുവന്നിട്ടുപോലും രക്ഷയില്ലാത്ത ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയാണ് വന്നിരിക്കുന്നത്. ഇങ്ങനെ പോയാൽ പഴയ (എ) കോൺഗ്രസുകാർ പഞ്ചാബിലെ സ്ഥാനാർത്ഥികളെ വെടിയുണ്ട എൽക്കാത്ത വസ്ത്രം - ഉടുത്തു നടക്കുന്നതുപോലെ നടക്കേണ്ട ഒരു സ്ഥിതി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇപ്പോഴും (ഐ) കോൺഗ്രസിലേക്ക് പലയാളുകളും ചാക്കിൽ കയറാൻ പോവുകയാണെന്ന്—നമ്മുടെ കമലേടത്തിയും കൂട്ടുകാരും കോൺഗ്രസ് (ഐ) യിലെ ചാക്കിൽ കയറാൻ പോവുകയാണ്.

ഞാൻ പറഞ്ഞു വന്നത്, യന്ത്രവൽക്കരണത്തിനുവേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ ശ്രമം നമ്മുടെ തുണിമിൽ വ്യവസായത്തെ നശിപ്പിക്കുന്നുയെന്നാണ്.

ശ്രീ. പി. പി. തങ്കച്ചൻ: അങ്ങേപ്പുറത്തിരിക്കുന്ന നമ്മുടെ പവാർ കോൺഗ്രസുകാരും ഇങ്ങോട്ടു വരാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതിനെക്കുറിച്ച് അവരാണ് പറയേണ്ടത്. ആ കട്ടിൽ കണ്ടിട്ട് പനങ്കണ്ടായെന്ന് ശ്രീ. ഷൺമുഖദാസ് തന്നെ കുറച്ചുമുൻപു പറഞ്ഞിട്ടുണ്ട്. നിങ്ങളെ ഇപ്പോഴും വലിയ ചാക്കുമായി നിൽക്കുന്നത് പ്രതിപക്ഷത്തുള്ള ആളുകളെ പിടിക്കാനല്ലാ ഭരണ മുന്നണിയിലെ ആളുകളെ ചാക്കിൽപിടിക്കാനാണ്. പ്രതിപക്ഷത്തുനിന്ന് നിങ്ങൾക്ക് ആരേയും കിട്ടാൻപോകുന്നില്ല. കേരളാകോൺഗ്രസ്സിന്റെ ആളുകളെ ചാക്കിൽ കയറ്റുകയാണ് ഇപ്പോഴത്തെ പ്രധാനപണി. കേരളകോൺഗ്രസ്സിൽ നിന്ന് പുറത്താക്കിയ ആളുകൾക്കു വേണ്ടി ചാക്കു തുറന്നുവച്ചിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്ജ്: കേരളകോൺഗ്രസിനെ ഒരുത്തനും ചാക്കിൽ കയറ്റുകയില്ല. ഒരൊറ്റ എണ്ണത്തിനേയും കിട്ടുകയില്ല. അങ്ങനെ ആർക്കെങ്കിലും ഒരു പൂതിയുണ്ടെങ്കിൽ അത് മനസ്സിലിരിക്കുകയേയുള്ളൂ. ഞങ്ങൾക്ക് വേണ്ടത്ര കുറെയെണ്ണത്തിനെ ഞങ്ങൾ പുറത്തുകളഞ്ഞിട്ടുണ്ട്. അതിനൊക്കെ വല്ലവരും ചാക്കിട്ടാൽ ഞങ്ങൾക്ക് ഉത്തരവാദിത്വമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കേരളകോൺഗ്രസിൽ നിന്ന് പുറത്താക്കുന്നവരെയെല്ലാം കോൺഗ്രസ് 'ഐ' യിലേക്ക് എടുക്കുകയാണ്. ജോർജ്ജ് മാത്യുവിനേയും കൂട്ടുകാരെയുമാണ് ഇപ്പോൾ എടുത്തിട്ടുള്ളത്.

മി. സ്പീക്കർ: അങ്ങ് ബില്ലിനെക്കുറിച്ച് സംസാരിക്കണം. കേരളാകോൺഗ്രസിന്റെ പാർട്ടിക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യണ്ട.

ശ്രീ. ജി. കാർത്തികേയൻ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ കോൺഗ്രസ്സിനെക്കുറിച്ചും എല്ലാ പാർട്ടികളെക്കുറിച്ചും പറയുന്നു. നിങ്ങൾ സ്വപ്നം കാണുന്ന ചൈനയിൽ വൃദ്ധനേതൃത്വത്തെ മാറ്റിയിട്ട് വലിയ വിപ്ലവം നടക്കുന്നു. നിങ്ങളുടെ മാതൃരാജ്യത്തിൽ നടക്കുന്ന മാതൃക പിൻതുടർന്ന് കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ഒരു ശുദ്ധീകരണത്തിന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നേതൃത്വം കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചൈനയെക്കുറിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ചും ശ്രീ. കാർത്തികേയൻ കുറേകൂടി പഠിക്കണം. നിങ്ങളെക്കുറിച്ച് ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞത് എന്താണെന്ന് അറിയില്ലേ? ശ്രീ. കൃഷ്ണകുമാറിന്റെ കണ്ടുപിടുത്തം നേരത്തെ ഉണ്ടായിരുന്നെങ്കിൽ ശ്രീ. കാർത്തികേയൻ ജനിക്കുമായിരുന്നില്ലെന്നാണ് ശ്രീ. കാർത്തികേയൻ ചൈനയെക്കുറിച്ച് കുറെക്കൂടി പഠിക്കണം. ചൈനയിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതാവ് ആരാണെന്ന് തീരുമാനിക്കേണ്ടതു് അവിടത്തെ പാർട്ടിയാണ്. നിങ്ങളെപ്പോലെ വ്യക്തികളല്ല. ഡോ. ജോർജ് മാത്യുവിനെ അപ്പുറത്ത്.....(ബഹളം) ദുർബലൻമാരായ ആളുകളെയാണ് ചാക്കിൽ കയറുന്നത്. ദുർബലൻമാർക്ക് രക്ഷയില്ലാത്ത അവസ്ഥയെപ്പറ്റിയാണ് ഞാൻ പറഞ്ഞുവന്നത്.

ശ്രീ. സി. എഫ്. തോമസ്: ജോർജ് മാത്യു എന്നു പറയുന്ന ആൾ ഞങ്ങളുടെ പാർട്ടിയിലെ അംഗമായിരുന്നു. (നിയമസഭയിലെ അംഗമായിരുന്നു.) അദ്ദേഹം നിര്യാതനായി. അദ്ദേഹം പറയുന്നത് വേറെ ഏതോ ജോർജ് മാത്യുവിനയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പണ്ട് നിങ്ങളുടെ ചെയർമാനായിരുന്ന ആളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇങ്ങനെ .....

മി. സ്പീക്കർ: ഇതൊന്നും ഈ ബില്ലിന്റെ പരിധിയിൽ വരുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ പഴയ ഏർപ്പാട് അവസാനിപ്പിക്കണമെന്നാണ് ഞാൻ പറഞ്ഞുവന്നത്. തുണിമിൽ വ്യവസായം ദേശസാൽക്കരിക്കണം. തുണിമില്ലുകൾ ഏറെറടുത്തുകൊണ്ട് സ്വീകരിച്ച നടപടി സ്വാഗതാർഹമാണെങ്കിലും അതിലെ തൊഴിലാളികൾക്കാവശ്യമായ പരിരക്ഷ കൊടുക്കണം. അതിന് കഴിയത്തക്ക വിധത്തിൽ ഭേദഗതിയോടുകൂടി വേണം ഇതു പാസാക്കാൻ. തൊഴിലാളികൾക്ക് ഗുണകരമായ രീതിയിൽ ഭേദഗതിചെയ്തുകൊണ്ട് ഈ ബിൽ പാസാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഈ ബില്ലിനെസംബന്ധിച്ചു ഇപ്പോൾ നടന്ന ചർച്ചയിൽ ഒട്ടേറെ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ പരാമർശിച്ചുവെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് എല്ലാ വിഷയങ്ങളെസംബന്ധിച്ചും പരാമർശിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ഈ ബില്ലിന്റെ വകുപ്പുകളേയും ഇതിന്റെ സ്കീമുകളേയും എല്ലാവിഭാഗക്കാരും സ്വാഗതംചെയ്തുവെന്നുള്ളതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഈ ബില്ലിൽ തൊഴിലാളികൾക്ക് പരിരക്ഷയൊന്നുമില്ലെന്നു പറഞ്ഞുകൊണ്ട് ശ്രീ. വി. ജെ. തങ്കപ്പനും ശ്രീ. തങ്കരാജും നടത്തിയ പരാമർശനം നിയമത്തിൽ എഴുതിവച്ചിട്ടുള്ള വസ്തുതകൾക്കും, ആർക്കും വായിച്ചാൽ മനസ്സിലാകുന്ന കാര്യങ്ങൾക്കും നേരെയുള്ള നഗ്നമായ നിഷേധവീക്ഷണമാണെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഈ ബിൽ എന്തിന് ഇവിടെ കൊണ്ടുവന്നു. മൂന്നു മില്ലുകളിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും അതിന്റെ ഫലമായി സംസ്ഥാനത്ത് ഉണ്ടായ തൊഴിലില്ലായ്മയുമെല്ലാം കണക്കിലെടുത്തുകൊണ്ട് ആ തൊഴിലാളികൾക്ക് പരിരക്ഷ നൽകണമെന്ന ഉദ്ദേശംവച്ചുകൊണ്ടുതന്നെയാണ് ഈ നടപടിയെടുത്തിട്ടുള്ളത്. മൂന്നു മില്ലുകൾ ഏറെറടുക്കുകയും അത് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ദേശസാൽക്കരിക്കുകയും ചെയ്തത് തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളും അരക്കിട്ടുറപ്പിക്കാനാണ്. അങ്ങനെയുള്ള ബില്ലിലെ വ്യവസ്ഥകൾ തൊഴിലാളികൾക്ക് വിരുദ്ധമാണെന്ന് വരുത്തിതീർക്കാനുള്ള ഒരു ശ്രമം എന്റെ ചില സ്നേഹിതൻമാർ നടത്തിയത് നിർഭാഗ്യകരമായിപ്പോയി. ഈ ബില്ലിലെ 5-ാം ക്ലാസ്സിലെ രണ്ടാം ഉപവകുപ്പ് (സി) യിൽ പറയുന്നത് ഞാൻ വായിക്കാം. "പ്രസ്തുത 18 എ എ എന്ന വകുപ്പുപ്രകാരം, അങ്ങനെയുള്ള സംരംഭത്തിന്റെ നടത്തിപ്പ് കേന്ദ്ര സർക്കാർ ഏറ്റെടുത്തതിനുശേഷമുള്ള ഏതെങ്കിലും കാലയളവിലേക്ക് ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റയിൽ സംരംഭത്തിലെ ജീവനക്കാരുടെ വേതനവും ശമ്പളവും മറ്റാനുകൂല്യങ്ങളും സംബന്ധിച്ചത്" ഭവിക്കുന്ന ഏതെങ്കിലും ബാദ്ധ്യത, നിശ്ചിത ദിവസത്തിലും അന്നുമുതൽക്കും സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യത ആയിരിക്കുന്നതും അങ്ങനെയുള്ള വായ്പകളോ അഥവാ തുകകളോ തിരിച്ചുകൊടുക്കേണ്ടതായിത്തീരുമ്പോഴോ അഥവാ അങ്ങനെയുള്ള വേതനമോ ശമ്പളമോ മറ്റാനുകൂല്യങ്ങളോ കൊടുക്കേണ്ടതായിതീരുമ്പോഴോ പ്രസ്തുത സർക്കാരിനും അതിന്റെ പേരിലും സംസ്ഥാന ടെക്സ്റ്റയിൽ കോർപ്പറേഷൻ കൊടുത്തുതീർക്കേണ്ടതുമാകുന്നു". ഒരു തൊഴിലാളിക്ക് ടെക്സ്റ്റയിൽ കോർപ്പറേഷൻ ഏറ്റെടുക്കുമ്പോഴും ഉണ്ടാകുന്ന ബാദ്ധ്യത മുഴുവനും സംസ്ഥാനഗവൺമെന്റ് ഏറ്റെടുക്കുന്നു. സംസ്ഥാനഗവൺമെന്റിനുവേണ്ടി ടെക്സ്റ്റയിൽ കോർപ്പറേഷൻ കൊടുക്കണം എല്ലാ തൊഴിലാളികളുടേയും ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് പരിരക്ഷ കൊടുക്കുന്നതിനെയാണോ ബഹുമാനപ്പെട്ട അംഗങ്ങൾ ദുർവ്യാഖ്യാനം ചെയ്യുന്നതെന്ന് ചോദിക്കേണ്ടിവന്നതിൽ ഖേദമുണ്ട്. ഇതിലെ വകുപ്പുകളെപോലും രാഷ്ട്രീയമായി ദുർവ്യാഖ്യാനം നടത്തിയതുകൊണ്ട് പറയാതിരിക്കാൻ നിർവ്വാഹമില്ല.

13-ാം വകുപ്പ് ബഹുമാനപ്പെട്ട തങ്കപ്പൻ വേണ്ടെന്നു വയ്ക്കണമെന്നാണോ പറയുന്നത്?

13-ാം വകുപ്പ് 1-ാംഉപവകുപ്പ് എന്നു പറയുന്നതെന്താണ്
1 P.M.] സർ? അവിടെയാണ് ജോലി സ്ഥിരതകൊടുക്കുന്നത് ഒരു തൊഴിലാളിക്ക് ഇത് ഏറ്റെടുത്തുകഴിഞ്ഞാൽ ജോലിസ്ഥിരതകൊടുക്കുന്ന വകുപ്പാണ് 13-ാം വകുപ്പ്. എന്താണ് പറയുന്നത്? "കോർപ്പറേഷനിൽ കൈമാറ്റംചെയ്യുകയും നിക്ഷിപ്തമാക്കുകയും ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ അയാൾക്ക് ആനുവദനീയമാകുമായിരുന്ന പെൻഷനും, ഗ്രാറ്റുവിറ്റിയും മറ്റ്കാര്യങ്ങളും സംബന്ധിച്ച അതേ അവകാശങ്ങളോടും പ്രത്യേകാവകാശങ്ങളോടുംകൂടി സംസ്ഥാനടെക്സ്റ്റയിൽ കോർപ്പറേഷനിലെ അയാളുടെ ജോലി യഥാവിധി അവസാനിപ്പിക്കുന്നതുവരെയോ അഥവാ അയാളുടെ വേതനവും നിയമനവ്യവസ്ഥകളും നിബന്ധനകളും സംസ്ഥാനടെക്സ്റ്റയിൽ കോർപ്പറേഷൻ മാറ്റംവരുത്തുന്നതുവരെയോ അപ്രകാരം തുടരുന്നതുമാണ്."

[ശ്രീ. വി. ജെ. തങ്കപ്പൻ: 13 (1)—ൽ അങ്ങനെ പറഞ്ഞകാര്യം ശരിയാണ്. ഇങ്ങനെ "സംസ്ഥാനടെക്സ്റ്റയിൽ കോർപ്പറേഷനിൽ മാറ്റം വരുത്തുന്നതുവരെയോ" എന്നുപറഞ്ഞാൽ മാറ്റംവരുത്തുവാൻ അവകാശമുണ്ടെന്നല്ലേ?

[ശ്രീ. ഇ. അഹമ്മദ്: അവകാശം വേണ്ടേ? ഇപ്പോഴുമില്ലേ? ഇന്ന് നിലവിലുള്ള ഒരു തൊഴിലാളിയെ യഥാവിധി പിരിച്ചുവിടാൻ ഇന്നത്തെ മാനേജുമെന്റിന് അധികാരമില്ലേ? എന്താണ് സർ അതിൽ തെറ്റ്? ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കട്ടെ, ഇത് എറെടുക്കുന്നത് പഴയ മാനേജുമെന്റിനെ നിന്നാണ്. സ്കീം മനസ്സിലാക്കണം. നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ബിൽ ഇതേപോലെ 1974-ൽ ഇന്ദ്രജിത് പാർലമെന്റിൽ വന്നു. അതിന്റെ അതേവകുപ്പുകളാണിത്. പാർലമെന്റിലെ പ്രതിപക്ഷനേതാക്കന്മാരായ ഭൂപേഷ് കുമാർ ചൗധരിയായാലും എസ്. എൻ. ബാനർജിയായാലും അവരെല്ലാം ഈ വകുപ്പുകളെ ഉൾപ്പെടുത്തുന്നതിൽ ഗവൺമെന്റിനെ അനുകൂലിക്കുകയാണ് ചെയ്തത്. ഞാൻ പറഞ്ഞത് ഇതേ തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കുകയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: പരിഷ്കരിക്കുന്ന സന്ദർഭത്തിൽ തൊഴിലാളികൾക്ക് ഇതിനുമുമ്പുള്ള എക്സ്ഗ്രേഷ്യപ്രകാരമോ നിയമപ്രകാരമോ ലഭിച്ചുകൊണ്ടിരുന്ന ഒരു വേതനവും കുറച്ചുചെയ്തുകൂടായെന്നുള്ള വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണോ പരിഷ്കരിക്കുക?

ശ്രീ. ഇ. അഹമ്മദ്: അതിന്റെ ബാദ്ധ്യത ഗവൺമെന്റ് ഏറെടുത്തിരിക്കുകയാണ്.

അതുപോലെതന്നെ രണ്ടാമത്തെ ഉപവകുപ്പിൽ പറയുന്നത് ''ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റയിൽ സംരംഭം ടെക്സ്റ്റയിൽ കോർപ്പറേഷനിൽ നിക്ഷിപ്തമായിട്ടില്ലായിരുന്നുവെങ്കിൽ അയാൾക്ക് ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റയിൽ സംരംഭത്തിൽ കീഴിൽ അനുവദനീയമാകുമായിരുന്ന പെൻഷനും ഗ്രാറ്റുവിറ്റിയും, മറ്റുകാര്യങ്ങളും സംബന്ധിച്ചുള്ള അതേ അവകാശങ്ങളോടും പ്രത്യേകാവശങ്ങളോടും കൂടിയുള്ള അതേ ഉദ്യോഗകാലാവധിയിലും അതേ വേതനത്തിലും അതേ വ്യവസ്ഥകളിലും നിബന്ധനകളിലും ഉദ്യോഗം വഹിക്കുകയോ സേവനം അനുഷ്ഠിക്കുകയോ ചെയ്യുകയും സംസ്ഥാന ടെക്സ്റ്റയിൽ കോർപ്പറേഷനിലുള്ള അയാളുടെ ജോലി യഥാവിധി അവസാനിപ്പിക്കുന്നതുവരെയോ ....." എന്നിങ്ങനെയാണ്. എന്നുവച്ചാൽ അയാളെ ഒരുപക്ഷേ retrenchment അതല്ലയെങ്കിൽ Superannuation മൂലം ജോലി യഥാവിധി അവസാനിപ്പിക്കുന്നതുവരെ കണ്ടാനം അവസാനിപ്പിക്കില്ല, അതുവരെയുള്ള മുഴുവനും കൊടുക്കാനുള്ള ഗ്യാരന്റിയാണ് കൊടുക്കുന്നത്. അത് റായിക്കുന്നതിനുപകരം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മൂന്നാം ഉപവകുപ്പാണ്. ഏതാണ് സർ മൂന്നാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളത്? ടെക്സ്റ്റയിൽ കോർപ്പറേഷനെ ഇന്ന് ലിക്വിഡേറ്റ് ചെയ്യുമ്പോൾ ഒരു തൊഴിലാളി അങ്ങനെ മാറുന്നതുകൊണ്ട് വല്ല വ്യവസ്ഥാപിതാവകാശവും ആധശ്യപ്പെടുകയാണെങ്കിൽ അതു നൽകുമെന്നല്ലാ പറയുന്നുള്ളൂതാണ്. തൊഴിൽസ്ഥാപനം ഗവൺമെന്റ് ഏറെടുത്തതുമുതൽ അവരാരെങ്കിലും മുമ്പുണ്ടായിരുന്ന ഏല്ലാബാദ്ധ്യതകളും ഗവൺമെന്റ് ഏറെടുക്കും. അയാളുടെ പെൻഷനും പ്രോവിഡന്റ്ഫണ്ടും സാലറിയും സംബന്ധിച്ച ബാദ്ധ്യതകളും ഗവൺമെന്റ് ഏറെടുക്കുന്നു. ഭാവിയിൽ അദ്ദേഹത്തിനു ജോലി സ്ഥിരതയും നൽകുന്നു. പക്ഷേ ഒരുകാര്യം • തൊഴിലാളി അങ്ങനെ മാറുന്നതു കൊണ്ട് തനിക്കു കോമ്പൻസേഷൻ വേണമെന്ന് പറഞ്ഞ് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം പോകരുത്. കാരണം എന്താണ് സർ? ഏറെടുക്കേണ്ടത് ആരുടെയടുത്തുനിന്നാണ്? സ്വകാര്യമുതലാളിമാരുടെയടുത്തുനിന്നാണ്. വണ്ടുണ്ടായിരുന്ന ഒരാനുകൂല്യം സംസ്ഥാന ഗവൺമെന്റിന്റെ കൈയിൽവന്നതുകൊണ്ട് നഷ്ടമായി എന്നു പറഞ്ഞു പുതുതായിട്ടു കോടതിയിൽനിന്ന് Such Compensation and Such transfer ആവശ്യപ്പെട്ടാൽ അത് കോടതിയിൽ അംഗീകരിക്കപ്പെടാൻ പാടില്ല

LIBRARY ARCHIVES Kerala Legislative Assembly

യെന്നുള്ളത് ഇന്ത്യൻ പാർലമെന്റിൽ 1974-ൽ എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളുംകൂടി ചർച്ച ചെയ്ത് തീരുമാനിച്ചതാണ്. ആ ഒരു വകുപ്പ് ഇതിൽ ചേർത്തപ്പോഴാണ് ഹേ, കരുണാകരാ, ഐ. എൻ. ടി. യു സി. എവിടെപ്പോയി? എസ്. ടി. യു. എവിടെപ്പോയി എന്നായി. ബഹുമാനപ്പെട്ട മെമ്പർമാർ ഇതൊക്കെ വ്യക്തമായി പഠിച്ചിരുന്നുവെങ്കിൽ ഇതൊന്നും പറയുമായിരുന്നില്ല. ഇതിൽ എന്താണ് തൊഴിലാളികൾക്ക് ദോഷമായിട്ടുള്ളത്? തൊഴിലാളികൾക്ക് ജോലിസ്ഥിരത കൊടുക്കുക, അവരുടെ പെൻഷനും പ്രൊവിഡന്റ്ഫണ്ടും സാലറിയും പഴയകാലത്തുള്ളതു കൊടുക്കുക എന്നുള്ളതിനൊക്കെ പുറമേയാണ് ഏറ്റവും സാധാരണമായ നിലയിൽ, ഏതെങ്കിലും തൊഴിലാളിക്ക് ഇത്തരം ഏതെങ്കിലും അവകാശം ബാക്കിയുണ്ടെങ്കിൽ അത് നഷ്ടപരിഹാരത്തുകയിൽ ഒന്നാമത്തെ ക്ലെയിമായി അവന് കൊടുത്തിരിക്കുന്നത്. തൊഴിലാളികൾക്ക് വളരെയധികം പരിരക്ഷ കൊടുക്കുകയും തൊഴിലാളികളുടെ മുഴുവൻ താല്പര്യവും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു ബില്ലിനെ സംബന്ധിച്ച് നടന്ന ചർച്ചയിൽ അത് തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നില്ലായെന്നും, പിന്തിരിപ്പനാണെന്നും തൊഴിലാളികളുടെ താല്പര്യത്തെ ചവിട്ടിമെതിക്കുന്നുവെന്നും പറയാനുള്ള ആ ഒരു മനഃസ്ഥിതി കാണിച്ചത് വളരെ മിതമായ ഭാഷയിൽ പറഞ്ഞാൽ നിർഭാഗ്യമാണ്. അതു ബഹുമാനപ്പെട്ട തങ്കപ്പൻ വായിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. ഇത് ഗവൺമെന്റിന്റെ ഒരു പുതിയ സ്ഥാപനമാണ്. ഇതിനെ നിലനിർത്തേണ്ടതും പരിപോഷിപ്പിക്കേണ്ടതും നമ്മുടെ ആവശ്യമാണ്. പുരോഗമനപരമായ ഒരു നിയമമാണിത്. ഇതിന്റെ ചർച്ചയിൽ പല കാര്യങ്ങളും പല ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞു. പലരും കോടതിയെപ്പറ്റി ഇവിടെപ്പറഞ്ഞു. എനിക്ക് അതിൽ പറയുവാനുള്ളത് നാമോരോരുത്തരും കോടതിയുടെ instrument of justice എന്നാണ്. നാമെല്ലാം ആ ഒരു സ്ഥാപനത്തിന്റെ മാന്യത കാത്തുസൂക്ഷിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

എന്റെ സുഹൃത്ത് ശ്രീമാൻ കൃഷ്ണകുമാറിനെ ചില സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് ഇവിടെ പരാമർശിച്ചു. അതിന്റെയൊന്നും ആവശ്യമില്ലായിരുന്നു. വാസ്തവത്തിൽ ഒരു കേന്ദ്രമന്ത്രിയെത്തന്നെ നമുക്ക് കിട്ടണമെന്നായിരുന്നു ഞങ്ങളുടെയൊക്കെ ആഗ്രഹം. ഇപ്പോഴും ആഗ്രഹമുണ്ട്. നമ്മുടെ എം. പി. മാരിൽ ഒരാളെകൂടി കേന്ദ്രമന്ത്രിസഭയിലെ അംഗമായതിൽ അദ്ദേഹത്തെ അനുമോദിക്കുന്നതിനുപകരം ഈ നിലപാട് സ്വീകരിച്ചത് ശരിയായില്ലയെന്നാണ് എന്റെ അഭിപ്രായം. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1985-ലെ കേരള മോർബിഡിറ്റിവേസ്ഥയിലുള്ള ടെക്സ്റ്റിൽ സംരംഭങ്ങളും (സംരംഭങ്ങളും വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും ബിൽ) പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുതിരിച്ചുള്ള പരിഗണന.

രണ്ടും മൂന്നും നാലും വകുപ്പുകൾ

രണ്ടും മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2, 3, 4 വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. "5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിനുശേഷം താഴെ കാണുന്നത് 2-ാം ഉപവകുപ്പായി ചേർക്കുകയും ഇപ്പോൾ നിലവിലുള്ള (2)-ഉം (3)-ഉം ഉപവകുപ്പുകൾ 3-ഉം (4)-ഉം ഉപവകുപ്പുകളായി യഥാക്രമം ക്രമീകരിക്കുകയും ചെയ്യുക:

"(2). (1)-ം ഉപവകുപ്പിൽ എന്തുതന്നെ പറഞ്ഞിരുന്നാലും സ്ഥാപനത്തിന്റെ മാനേജുമെന്റ് ഏറ്റെടുക്കുന്നതിനുമുൻപുള്ള കാലത്ത് സ്ഥാപനത്തിലെ തൊഴിലാളികൾക്ക് വേതനത്തിന്റെയും ബോണസിന്റെയും ഗ്രാറ്റുവിറ്റിയുടെയും ഇതുപോലുള്ള മറ്റു നിയമാനുസൃത ആനുകൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ ലഭിക്കാനുള്ള അവകാശങ്ങൾ സ്ഥാപനത്തിൻമേലുള്ള ഒന്നാം ചാർജ്ജായി കണക്കാക്കേണ്ടതും ഈ സ്ഥാപനത്തിന്റെ ഉടമയ്ക്ക് നഷ്ടപരിഹാരമായി കിട്ടേണ്ട തുകയിൽനിന്ന് നൽകേണ്ടതുമാകുന്നു".

5-ാമത്തെ വകുപ്പിനകത്ത് പറയുന്നത് 'നിശ്ചിതദിവസത്തിനു തൊട്ടുമുമ്പുള്ള ഏതെങ്കിലും കാലയളവിൽ ദുർബലാവസ്ഥയിലുള്ള ഒരു ടെക്സ്റ്റയിൽ സ്ഥാപനത്തിന്റെ ഉടമസ്ഥന്റെ, (2-)ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ബാദ്ധ്യതകളല്ലാതെയുള്ള ഏതൊരു ബാദ്ധ്യതയും അപ്രകാരമുള്ള ഉടമസ്ഥന്റെ ബാദ്ധ്യതകളായിരിക്കുന്നതും അയാൾക്കെതിരായി നടപ്പാക്കേണ്ടതും എന്നാൽ സംസ്ഥാന സർക്കാരിനോ, അഥവാ സംസ്ഥാന ടെക്സ്റ്റയിൽ കോർപ്പറേഷനോ എതിരായി നടപ്പാക്കാൻ പാടില്ലാത്തതുമാകുന്നു' എന്നാണ്. എന്നുപറഞ്ഞാൽ ഒരു സിക്ക് ടെക്സ്റ്റയിൽ യൂണിറ്റ് ഏറ്റെടുക്കുമ്പോൾ, ഉടമസ്ഥന്റെ ബാദ്ധ്യതകളെല്ലാം സീൽ ചെയ്തിട്ട് ഏറ്റെടുക്കണം. തൊഴിലാളികൾക്ക് അവകാശപ്പെട്ട ബാദ്ധ്യതകളെല്ലാം അതുപോലെത്തന്നെ സീൽ ചെയ്യപ്പെട്ടു കിടക്കുകയാണ്. തൊഴിലാളികൾക്ക് കൂലി ബാക്കി കിട്ടാനുണ്ടെങ്കിൽ, ബോണസ് കിട്ടാനുണ്ടെങ്കിൽ, മറ്റെന്തെങ്കിലുമുണ്ടെങ്കിൽ, തൊഴിൽ തർക്കം കോടതിയിൽ പോയിട്ടുണ്ടെങ്കിൽ അത് വിധിയായിവരുന്ന മുറയ്ക്കുതന്നെ അയാളുടെ അവകാശം സ്ഥാപിച്ചുകിട്ടേണ്ടതാണ്. തുടർന്നും മുതലാളി നടത്തിയിരുന്നുവെങ്കിൽ തീർച്ചയായും തൊഴിലാളിക്ക് അത് വസൂലാക്കാമായിരുന്നു. പിന്നീട് ഗവൺമെന്റാണ് എടുക്കുന്നത്. ഗവൺമെന്റ് എടുക്കുമ്പോൾ ആ ബാദ്ധ്യത ഗവൺമെന്റിനോട് കൊടുക്കാൻ പറയുന്നത് ശരിയല്ലയെന്ന് മന്ത്രി പറയുന്നു. അതിനോട് യോജിക്കുന്നു. അതിൽ തർക്കമൊന്നുമില്ല. പക്ഷേ ആ ബാദ്ധ്യത മുതലാളിയാണ് എടുക്കേണ്ടതെന്നുള്ളത് അംഗീകരിച്ചുകൊണ്ടുതന്നെ അക്കാലത്തുള്ള ബാദ്ധ്യത നിയമപ്രകാരം നിശ്ചയിക്കുന്നതുപ്രകാരമുള്ള തുക മുതലാളിമാർക്ക് നഷ്ടപരിഹാരമായി കൊടുക്കേണ്ട തുകയിൽ ആദ്യത്തെ ചാർജ്ജായി എന്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചുകൂടാ? അവർക്ക് നൽകാനുള്ള കോമ്പൻസേഷനിൽ അഡ്ജസ്റ്റ് ചെയ്തിട്ട് ബാക്കി സംഖ്യ മാത്രമേ മറ്റ് ബാദ്ധ്യതകൾക്ക് അഡ്ജസ്റ്റ് ചെയ്യാവൂയെന്നാണ് പറയുന്നത്. ഇതിനെ ഗവൺമെന്റ് എതിർക്കേണ്ട കാര്യമില്ല. തൊഴിലാളിയെ രക്ഷിക്കാനുള്ള ഒരു നിയമമാണിതെന്നുണ്ടെങ്കിൽ മന്ത്രി ഇത് സ്വീകരിക്കണം. സ്വീകരിക്കുവാൻ ഒരു തടസവും ഉണ്ടാകില്ല.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതുതന്നെയാണ് ക്ലാസ് 23-ലും അതുപോലെ തന്നെ ക്ലാസ് 19-ലും ഉള്ളത്. കാരണം ക്ലാസ് 23-ൽ ഡിസ്ബേഴ്സ്മെൻറ് എമൗണ്ട് പറഞ്ഞിരിക്കുന്നതിന് ഇന്ന ഷെഡ്യൂൾ ആണെന്ന് പറഞ്ഞിട്ടുണ്ട്. അതായത് രണ്ടാമത്തെ ഷെഡ്യൂളാണ്. രണ്ടാമത്തെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നത് 19-ാമത്തെ സെക്ഷനനുസരിച്ച് ഡിസ്ബേഴ്സ് ചെയ്യണമെന്നാണ്. രണ്ടാമത്തെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നത് എന്താണ്? ഈ കോമ്പൻസേഷൻ എമൗണ്ട് ഡിസ്ബേഴ്സ് ചെയ്യുന്നതിനുമുൻപ് കമ്മീഷണറുടെ മുൻപിൽ ഏതെങ്കിലും തൊഴിലാളി അവന്റെ Arrears in relation to provident fund, salaries and wages, and other amounts, due to an employee for the pre-take over management period സംബന്ധിച്ച അവകാശവാദം ഉന്നയിച്ചിട്ടുണ്ടെങ്കിൽ അത് കൊടുക്കണം. ഗവൺമെന്റ് ഏറെടുത്തതിനുശേഷം എല്ലാ ഉത്തരവാദിത്വങ്ങളും ഗവൺമെന്റിനാണ്. അതേക്കുറിച്ച് അഭിപ്രായവ്യത്യാസമില്ല. ഏറെടുക്കുന്നതിനു മുൻപ് തൊഴിലാളികൾക്ക് ഈ പറഞ്ഞവകയിൽ സാലറി, ബോണസ്, പ്രൊവിഡൻറ് ഫണ്ട്, ഇതെല്ലാം കിട്ടണമെങ്കിൽ കമ്മീഷണറുടെ അടുത്ത് പോകണം. ഷെഡ്യൂൾ രണ്ടുപ്രകാരം കൊടുക്കണമെന്ന് 19-ാം വകുപ്പിൽ പ്രത്യേകിച്ച് പറഞ്ഞിരിക്കുന്നത് ആദ്യം കൊടുക്കണമെന്നാണ് 23-ാം വകുപ്പിൽ പറയുന്നത്. അത് കൊടുക്കുമ്പോൾ Category I will have precedence over all other categories and Category II.....

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: 5-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിനുശേഷം താഴെ കാണുന്നത് (2)-ാം ഉപവകുപ്പായി ചേർക്കുകയും ഇപ്പോൾ നിലവിലുള്ള (2)-ഉം (3)-ഉം ഉപവകുപ്പുകൾ (3)-ഉം (4)-ഉം ഉപവകുപ്പുകളായി യഥാക്രമം ക്രമീകരിക്കുകയും ചെയ്യുക: "(2), (1)-ാം ഉപവകുപ്പിൽ എന്തുതന്നെ പറഞ്ഞിരുന്നാലും സ്ഥാപനത്തിന്റെ മാനേജ്മെന്റ് ഏറെടുക്കുന്നതിനു മുൻപുള്ള കാലത്ത് സ്ഥാപനത്തിലെ തൊഴിലാളികൾക്ക് വേതനത്തിന്റെയും ബോണസിന്റെയും പ്രാറുവിറിയുടേയും ഇതുപോലുള്ള മറ്റു നിയമാനുസൃത ആനുകൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ ലഭിക്കാനുള്ള അവകാശങ്ങൾ സ്ഥാപനത്തിൻമേലുള്ള ഒന്നാം ചാർജ്ജായി കണക്കാക്കേണ്ടതും അത് സ്ഥാപനത്തിന്റെ ഉടമയ്ക്ക് നഷ്ടപരിഹാരമായി കിട്ടേണ്ട തുകയിൽനിന്ന് നൽകേണ്ടതുമാകുന്നു" എന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചിരിക്കുന്നത്.

മൂന്നാമത്തെ ഉപവകുപ്പിൽ സംശയങ്ങൾ ദൂരീകരിക്കാനാണ് എന്നു പറഞ്ഞാണ് എ, ബി, സി ഉപവകുപ്പുകൾ ചേർത്തിട്ടുള്ളത്. ഇവിടെ 5-ാം വകുപ്പിൽ ഒന്നാം ഉപവകുപ്പിനുശേഷം സംശയം ദൂരീകരിക്കാനാണ് എന്ന് വ്യക്തമാക്കുന്നതുകൊണ്ട് ഈ ഗവൺമെന്റിന് എന്താണ് ബുദ്ധിമുട്ട്. അതിനെത്തുടർന്നുണ്ടാകുന്ന പ്രയാസങ്ങൾ ഒഴിവാക്കാൻ ഇതുകൊണ്ട് സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: ഈ സംശയം ദൂരീകരിക്കാൻ ആദ്യം വകുപ്പ് 23-ലും വച്ചിട്ടുണ്ട്. അപ്പോഴും ഇവിടേയും വയ്ക്കുകയാണെങ്കിൽ this is quite overlapping അദ്ദേഹം പറയുന്നത് first charge ആയിരിക്കണമെന്നാണ് ഈ നിയമത്തിലും പറയുന്നത് ഫസ്റ്റ് ചാർജ്ജ് എന്നാണ്, കാരണം അതിനുമാത്രമാണ് പ്രാധാന്യം കൊടുക്കുന്നത്. അതുകഴിഞ്ഞുമാത്രമേ മറ്റുള്ളത് വരുന്നുള്ളൂ.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

6, 7 വകുപ്പുകൾ

6-ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

6, 7 വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുശേഷം താഴെക്കാണുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

''എന്നാൽ ഈ ആക്ട് നടപ്പിൽവന്ന് രണ്ട് വർഷത്തിനകം, സംസ്ഥാന സർക്കാർ ഓരോ ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റയിൽ സ്ഥാപനത്തിന്റെയും ഉടമയ്ക്ക് ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള തുക നൽകിയിട്ടുണ്ടെങ്കിലും, ഇല്ലെങ്കിലും പ്രസ്തുത ദുർബലാവസ്ഥയിലുള്ള ഏതൊരു സംരംഭത്തിന്റെയും ഭൂമിയും, കെട്ടിടങ്ങളും, ഉപകരണങ്ങളും, യന്ത്രങ്ങളും, സാമഗ്രികളും ഉൾപ്പെടെ എല്ലാ സ്ഥാവരജംഗമ വസ്തുക്കളും ഒരു ഡിസ്ട്രിക്ട് ജഡ്ജിയുടെയെങ്കിലും മുന്നംഗങ്ങളിൽ കുടാത്ത ഒരു കമ്മീഷനെക്കൊണ്ട് 1984 ഒക്ടോബർ 5-ാം തീയതിയിലെ മൂല്യം നിർണ്ണയിപ്പിക്കേണ്ടതും അപ്രകാരം നിർണ്ണയിക്കുന്ന വില 1-ാം പട്ടികയിൽ പറഞ്ഞിരിക്കുന്ന തുകയേക്കാൾ കുറവായി വരുന്നപക്ഷം പ്രസ്തുത തുകമാത്രം കൊടുക്കേണ്ടതും, ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള തുക കൊടുത്തുകഴിഞ്ഞിട്ടുള്ള സംഗതിയിൽ അപ്രകാരം നൽകിയ അധിക തുകയും 12 ശതമാനം പലിശയും ചേർത്ത് ഉടമയിൽനിന്നും ഈടാക്കേണ്ടതുമാണ്''.

ദുർബലാവസ്ഥയിൽ ഉള്ള ടെക്സ്റ്റയിൽ സംരംഭങ്ങൾ ഏറ്റെടുക്കുമ്പോൾ അതിന്റെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥയാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്നുള്ളതിനെ സംബന്ധിച്ച് പറഞ്ഞാൽ ഇവിടെ പറഞ്ഞിരിക്കുന്ന ഒന്നാം പട്ടികയിൽ നാലാം കോളത്തിൽ പറഞ്ഞിരിക്കുന്ന ഭാഗം അനുസരിച്ച് കൊടുക്കണമെന്നാണ്. പക്ഷേ അത് എങ്ങനെ നിശ്ചയിക്കണമെന്നുള്ളതിനെക്കുറിച്ച് പറഞ്ഞിട്ടില്ല. അതുകൊണ്ട് നിശ്ചയിക്കുന്നതിനുള്ള അപാകതകൾ ഉണ്ടായിട്ടുണ്ട് എങ്കിൽ അത് നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിന് വലിയ നഷ്ടമുണ്ടാക്കും. അതിനെ സംബന്ധിച്ച് ഒരു ക്ലിപ്ത നിബന്ധന അതോടൊപ്പം ചേർക്കണം. ഇതാണ് ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് സ്വീകരിച്ചാൽ ഉള്ള വിഷമം ഒരു ജഡ്ജിയെക്കൊണ്ട് വീണ്ടും അതിന്റെ കോമ്പൻസേഷൻ കാണ്ടം ഫിക്സ് ചെയ്യിക്കേണ്ടിവരും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കുറവാണെന്നാണ്. അത് കൊടുത്താൽമതി ബാക്കി തിരിച്ചുപിടിക്കണമെന്നാണ്. ഒന്നാമത് ഇതുവരെ അത് കൊടുത്തുകഴിഞ്ഞിട്ടില്ല. ഒരു കോമ്പൻസേഷനും കൊടുത്തുകഴിഞ്ഞിട്ടില്ല. ഒരു ജഡ്ജിയെ നിയമിച്ചാൽ അധികമാണെന്നുകണ്ടാൽ അത് അങ്ങോട്ടുകൊടുക്കണം. നാഷണൽ ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ കാര്യത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ കൊണ്ടുവന്നിരിക്കുന്ന അതേ നോംസാണ്. ഇതിലും സ്വീകരിച്ചിരിക്കുന്നത്. 1974-ലെ ആ നിയമത്തിൽ പറഞ്ഞിരിക്കുന്ന അതേ നോംസ് വച്ചിരിക്കുകയാണ്. ഫൈനാൻസ് ഡിപ്പാർട്ടുമെന്റും നാഷണൽ ടെക്സ്റ്റൈയിൽസ് കോർപ്പറേഷനുമായി ഡിസ്കസ് ചെയ്തതിനുശേഷം 1974-ന് ശേഷമുള്ള ബുക്ക് വാല്യൂവിൽ (depreciation കഴിഞ്ഞ വാല്യൂ) അതുപോലെത്തന്നെ ഭൂമിയെ സംബന്ധിച്ചിടത്തോളം ഒറിജിനൽ വാല്യൂ, മൂന്ന് മില്ലിനുംകൂടി 4.10 കോടി രൂപയാണ് തീരുമാനിച്ചിരിക്കുന്നത്. അതിൽ 2.58 കോടി രൂപ ഗവൺമെന്റ് ചെലവഴിച്ചതും 1.52 കോടി രൂപ മറ്റു ചെലവുകൾക്ക് ഉപയോഗിച്ചതും തട്ടിക്കിഴിച്ച് കഴിഞ്ഞ് ബാക്കിയുള്ളതുകയാണ്. അത് ഏകദേശം 88 ലക്ഷം രൂപ വരും. അതും കൊടുത്തിട്ടില്ല. കൊടുക്കാനിരിക്കുന്നതേയുള്ളു. തൊഴിലാളികൾക്ക് കൊടുക്കാനുള്ളത് കൊടുത്തതിനുശേഷമേ കൊടുക്കാൻ പോകുന്നുള്ളു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

9 മുതൽ 12 വരെയുള്ള വകുപ്പുകൾ

9 മുതൽ 12 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

9 മുതൽ 12 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. വി. ജെ. തങ്കപ്പൻ: 13-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് നീക്കം ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

5-ാം വകുപ്പ് ഉപവകുപ്പ് (2) (സി) അനുസരിച്ച് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ ഏറ്റെടുത്തതിനുശേഷം വരുന്ന എല്ലാ ബാദ്ധ്യതകളും ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. അത് പൂർണ്ണമായി അംഗീകരിക്കുന്നു. ഒരു കൈകൊണ്ട് കൊടുക്കുന്നത് മറ്റൊരു കൈകൊണ്ട് തിരിച്ചെടുക്കുന്നതാണ് 13 (1) (2) വകുപ്പിന്റെ അവസാനത്തെ ഭാഗം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അങ്ങനെ ഒരു ക്ലാസ് വേണ്ടെന്ന്. സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് ഏകപക്ഷീയമായി ടെക്സ്റ്റൈയിൽസ് കോർപ്പറേഷന് മാറ്റം വരുത്താൻ അവകാശമുണ്ടെന്നാണ് പറയുന്നത്. അങ്ങനെയുള്ള അവകാശത്തെ സംരക്ഷിക്കുന്നതിനാണ് 13 (3) ഒരു കോടതിയിലും

LIBRARY ARCHIVES Kerala Legislative Assembly

അത് ചോദ്യം ചെയ്യാൻ പാടില്ലെന്നും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമല്ലെന്നും വ്യാഖ്യാനിച്ചിരിക്കുന്നത്. ഇത് തൊഴിലാളി വിരുദ്ധമാണ്. അവരുടെ അവകാശത്തെ നിഷേധിക്കുന്നതാണ് അതുകൊണ്ട് അത് മാറണം.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബാദ്ധ്യത വേറെ കോമ്പൻസേഷൻ വേറെ. ബാദ്ധ്യത ഏറെടുക്കാൻ, വല്ല കോമ്പൻസേഷനും കൊടുക്കാമെന്ന് ചെയ്തിട്ടുണ്ടെങ്കിൽ അത് പാടില്ലെന്നേ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ട് ബാദ്ധ്യതയുടെ പ്രശ്നമില്ല. ഇങ്ങനെ വല്ലതും ഉണ്ടാവുകയാണെങ്കിൽ കോർപ്പറേഷനു ബാദ്ധ്യതയുണ്ടാകുമെന്നേയുള്ളൂ.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

14 മുതൽ 17 വരെയുള്ള വകുപ്പുകൾ

14 മുതൽ 17 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

14 മുതൽ 17 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

ശ്രീ. വി. ജെ. തങ്കപ്പൻ: 18-ാം വകുപ്പിൽ ഒന്നാം ഖണ്ഡികയിൽ ''നിർദ്ദിഷ്ട തീയതിമുതൽ മുപ്പത് ദിവസത്തിനകം'' എന്നതിനു പകരം ''നിർദ്ദിഷ്ട തീയതിമുതൽ തൊണ്ണൂറ് ദിവസത്തിനകം'' എന്ന് ചേർക്കുക.

ക്ലിപ്ത നിബന്ധനയിൽ ''കാലാവധിയായ മുപ്പതു ദിവസത്തിനകം'' എന്നതിനുപകരം ''കാലാവധിയായ തൊണ്ണൂറ് ദിവസത്തിനകം'' എന്നു ചേർക്കുക. എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: ഞാൻ അത് അംഗീകരിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരം വകുപ്പ് 18 ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

19 മുതൽ 35 വരെയുള്ള വകുപ്പുകൾ

19 മുതൽ 35 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

19 മുതൽ 35 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

ഒന്ന്, രണ്ട് പട്ടികകൾ

ഒന്നും രണ്ടും പട്ടികകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്ന്, രണ്ട് പട്ടികകൾ ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ഈ ബിൽ അവസാനമായി പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ നിയമം നടപ്പാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒന്നുരണ്ടു കാര്യങ്ങൾ മാത്രമേ ഞാൻ സൂചിപ്പിക്കുന്നുള്ളു. കേരളാ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ നടത്തിപ്പിനെ സംബന്ധിച്ച് ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ടെക്സ്റ്റയിൽ വ്യവസായം വളരെ സാങ്കേതിക പ്രധാനമായ വ്യവസായമാണ്. അതിനുകഴിവുള്ള, മാനേജീരിയൽ കേഡറിലുള്ള ആളുകളെ കിട്ടാൻ ബുദ്ധിമുട്ടാണ്. അതുപോലെത്തന്നെ ഇതിന്റെ സ്പെയർ പാർട്സുകളും മറ്റും വാങ്ങുന്ന കാര്യം, പഞ്ഞി വാങ്ങുന്ന കാര്യം, സെയിൽസ്, ഇതിലൊക്കെ ധാരാളം തിരിമറി നടത്താൻ കഴിയുന്ന സ്ഥിതിയുള്ള ഒരു വ്യവസായമാണ് ഇത്. ഈ അടുത്ത കാലത്ത് ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ച ടെക്സ്റ്റയിൽ നയം സ്വകാര്യ മേഖലയ്ക്ക് വമ്പിച്ച ആനുകൂല്യം നൽകുന്ന ഒന്നാണ്. ഇതിന്റെ നിലനിൽപ്പ്, കേരളാ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ നിലനിൽപ്പ്, അതിന്റെ നടത്തിപ്പിനെ ആശ്രയിച്ചിരിക്കുന്നു എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇപ്പോൾ സിക്ക് മില്ലുകളാണ് നമ്മെ വളരെ ബുദ്ധിമുട്ടിക്കുന്നത്. കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നേരത്തെ നടന്ന ചില സ്ഥാപനങ്ങളുണ്ട്. പുത്തനായിട്ടുള്ള ചില സ്ഥാപനങ്ങളുണ്ട്. സർ, മെഷിനറി വാങ്ങുന്ന കാര്യത്തിൽ, അത് സ്ഥാപിക്കുന്ന കാര്യത്തിൽ, ഉപാധക്ടീവിറ്റിയും ഉപാധക്ഷനും ഒക്കെ നിലനിർത്തുന്ന കാര്യത്തിൽ, ഇതിന്റെ ഭാരം മുന്നോട്ടു കൊണ്ടുപോകുന്ന കാര്യത്തിൽ, ഒക്കെ വളരെവളരെ പോരായ്മകളുണ്ട്. ആ സ്ഥാപനത്തിന് എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അത് വളരെവേഗം നികത്തിയില്ലെങ്കിൽ വീണ്ടും നമ്മെ ഏറെടുത്ത മില്ലുകളെ സംബന്ധിച്ചും ഇനി സ്ഥാപിക്കുന്ന മില്ലിനെ സംബന്ധിച്ചും നേരത്തെ നടത്തിക്കൊണ്ടിരുന്ന മില്ലിനെ സംബന്ധിച്ചും ഒക്കെ നമ്മെ വേണ്ടവഴിക്ക് ആലോചിക്കേണ്ടിവരും എന്ന മുന്നറിയിപ്പ് ഞാൻ നൽകുന്നു. ഈ ബിൽ പാസാക്കാവുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: എനിക്ക് മുഖ്യമായി പറയാനുള്ളത് പീഡിത വ്യവസായം ഏറെടുക്കുന്നതുപോലെ തന്നെ മറെറാരു പ്രധാനപ്പെട്ട കാര്യം ന്യായമായ വിലയ്ക്ക് നൂല് കിട്ടുന്നില്ല എന്നുള്ളതാണ്. ഇന്ന് വളരെ വിലകൂടിയ റേറിലാണ് നൂല് കിട്ടിക്കൊണ്ടിരിക്കുന്നത്. നൂലിന്റെ വില കുറയ്ക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് എടുക്കണം. ഒന്നുകിൽ നമ്മുടെ രാജ്യത്തെ നൂല് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫാക്ടറി തുടങ്ങണം. അതല്ലാതെ കോട്ടൺ വ്യവസായത്തിൽ ആകെ നേരിടുന്ന പ്രതിസന്ധി ഉണ്ട്. ആ പ്രതിസന്ധി ഈ സിക്ക് ഇൻഡസ്ട്രിസിനും ബാധകമാണ്. അതുകൊണ്ട് ഇത് ഏറെടുക്കുന്ന അവസരത്തിൽ പൊതുവിൽ ബാധിക്കുന്ന ഈ പ്രശ്നം കണക്കിലെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട ഉണ്ണി ചൂണ്ടിക്കാണിച്ച പ്രശ്നം ഞാൻ ഈ സഭയിൽ പറഞ്ഞതാണ്. സാങ്കേതികമായി പരിജ്ഞാനം ലഭിച്ചവരെ കിട്ടാൻ നാഷണൽ ടെക്സ്റ്റൈയിൽ കോർപ്പറേഷനുമായി ചർച്ച നടത്തുന്നുണ്ട്. കഴിയുന്നത്ര പരിചയസമ്പന്നരായ ആളുകളെക്കൊണ്ടുവന്ന് ഈ ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ പ്രവർത്തനം പരിപോഷിപ്പിക്കാനും നന്നാക്കിത്തീർക്കാനും ഗവൺമെന്റ് എല്ലാ നടപടികളും എടുത്തുവരുന്നുണ്ട്. അത് ഇനിയും തുടർന്ന് പോകുന്നതുമാണ്. ഈ നിയമസഭ പുരോഗമനപരമായ പല നിയമങ്ങളും പാസാക്കിയിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം, വന ദേശസാൽക്കരണ നിയമം മുതലായവ. ഈ അടുത്ത കാലത്താണ് മൽസ്യത്തൊഴിലാളി ക്ഷേമനിധിബിൽ പാസാക്കിയത്. ഓരോ നിയമനിർമ്മാണത്തിനും രണ്ട് ഭാഗമുണ്ട്. ഒന്ന് അതിന്റെ ജീവൻ. അതിന്റെ ഉദ്ദേശം, തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുക എന്നുള്ളതാണ്. മറേറത് അതിന്റെ ബോഡി. ഈ നിയമം ഏറ്റവും നല്ല നിയമമാണ്. അങ്ങേയ്ക്കുപോലും അങ്ങയുടെ സ്പീക്കർ രേണുകാലത്തെപ്പറ്റി പലതും ഓർക്കുമ്പോൾ ഈ പുരോഗമനപരമായ നിയമവും ഇവിടെ പാസാക്കാൻ സാധിച്ചു എന്നതിൽ അഭിമാനം കൊള്ളാം എന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഇത് പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

1985-ലെ കേരള ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈയിൽ സംരംഭങ്ങൾ (സംരംഭങ്ങൾ വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ പാസാക്കണം എന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

വകുപ്പ് തിരിച്ചുള്ള പരിഗണന

2, 3 വകുപ്പുകൾ

2, 3 വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly